www.malankaralibrary.com

# പുനരൈക്യ പുരോഗാമി



ഫാ. ഗീവർഗീസ്
മാമ്പഴക്കാട്ടിൽ ഒ.ഐ.സി.
1897-1991

ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

www.malankaralibrary.com

# പുനരൈക്യ പുരോഗാമി

## റവ.ഫാ.ഗീവർഗ്ഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി.

ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി

BP No. 200

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം 686 010
2023

www.malankaralibrary.com

**PUNARAIKYA PUROGAMI**
(Malayalam)

| | | |
|---|---|---|
| Edited by | : | Fr James Mammootil OIC |
| Ist Edition | : | September 20, 2023 |
| Published & Distributed by | : | Bethany Publications<br>Kottayam - 6860 10<br>Phone: 0481 - 2578494<br>Website: www.bethanyashram.net<br>E-mail: bethanyashramgeneralate@gmail.com |
| Printed at | : | Bethany Press, Kottayam |
| Price | : | Rs. 100/- |

www.malankaralibrary.com

# ഉള്ളടക്കം


- അനുഗ്രഹാശംസ - കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ 5
- മുഖമൊഴി - പെരിയ ബഹു. മത്തായി കടവിൽ ഒ.ഐ.സി 6
- ആശംസ - പെരിയ ബഹു.മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി. 17
- കൃതജ്ഞതയുടെ കൂപ്പുകൈ - ഫാ. ജെയിംസ് മാമ്മൂട്ടിൽ 18
- റവ. ഫാ. ഗീവർഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി. തീക്ഷ്ണവാനായ മിഷനറി 19
  - ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി
- ഫാ. ഗീവർഗീസ് മാമ്പഴക്കാട്ടിലും തിരുവല്ലാ കത്തീഡ്രലും 39
  - ഫാ. ചെറിയാൻ താഴമൺ
- വന്ദ്യ ഗീവർഗീസ് ഒ.ഐ.സി. അച്ചൻ കാലത്തിനുമുമ്പേ ഓടിയിരുന്ന കർമ്മയോഗി 62
  - ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.
- ബഥനി ആശ്രമത്തിലെ ബോധിവൃക്ഷത്തണൽ 68
  - ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.
- ഓർമകളിൽ നിറഞ്ഞു നില്ക്കുന്ന വന്ദ്യ ഗീവർഗീസ് മാമ്പഴക്കാട്ടിലച്ചൻ 74
  - ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.
- ഫാ. ഗീവർഗ്ഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി. 79
  - ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.,
  - ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി.
- Rev. Fr. Givergis O.I.C., The forerunner of Re-Union Movement 82
  - M. J. George
- ഫാ. ഗീവർഗീസ് എന്റെ ആത്മീയ പിതാവ് 85
  - ഷെവലിയാർ ജോർജ് വർഗ്ഗീസ്, കണ്ണന്താനം
- സംസ്മരണം - ഫാ. ബോസ്കോ കുറ്റിയിൽ ഒ.ഐ.സി. 86
- ആവേശത്തിന്റെ ആൾരൂപം, ആശ്രമത്തിലെ വലിയ ഗീവർഗീസച്ചൻ 88
  - ഫാ. ബർണാർഡ് കുന്നിപ്പറമ്പിൽ ഒ.ഐ.സി.
- ഭൂതദയയുടെ പര്യായമായ ബഹു.ഗീവറുഗീസച്ചൻ 90
  - ഫാ.ജോൺ വിയാനി കൊറ്റിനാട്ട് ഒ.ഐ.സി.
- മൗനത്തിന്റെ മാതൃകയായ മുനിവര്യൻ 92
  - ഫാ. ഗബ്രിയേൽ പൊസേന്തി താന്നിക്കാക്കുഴി ഒ.ഐ.സി.
- ആത്മീയ പിതാവും കുമ്പസാരക്കാരനുമായ ബഹു.ഗീവർഗീസ് മാമ്പഴക്കാട്ടച്ചൻ 93
  - ഫാ. മൈക്കിൾ വരിക്കോലിത്തറയിൽ ഒ.ഐ.സി.
- ഭക്തിയുടെ പാതയിൽ നയിച്ച ബഹു.ഗീവർഗീസച്ചൻ 94
  - റാണി കുര്യാക്കോസ് ടീച്ചർ തങ്ങളത്തിൽ
- എന്റെ പുനരൈക്യം - ഫാ. ഗീവർഗീസ് ഒ.ഐ.സി. 95
- ബഹു.ഗീവർഗീസ് അച്ചന്റെ സഹോദരിയായ മദർ തൈബൂസ് എസ്.ഐ.സി. 99
  - സി. ഹെലന എസ്.ഐ.സി.

www.malankaralibrary.com

# ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.
## (ജീവിതരേഖ)

പത്തനംതിട്ട വെട്ടിപ്രത്ത് മാമ്മൂട്ടിൽ ശ്രീ മാമ്മൻ തോമസിന്റെയും ശ്രീമതി ഏലിയാമ്മയുടെയും മകനായി ഫാ.ജെയിംസ് മാമ്മൂട്ടിൽ ഭൂജാതനായി (18-9-1952). കോഴഞ്ചേരി അയിരൂരും കറ്റാണത്തുമായി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1967-ൽ തിരുവല്ലാ ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചു. നാലാഞ്ചിറയിൽ നോവിഷ്യേറ്റ് (1968-1969) പൂർത്തിയാക്കി. മാർ ഈവാനിയോസ് കോളേജിലും പൂനാസെമിനാരിയിലുമായി വൈദികപഠനം പൂർത്തിയാക്കി. 1978 മെയ് 1-ന് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. സമൂഹത്തിലെ ആദ്യകാലപരിശീലനത്തിന്റെ ചുമതല ഏറ്റെടുത്തു. ഈ കാലത്ത് വടവാതൂർ-കളത്തിപ്പടി ഇടവകയുടെ വികാരിയായി ശുശ്രൂഷ ചെയ്തു. 1981-1982 ബോംബെയിലെ വികാരിയും പൂനായിലെ പഠനഗൃഹത്തിന്റെ പ്രൊക്യുറേറ്ററുമായി ചുമതലയേറ്റു. 1982-ൽ ആലുവാ അശോകപുരം ആശ്രമത്തിന്റെ സുപ്പീര്യറായി പ്രവർത്തിച്ചു. ഇക്കാലത്ത് പെരുമ്പാവൂർ ഇടവകയുടെ വികാരിയായിരുന്നു. 1983-'86 തിരുവല്ലാ ദയറായുടെ സുപ്പീര്യറായും ചുമതലയേറ്റു. പാണ്ടനാട്, തിരുവൻവണ്ടൂർ ഇടവകകളുടെ വികാരിയായും ബഥനി കോൺവെന്റിന്റെ ചാപ്ലെയിനായും തിരുവല്ലാ രൂപതയുടെ പ്രിസ്ബിറ്റർ കൗൺസിൽ അംഗമായും പ്രവർത്തിച്ചു. 1986-'87 ആലുവാ ആശ്രമത്തിൽ സ്പിരിചൽ ഫാദറും പ്രൊഫസറും പ്രൊക്യുറേറ്ററുമായി പ്രവർത്തിച്ചു. 1987-1992 പാരിസിൽ സാക്രമെന്റൽ തിയോളജി & എക്യുമെനിസത്തിൽ ഉപരിപഠനം നടത്തി മൂന്നുമാസം വീതം മൂന്നുപ്രാവശ്യം അമേരിക്കയിൽ അവധിക്കാല ശുശ്രൂഷ നിർവ്വഹിച്ചു, വിവിധ രാജ്യങ്ങൾ സന്ദർശിച്ചു. ജർമ്മനി, ഇംഗ്ലണ്ട്, ഇറ്റലി, സ്വിറ്റ്സർലണ്ട് - ജറുസലേം, ബൽജിയം, റോം തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കയുണ്ടായി. 1992-1995 ബോംബെ വികാരിയായി പ്രവർത്തിച്ചു. ന്യൂബോംബെയിലും നാസിക്കിലും ഇടവക പ്രവർത്തനം ആരംഭിച്ചു. മലങ്കര സെമിനാരിയിലും പൂനാ BVP-യിലും എക്യുമെനിസം പ്രൊഫസറായി ശുശ്രൂഷ ചെയ്തു. 1995-2001 നാലാഞ്ചിറ ദയറാ സുപ്പീര്യറായും നാലാഞ്ചിറ ഇടവകയുടെ വികാരിയായും നേതൃത്വം നല്കി. 2000-ൽ ഹൈദരാബാദിന്റെ വികാരിയായി. 2001-ൽ കൊൽക്കത്താ ഇടവകയുടെ വികാരിയായി ചുമതലയേറ്റു. 2003-2006 പ്രൊവിൻഷ്യൽ കൗൺസിലറായും നെടുമങ്ങാട്ട് ജില്ലാവികാരിയായും നേതൃത്വം നൽകി. 2006-2008 പൂനാ പഠനഗൃഹത്തിന്റെ വൈസ് റെക്ടറും പ്രൊഫസറും സ്പിരിചൽ ഡയറക്ടറും കുറേക്കാലം പ്രൊക്യുറേറ്ററുമായി ശുശ്രൂഷ ചെയ്തു. 2008-2011 ലുധിയാന, ജലന്ദർ ഇടവകയുടെ വികാരിയായി പ്രവർത്തിച്ചു. 2011-2013 കാഞ്ഞിരംകുളം തുടങ്ങി മൂന്നുപള്ളികളുടെ വികാരിയായി നേതൃത്വം നല്കി. 2013-2015 ഭിലായി വികാരിയായും സുപ്പീര്യറുമായി നേതൃത്വം കൊടുത്തു. 2015-ൽ ജനറൽ കൗൺസിലറായും ജീവാരാമിന്റെ സുപ്പീര്യറും ഡയറക്ടറുമായി നേതൃത്വം കൊടുത്തു. 2018-2021 വരെ ആലുവാ അശോകപുരം ആശ്രമത്തിന്റെ സ്പിരിചൽ ഫാദറും പ്രൊഫസറുമായും പ്രവർത്തിച്ചു. പലപ്പോഴായി മൂന്നുപ്രാവശ്യം ഓസ്ട്രേലിയാ സന്ദർശിച്ചിട്ടുണ്ട്. 2021-ൽ നാലാഞ്ചിറയിലേക്ക് നിയമിക്കപ്പെട്ടു. 2022 മെയ് മുതൽ കുളപ്പട ധ്യാനാശ്രമം സുപ്പീര്യറായി സേവനം ചെയ്യുന്നു. 1989-ൽ കേംബ്രിഡ്ജിൽ നടന്ന ലോക സുറിയാനി സമ്മേളനത്തിൽ ലഘുപ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. ക്രൈസ്തവ കാഹളത്തിലും ഐക്യദീപത്തിലും ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഭാസമീക്ഷ എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 1980-ൽ ബഥനി പ്രസിദ്ധീകരണങ്ങൾ പുനഃപ്രസിദ്ധീകരിക്കാൻ നേതൃത്വം നൽകി. കൺവെൻഷനിലും ധ്യാനയോഗങ്ങളിലും പ്രസംഗകനായി നേതൃത്വം കൊടുത്തിട്ടുണ്ട്.

www.malankaralibrary.com

THE SYRO-MALANKARA CATHOLIC
MAJOR ARCHIEPISCOPAL CHURCH

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com



04-9-2023

## അനുഗ്രഹാശംസ

മലങ്കര പുനരൈക്യമഹാസംഭവത്തിന് ഒരു വർഷം മുമ്പ് (1929) പരിശുദ്ധ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട ബഥനി ആശ്രമാംഗമായ ബഹു. ഗീവർഗീസ് മാമ്പഴക്കാട്ടിലച്ചന്റെ ജീവചരിത്രം 'പുനരൈക്യ പുരോഗാമി' എന്ന പേരിൽ തയ്യാറാക്കിയ ബഹു. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി അച്ചനെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

പതിനാറു വർഷക്കാലം തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ വികാരിയായും (1933-1948) പ്രോക്കുറേറ്ററായും മാർ തെയോഫിലോസ് പിതാവിന്റെ അടുത്ത സഹായിയായും ബഹുമാനപ്പെട്ട ഗീവർഗീസ് അച്ചൻ ഉത്സാഹപൂർവ്വം പ്രവർത്തിച്ചു. വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ സെറാമ്പൂരിലെത്തി ഫാ. പി. റ്റി. ഗീവർഗീസിനെ (ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്) അനുഗമിക്കുകയും പെരുനാട്ടിൽ ആശ്രമം സ്ഥാപിച്ചപ്പോൾ അതിൽ അംഗമാവുകയും ചെയ്ത എം. സി ജോർജ് (ഫാ. ഗീവർഗീസ്), 1929 ൽ ചെത്തിപ്പുഴ കർമ്മലീത്ത ആശ്രമത്തിൽ ചേർന്ന് പുനരൈക്യപ്പെട്ടു. 1930-ൽ മാർ ഇവാനിയോസ് പിതാവ് പുനരൈക്യപ്പെട്ടപ്പോൾ തിരുവല്ലായിൽ എത്തി ബഥനിയിൽ പുനപ്രവേശനം പ്രാപിക്കുകയും തിരുവല്ല രൂപതയിൽ ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു. വിവിധ സഭാശുശ്രൂഷകൾക്ക് അദ്ദേഹം തീക്ഷ്ണതമായ നേതൃത്വം നൽകി. തിരുവല്ലായിൽ പുഷ്പഗിരി സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം വാങ്ങുന്നതിനും അതിന് പുഷ്പഗിരി എന്ന പേരിടുന്നതിനും ബഹുമാനപ്പെട്ട ഗീവർഗീസ് അച്ചന്റെ, വിശുദ്ധ കൊച്ചുത്രേസ്യ പുണ്യവതിയോടുള്ള അടുപ്പം ഹേതുവായി. ചെങ്ങന്നൂർ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗമായ അദ്ദേഹം, പുലിയൂർ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയുടെ ആരംഭത്തിനു നൽകിയ സേവനങ്ങൾ സ്തുത്യർഹമാണ്. പിന്നീട് തിരുവനന്തപുരത്തെത്തി പുലയനാർകോട്ടയിൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സഭയെയും സാധുക്കളെയും സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്ന ബഹുമാനപ്പെട്ട മാമ്പഴക്കാട്ടിലച്ചൻ എവർക്കും മാതൃകയായിരുന്നു. സഭാശുശ്രൂഷകളിൽ ആത്മാർത്ഥമായും തീക്ഷ്ണതയോടെയും പ്രവർത്തിക്കുന്ന ബഹു. ജെയിംസ് മാമ്മൂട്ടിലച്ചൻ ചരിത്രബോധത്തോടെ സഭയെ സ്നേഹിക്കുന്നു എന്നതിന് ഉദാഹരണമാണ് ഈ ഗ്രന്ഥം. ഗ്രന്ഥകാരന് ഭാവുകങ്ങൾ നേരുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു.

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
പ്രസിഡന്റ്, കേരള കത്തോലിക്കാ മെത്രാൻ സമിതി.

www.malankaralibrary.com

# മുഖമൊഴി



. . . . . . . . . . . . . . . .

*ബഥനി സന്ന്യാസ സമൂഹത്തിന്റെ സുപ്പീര്യർ ജനറലാണ്. ഗ്രന്ഥകാരനും വിവിധ സെമിനാരികളിൽ പ്രൊഫസറും ദൈവശാസ്ത്രജ്ഞനുമാണ്.*

. . . . . . . . . . . . . . . .

**പെരിയ ബഹു. മത്തായി കടവിൽ ഒ.ഐ.സി**

ബഥനിയുടെ ചരിത്രവഴിയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ വ്യക്തികളിൽ ഒരാളാണ് ഗീവർഗീസ് മാമ്പഴക്കാട്ടിലച്ചൻ. ബഥനിയുടെയും മലങ്കര സഭയുടെയും പ്രാരംഭവളർച്ചയിൽ ഏറെ സംഭാവനകൾ നല്കിയിട്ടുള്ള ഗീവർഗീസച്ചനെ കുറിച്ചുള്ള അനുസ്മരണ ബഥനിയെ ക്കുറിച്ചും മലങ്കര സുറിയാനി കത്തോലിക്കാ സഭയെക്കുറിച്ചും കൂടുതൽ അറിയുന്നതിനുള്ള അവസരമാണ്.

**ആശ്രമവഴികളിലേക്ക്**

1897 മെയ് 14-ാം തീയതി ചെങ്ങന്നൂരിൽ പൂവത്തൂർ മാമ്പഴക്കാട്ടിൽ ചാക്കോയുടെയും അന്നമ്മയുടെയും മകനായി ജനിച്ച ഗീവർഗീസ് ബാല്യകാലംമുതൽ സഭാശുശ്രൂഷകളിൽ സജീവമായിരുന്നു. ഇടവകയിലെ ആത്മീയ ശുശ്രൂഷകളിൽ സജീവ നേതൃത്വം വഹിച്ചിരുന്ന ഗീവർഗീസ് മലങ്കര സഭയിലെ പ്രധാന സംഭവങ്ങൾ കൃത്യമായി നിരീക്ഷിച്ചിരുന്നു. ഈ അവസരത്തിലാണ് മലങ്കര സഭയിലെ യുവതീയുവാക്കളെ ആവേശഭരിതരാക്കിക്കൊണ്ട് പ്രവർത്തിച്ച എം.എ.അച്ചനെക്കുറിച്ച് മനസ്സിലാക്കുന്നത്. അച്ചന്റെ ആകർഷണവലയത്തിൽപ്പെട്ട എം.സി.ഗീവർഗീസ് തന്റെ ഇരുപതാം വയസ്സിൽ (1917-ൽ) സെറാമ്പൂരിലേക്ക് യാത്ര തിരിച്ചു. അദ്ദേഹത്തിന്റെ സഹോദരി എം.സി.അന്നമ്മ ബഥനി മഠത്തിലേക്കുള്ള മൂന്നാം ബാച്ചിലെ അംഗമായി 1918-ൽ ബാരിസോളിലേക്കും യാത്ര തിരിച്ചു. ഇതിനകം ആശ്രമം സ്ഥാപിക്കാൻ തീരുമാനിച്ച പി.റ്റി.ഗീവർഗീസ് അച്ചൻ തന്നോടൊപ്പമുള്ളവരെ കൂട്ടി 'ശൈശവാശ്രമം' ആരംഭിച്ചിരുന്നു. മാമ്പഴക്കാട്ട് ഗീവർഗീസ് ഈ ആശ്രമ കൂട്ടായ്മയിലേക്കാണ് കടന്നുചെന്നത്.

www.malankaralibrary.com

സെറാമ്പൂരിൽ ആരംഭിച്ച 'ശൈശവാശ്രമ'ത്തിൽ എം.സി. ഗീവർഗീസ് പൂർണ്ണമായും ഇഴുകിചേർന്നു. നിഷ്കർഷമായ ജീവിതമാണ് ശൈശവ ആശ്രമത്തിൽ അനുഷ്ഠിച്ചിരുന്നത്. താമസിയാതെ, യാക്കോബ് കളപ്പുരയ്ക്കൽ ശെമ്മാശൻ (മാർ തെയോഫിലോസ്) രോഗിയായി. അതോടെ അതിനിഷ്കർഷമായ താപസജീവിതശൈലിക്ക് അയവ് വരുത്തിയെങ്കിലും ഉപവാസം, പ്രായശ്ചിത്തങ്ങൾ, ജാഗരണം എന്നിവയിൽ കുറവ് വരുത്തിയില്ല (മദർ സൾഗായുടെ ഓർമ്മക്കുറിപ്പുകൾ, 21).

നിഷ്കർഷമായ തപോജീവിതം സ്ഥാപകപിതാവായ മാർ ഈവാനിയോസ് പിതാവിനെ 1919-ൽ രോഗിയാക്കി. രോഗിയായി തീർന്ന പിതാവിന്റെ ശുശ്രൂഷ എം.സി.ഗീവർഗീസാണ് പ്രധാനമായും നിർവ്വഹിച്ചത്. പത്തുദിവസത്തോളം കോളേജിൽപോലും പോകാതെ അദ്ദേഹം പിതാവിനെ ശുശ്രൂഷിച്ചുവെന്ന് മദർ സൾഗാ സാക്ഷ്യപ്പെടുത്തുന്നു (ഓർമ്മക്കുറിപ്പുകൾ 21-22). സെറാമ്പൂരിൽ ആരംഭിച്ച ആശ്രമ കൂട്ടായ്മയിലുള്ള എം.സി.ഗീവർഗീസിന്റെ ആഴമായ ബന്ധത്തെ ഇത് സൂചിപ്പിക്കുന്നു.

രോഗത്തെ തുടർന്നുള്ള നാളുകളിലാണ് സെറാമ്പൂരിൽ ആരംഭിച്ച ആശ്രമത്തെ പെരുന്നാട്ടിലെ മുണ്ടൻമലയിലേക്ക് മാറ്റി സ്ഥാപിക്കുന്നത്. സെറാമ്പൂർ ഗണത്തിൽനിന്നും പി.റ്റി.ഗീവർഗീസച്ചനും അലക്സിയോസച്ചനും കളപ്പുരയ്ക്കൽ യാക്കോബ് ശെമ്മാശനും കുറ്റിയിൽ കോശി ശെമ്മാശനും പെരുന്നാട്ടിൽ ആരംഭിച്ച ആശ്രമത്തിലെ പ്രഥമാംഗങ്ങളായി എത്തി. ഇവരെ കൂടാതെ സെറാമ്പൂരിലുണ്ടായിരുന്ന മറ്റ് വിദ്യാർത്ഥികളുടെ ഗണത്തിൽനിന്നും പെരുന്നാട്ടിലേക്ക് പോകുവാൻ സന്നദ്ധനായ ഏകവ്യക്തി എം.സി.ഗീവർഗീസ് ആയിരുന്നു. സെറാമ്പൂർ കോളേജിലെ പഠനവും പരീക്ഷകളും പൂർത്തിയാകാൻ കാലതാമസം നേരിട്ടതിനാൽ 1920 മെയ് 26-ാം തീയതിയാണ് അദ്ദേഹം പെരുന്നാട്ടിൽ വന്ന് ആശ്രമ പ്രവേശനം നേടിയത് (ബഥനി ആശ്രമത്തിന്റെ നാൾവഴികളിലൂടെ (2018) 43). അതിനാൽ, സെറാമ്പൂരിൽ തുടങ്ങിയ ആശ്രമസ്ഥാപനത്തെക്കുറിച്ചുള്ള ചർച്ചകളിലും ജീവിതത്തിലും പങ്കാളിയായിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ എം.സി.ഗീവർഗീസിന് പ്രഥമ ബാച്ചിന്റെ ഭാഗമാകാൻ കഴിഞ്ഞില്ല.

www.malankaralibrary.com

1923-ൽ യാക്കോബ് കളപ്പുരയ്ക്കൽ ശെമ്മാശനും അദ്ദേഹത്തിന്റെ ചുമതലയിലുണ്ടായിരുന്ന നവസന്ന്യാസികളും സൗകര്യാർത്ഥം തിരുമൂലയിലേക്ക് മാറിയപ്പോൾ പുതിയതായി ആശ്രമപദം സ്വീകരിക്കുന്നവരുടെ പരിശീലകനായി (നാഥൻ) സാധു എം.സി.ഗീവർഗീസിനെയാണ് ഈവാനിയോസ് പിതാവ് നിയോഗിച്ചത്. ഇക്കാലംമുതൽ ബഥനിയുടെ സന്ന്യാസ ദർശനം പുതുതലമുറയ്ക്ക് കൈമാറുന്നതിനുള്ള ഗൗരവമായ ഉത്തരവാദിത്വം അദ്ദേഹത്തിൽ നിക്ഷിപ്തമായി.

പെരുന്നാട്ടിലെ പ്രാരംഭ പരിശീലനങ്ങൾക്കുശേഷം അർത്ഥി നാഥനായി ആശ്രമാർത്ഥികൾക്ക് പരിശീലനം നല്കിവരുന്ന അവസരത്തിലാണ് യാക്കോബ് കളപ്പുരയ്ക്കൽ അച്ചൻ മഹത്വ്രതമെടുത്ത് റമ്പാനായത് (12-12-27). ഇതിനെ തുടർന്നാണ് ബഥനിയിലെ ആദ്യപട്ടങ്ങൾ നടക്കുന്നത്. അടുത്ത ദിവസം 13-ാം തീയതി അബ്രഹാം ശെമ്മാശനും ബർസ്കീപ്പാ ശെമ്മാശനും 14-ാം തീയതി ബർസ്ലീബാ ശെമ്മാശനും, എം.സി. ഗീവർഗീസ് ശെമ്മാശനും മാർ ഈവാനിയോസ് പിതാവിൽ നിന്നും പട്ടം സ്വീകരിച്ചു (നാൾവഴികളിലൂടെ 62). വൈദികപട്ടം സ്വീകരിച്ച ഗീവർഗീസച്ചൻ 1928 മെയ് 25-ാം തീയതി നിത്യവ്രതവാഗ്ദാനം ചെയ്തതോടെ പൂർണ്ണ സന്ന്യാസിയായി.

ബഥനി ആശ്രമസ്ഥർ വൈദികപട്ടം സ്വീകരിച്ചതോടെ ബഥനി പള്ളികളുടെ സ്ഥാപനത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ശ്രദ്ധ തിരിച്ചു. താമസിയാതെ തിരുവല്ലാ ടൗണിൽ ബഥനി പള്ളിയാരംഭിച്ചു (കോടതി ജംഗ്ഷനു സമീപമുള്ള ബഥനി അരമനയും പള്ളിയും). യാക്കോബ് റമ്പാച്ചനെയും നവാഭിഷിക്തനായ ഗീവർഗീസ് മാമ്പഴക്കാട്ടിലച്ചനെയുമാണ് ഈവാനിയോസ് പിതാവ് ഇവിടുത്തേക്ക് ആദ്യമായി നിയമിച്ചത്. താമസിയാതെ തിരുവല്ല ബഥനിപ്പള്ളി മലങ്കരയിലെ ഒരു തീർത്ഥാടന കേന്ദ്രമായി മാറി. മാർത്തമറിയം സമാജം പോലുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നതിൽ റമ്പാച്ചനും ഗീവർഗീസച്ചനും കാണിച്ച ശുഷ്കാന്തി പ്രശംസനീയമാണ്. റമ്പാച്ചന്റെ ഭക്തിസാന്ദ്രമായ ശുശ്രൂഷകളും ഗീവർഗീസച്ചന്റെ ചിട്ടയായ പ്രവർത്തനങ്ങളും തിരുവല്ല ബഥനി പള്ളിയെ മലങ്കര സഭയുടെതന്നെ

www.malankaralibrary.com

ഒരു തീർത്ഥാടന കേന്ദ്രമാക്കി മാറ്റി. തെയോഫിലോസ് തിരുമേനിയും ഗീവർഗീസ് മാമ്പഴക്കാട്ടിലച്ചനും തമ്മിൽ സെറാമ്പൂരിൽ ആരംഭിക്കുകയും പെരുന്നാട്ടിൽ ബലപ്പെടുത്തിയതുമായ ആത്മബന്ധം തിരുവല്ല ബഥനി പള്ളിയിലെ ശുശ്രൂഷാകാലത്ത് കൂടുതൽ ശക്തിപ്പെട്ടു.

**പുനരൈക്യം**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നത് 1930 സെപ്റ്റംബർ 20-ാം തീയതിയാണെങ്കിലും സഭൈക്യത്തെക്കുറിച്ചുള്ള ചിന്തകൾ സെറാമ്പൂർ ജീവിതത്തിന്റെ ആരംഭം മുതൽ കാണാൻ കഴിയും സെറാമ്പൂർ കാലഘട്ടം മുതലുണ്ടായിരുന്ന സഭൈക്യചിന്തകൾക്ക് കാലതാമസം നേരിട്ടതിനാൽ പ്രഥമാംഗങ്ങളിൽ ഒരാളായ ശൂരനാട്ടുകാരൻ കുറ്റിയിൽ കോശി ശെമ്മാശൻ 1922-ൽ കർമ്മലീത്താ സന്ന്യാസസമൂഹാംഗമായി കത്തോലിക്കാ സഭയിൽ ചേർന്നു. സഭൈക്യത്തെക്കുറിച്ച് സെറാമ്പൂർ കാലഘട്ടം മുതലാരംഭിച്ച ചർച്ചകൾക്ക് കാലതാമസം വരുന്നതിൽ ഗീവർഗീസ് മാമ്പഴക്കാട്ടില ച്ചനും അസ്വസ്ഥനായിരുന്നു. പുനരൈക്യത്തിനുള്ള കാത്തിരിപ്പ് അനന്തമായി നീളുന്നതിൽ അസ്വസ്ഥനായ ഗീവർഗീസച്ചനും കോശി ശെമ്മാശന്റെ പാത പിന്തുടർന്ന് 1929 ആഗസ്റ്റ് 26-ാം തീയതി പുനരൈക്യപ്പെടുന്നതിനായി ബഥനി ആശ്രമം വിട്ടു (നാൾവഴികളിലൂടെ, 67).

പുനരൈക്യത്തിനായി ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായ ജയിംസ് കാളാശ്ശേരി പിതാവിനെ അദ്ദേഹം സമീപിച്ചു. അദ്ദേഹത്തിന്റെ ഇടപെടലിലൂടെ 1929 സെപ്റ്റംബർ 15-ാം തീയതി ചെത്തിപ്പുഴ ആശ്രമ ദേവാലയത്തിൽവച്ച് ഗീവർഗ്ഗീസ് അച്ചൻ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു (CMI mission Doc.51-52).

ഗീവർഗീസ് മാമ്പഴക്കാട്ടിലച്ചന്റെ പുനരൈക്യം മാർ ഈവാനിയോസ് പിതാവ് നടത്തിവന്ന പുനരൈക്യ പരിശ്രമങ്ങളുടെ ഗതിവേഗം വർദ്ധിപ്പിച്ചു. പുനരൈക്യത്തിനും താമസം നേരിടുന്നതിന്റെ അപകടം മനസ്സിലാക്കിയ പിതാവ് തീവ്രപരിശ്രമത്തിന്റെ ഫലമായി റോമിൽ നിന്നുമുള്ള അന്തിമ തീരുമാനത്തിനുപോലും കാത്തു

www.malankaralibrary.com

നില്ക്കാതെ 1930 ആഗസ്റ്റ് 15-ാം തീയതി മുണ്ടൻമല വിട്ട് വെണ്ണിക്കുളത്തു വന്ന് താമസമാക്കി.

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട് കർമ്മലീത്താ സഭാംഗമായി ജീവിച്ച ഗീവർഗീസച്ചൻ അവിടെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെയും മലങ്കര സഭയെയും സമർപ്പിച്ചുകൊണ്ട് പുനരൈക്യത്തിന്റെ വിജയത്തിനായി പ്രാർത്ഥനയിൽ ചിലവഴിച്ചു. ചെത്തിപ്പുഴയിൽ ചെന്നശേഷം ലിസ്യുവിലെ കൊച്ചുത്രേസ്യാ പുണ്യവതിയുടെ മദ്ധ്യസ്ഥതയെക്കുറിച്ച് മനസ്സിലാക്കിയ ഗീവർഗീസച്ചൻ പുണ്യവതിയുടെ മദ്ധ്യസ്ഥതയിൽ മലങ്കര പുനരൈക്യത്തെ സമർപ്പിച്ച് പ്രാർത്ഥനയുമാരംഭിച്ചു. മാത്രവുമല്ല, ഫാ.മാൻസിലോനോസ് TOCD വഴി കൊച്ചുത്രേസ്യായുടെ സഹോദരിയും കർമ്മലീത്താ മഠാംഗവുമായ സി.ആഗ്നസിന് മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പുനരൈക്യാ ലോചനയുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് കത്തുമെഴുതി. താമസിയാതെ മലങ്കരസഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്ന വിവരം അറിയിച്ചുകൊണ്ട് അവർ മറുപടി നല്കി. ഇത് ഒരു പുതിയ ബന്ധത്തിന്റെ ആരംഭമായിരുന്നു. ലിസ്യുവിലെ മദ്ധ്യസ്ഥ പ്രാർത്ഥന മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യാലോചനകൾ ലക്ഷ്യത്തിലെത്താൻ ഏറെ സഹായകമായി.

കർമ്മലീത്താ സഭയിലായിരുന്നപ്പോൾ കൊച്ചുത്രേസ്യ പുണ്യവതിയോടുള്ള ഭക്തിയിൽ അദ്ദേഹം ജ്വലിച്ചു. ഈ ഭക്തി ഗീവർഗീസ് അച്ചനിലൂടെ തെയോഫിലോസ് തിരുമേനിയും സ്വീകരിച്ച് ഏറ്റെടുക്കുകയും, പിന്നീട് തിരുവല്ല രൂപതയുടെ സഹമദ്ധ്യസ്ഥയായി കൊച്ചുത്രേസ്യാ പുണ്യവതിയെ സ്വീകരിക്കുന്നതിന് കാരണമാകു കയും ചെയ്തു. തിരുവല്ലായിൽ അദ്ദേഹം പണി കഴിപ്പിച്ച അരമനയ്ക്ക് ചെറുപുഷ്പഗിരി എന്ന പേര് നല്കി. പുഷ്പഗിരി അരമനയിൽ ആരംഭിച്ച ആശുപത്രി ഇന്ന് പുഷ്പഗിരി മെഡിക്കൽ കോളേജായി പരിലസിക്കുമ്പോൾ ഗീവർഗീസച്ചൻ തുടക്കമിട്ട കൊച്ചുത്രേസ്യാ പുണ്യവതിയുടെ മാദ്ധ്യസ്ഥത്തിന്റെ വിജയമാണ് നാം കാണുന്നത്. തിരുവല്ലായിൽ ഒരു മിണ്ടാമഠം സ്ഥാപിക്കാനുള്ള ആലോചനയും അതിനുവേണ്ടിയുള്ള പരിശ്രമങ്ങളും അദ്ദേഹം നടത്തി. സാങ്കേതിക

www.malankaralibrary.com

കാരണങ്ങളാൽ വിജയപുരം രൂപതയുടെ ഭാഗമായി തിരുവല്ലായിൽ സ്ഥാപിക്കപ്പെട്ട കർമ്മലീത്ത മിണ്ടാമഠം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുവേണ്ടിയും പുനരൈക്യപ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടിയും നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. തെയോഫിലോസ് തിരുമേനിയുടെ യൂറോപ്യൻ സന്ദർശനവേളയിൽ ലിസ്യുവിലെ കർമ്മലീത്താ മഠം സന്ദർശിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഗീവർഗീസച്ചനായിരുന്നുവെന്നത് പ്രത്യേകം സ്മരണീയമാണ്.

**വീണ്ടും ബഥനി ആശ്രമത്തിൽ**

1929-ൽ ബഥനി ആശ്രമത്തിലെ അംഗത്വംവിട്ട് കർമ്മലീത്താ സഭാംഗമായ ഗീവർഗീസച്ചൻ 1930 നവംബർ 20-ന് കർമ്മലീത്താ സഭവിട്ട് തിരുവല്ലായിൽവന്ന് തെയോഫിലോസ് തിരുമേനിയോട് ചേർന്ന് പ്രവർത്തനമാരംഭിച്ചു. പിതാവുമായുള്ള ആത്മബന്ധമാണ് പുനരൈക്യത്തെ തുടർന്ന് തിരിച്ചെത്തിയ ഗീവർഗീസച്ചൻ തിരുവനന്തപുരത്തുള്ള ബഥനിയുടെ മാതൃഭവനത്തി ലേക്ക് പോകാതെ തെയോഫിലോസ് തിരുമേനിയോട് ചേർന്നുനില്ക്കാൻ കാരണമായത്.

ഇക്കാലയളവിൽ പുനരൈക്യപ്പെട്ട ബഥനിയുടെ കാനോനിക സ്ഥിതി പൂർണ്ണമായും നിർണ്ണയിക്കപ്പെട്ടിരുന്നില്ല. യാക്കോബായ പാരമ്പര്യമനുസരിച്ച് ബഥനി ഒരു സ്വതന്ത്ര പ്രസ്ഥാനമായിരുന്നു. ബഥനിക്ക് മെത്രാപ്പോലീത്തായും എപ്പിസ്കോപ്പായും ഇതിന്റെ കീഴിൽ ബഥനിപ്പള്ളികളും (യാക്കോബായ സഭയിലെ സിംഹാസന പള്ളികളും, പൗരസ്ത്യ സുവിശേഷ സംഘത്തിന്റെ കീഴിൽ വരുന്ന ഇടവകകളും ഇതേ രീതിയിലാണ് സ്ഥാപിക്കപ്പെട്ട് നടത്തുന്നത്) ഉണ്ടായിരുന്നു. എന്നാൽ പുനരൈക്യത്തോടെ, കത്തോലിക്കാസഭയുടെ രീതിയനുസരിച്ച് ബഥനിയെ ചിട്ടപ്പെടുത്തേണ്ടി വന്നു. ഈ പശ്ചാത്തലത്തിലാണ് ബഥനിയെ ഒരു രൂപതാ സമൂഹമായി തിരുവനന്തപുരത്ത് സ്ഥാപിക്കുന്നത്. തിരുവല്ലായിൽ ഒരു ശാഖാമന്ദിരം തുടങ്ങാനുള്ള ആലോചനകൾ നടന്നെങ്കിലും പല കാരണങ്ങളാൽ കാലതാമസമുണ്ടായി. ഈ പ്രത്യേക സാഹചര്യത്തിൽ തെയോഫി ലോസ് തിരുമേനിയോടൊപ്പം ചേർന്ന ഗീവർഗീസച്ചൻ കർമ്മലീത്താ വൈദികരുടെ സഹായത്തോടെ ‘ദിവ്യരക്ഷകാശ്രമം’

www.malankaralibrary.com

എന്ന പേരിൽ തിരുവല്ലായിൽ ഒരു പുതിയ സന്ന്യാസ സമൂഹത്തിന് തുടക്കമിട്ടു. പുതിയ സമൂഹവുമായി മുന്നോട്ടു പോകുന്ന അവസരത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ബഥനിയുടെ ഒരു ശാഖാമന്ദിരം തിരുവല്ലായിൽ തുടങ്ങി.

പുതിയ ശാഖാമന്ദിരം വന്നതോടെ ദിവ്യരക്ഷകാശ്രമത്തെ ബഥനി ആശ്രമത്തോട് ലയിപ്പിച്ചു. തിരുവല്ലായിൽ പുതിയതായി ആശ്രമം സ്ഥാപിക്കപ്പെട്ടപ്പോൾ അത് തിരുവല്ലാ രൂപതയുടെ ഭാഗമായിട്ടാണ് പ്രവർത്തിച്ചത്. തിരുവല്ലായിൽ ബഥനി ആശ്രമത്തിന്റെ പ്രവർത്തനമാരംഭിച്ചശേഷം ഗീവർഗീസച്ചൻ 1938-ൽ തിരുവല്ല ബഥനി ആശ്രമത്തിൽ ചേർന്നു. ബഥനി ആശ്രമം വിട്ടശേഷം തിരികെ വന്നതിനാൽ റോമിൽ നിന്നുള്ള അനുമതിയോടെയാണ് അദ്ദേഹത്തെ പുനഃപ്രവേശിപ്പിച്ചത്. മാത്രവുമല്ല കത്തോലിക്കാസഭയുടെ കാനൻനിയമപ്രകാരം അദ്ദേഹം ബഥനിയുടെ സഭാവസ്ത്രം ധരിച്ച് നോവിഷ്യേറ്റ് പരിശീലനവും നടത്തി. നോവിഷ്യേറ്റ് പരിശീലനം പൂർത്തിയാക്കിയ ഗീവർഗീസച്ചൻ 1939-ൽ വീണ്ടും വ്രതവാഗ്ദാനം നടത്തി.

തിരുവല്ലായിൽ ബഥനിയുടെ ശാഖാമന്ദിരം ആരംഭിച്ചതോടെ ഒന്നായിരുന്ന ബഥനി രണ്ടു രൂപതകളിലും സ്വതന്ത്രമായി പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടായി. മാത്രവുമല്ല, തിരുവല്ലായിൽ ആരംഭിച്ച ബഥനി ആശ്രമത്തിന്റെ ആരംഭഘട്ടത്തിൽ കർമ്മലീത്താ സഭാംഗങ്ങളാണ് സാരഥികളായി നിയമിക്കപ്പെട്ടത്. ഗീവർഗീസച്ചൻ വ്രതം ചെയ്ത് തിരുവല്ല ബഥനി ആശ്രമാംഗമായതിനെ തുടർന്ന് 24-8-39-ൽ ദിവ്യരക്ഷകാശ്രമത്തിൽ ചേർന്ന ചാപ്റ്റർ അദ്ദേഹത്തെ സുപ്പീരിയറായി തെരഞ്ഞെടുത്തു. 12-9-39-ൽ തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ ജോസഫ് മാർ സേവേറിയോസ് തിരുമേനി ഈ തെരഞ്ഞെടുപ്പ് അംഗീകരിച്ചുകൊണ്ട് കല്പന പുറപ്പെടുവിച്ചതോടെ തിരുവല്ല ബഥനി ആശ്രമത്തിന്റെ നേതൃത്വം വീണ്ടും ബഥനി ആശ്രമസ്ഥരുടെ കരങ്ങളിലെത്തി. ഗീവർഗീസച്ചൻ ചുമതലയേറ്റതോടെ ഫാ.അംബ്രോസ് TOCD-യും സഹപ്രവർത്തകരുമടങ്ങുന്ന കർമ്മലീത്താ സഭാംഗങ്ങൾ കർമ്മലീത്താ ആശ്രമത്തിലേക്ക് മടങ്ങി (നാൾവഴികളിലൂടെ, 179).

www.malankaralibrary.com

**പുനരൈക്യശുശ്രൂഷ**

ഗീവർഗീസച്ചന്റെ ബഥനിയിൽ നിന്നും കർമ്മലീത്താ സഭയിലേക്കുള്ള യാത്രയും മടക്കവും ബഥനി ആശ്രമത്തിന് ഒരു പുതിയ അനുഭവമായിരുന്നു. ബഥനിയെ നെഞ്ചിലേറ്റിയ ഗീവർഗ്ഗീസച്ചൻ പുനരൈക്യതീക്ഷ്ണതയാൽ ബഥനി വിട്ടെങ്കിലും 1930-ലെ പുനരൈക്യത്തോടെ ബഥനിയിലേക്ക് മടങ്ങി. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ തിരുവല്ലായിൽ തെയോഫിലോസ് തിരുമേനിയോട് ചേർന്നുനിന്ന് പ്രവർത്തിച്ച ഗീവർഗീസച്ചൻ പുനരൈക്യ പരിശ്രമങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും ശക്തമായ നേതൃത്വം നല്കി.

1930 മുതൽ 1947 വരെ തെയോഫിലോസ് പിതാവിന്റെ സെക്രട്ടറിയായും വികാരി ജനറാളും കത്തീഡ്രൽ വികാരിയായും രൂപതാ പ്രൊകൃുറേറ്ററായും ഗീവർഗ്ഗീസച്ചൻ പ്രവർത്തിച്ചു. കർമ്മലീത്താ സഭയിൽ താമസിച്ചു പഠിച്ച കാലഘട്ടത്തിൽ കത്തോലിക്കാ സഭയിൽ നിന്നും ലഭിച്ച നിരവധി ഭക്തകൃത്യങ്ങൾ മലങ്കര സഭയുടെ സംസ്കാരത്തിലേക്ക് പകർന്നു കൊടുക്കാൻ അച്ചനു കഴിഞ്ഞു. കൊന്തനമസ്കാരം, വി.കുരിശിന്റെ വഴി, വി.കുർബാനയുടെ ആരാധനാ-വാഴ്വ്, വി.കുർബാനയുടെ പ്രദക്ഷിണം തുടങ്ങിയവ തിരുവല്ലായിൽ ആരംഭിച്ചത് ഗീവർഗീസച്ചന്റെ നേതൃത്വത്തിലാണ്. ഇത്തരം കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ തന്നെ പാശ്ചാത്യ ഭക്തകൃത്യങ്ങൾക്ക് പൗരസ്ത്യ ഭാവം നല്കുന്നതിന് തെയോഫിലോസ് തിരുമേനിയോട് ചേർന്നു ഗീവർഗീസച്ചൻ പ്രവർത്തിച്ചു. മലങ്കര ആരാധനാഗീതങ്ങൾ താളലയങ്ങളോടെ ക്രമീകരിച്ച് നടത്തക്കവിധം സ്ലീബാപാതയും സുറിയാനി രീതിയിൽ ചിട്ടപ്പെടുത്തിയ വി.കുർബാനയുടെ വാഴ്വും എടുത്തു പറയേണ്ടതാണ്.

1947 മുതൽ ’57 വരെ സ്വന്തം ഇടവകയായ ചെങ്ങന്നൂരും, സമീപ ഇടവകയായ പുലിയൂരും ഗീവർഗീസച്ചൻ നല്കിയ അജപാലന ശുശ്രൂഷയും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഈ രണ്ടിടവകകളും സമീപത്തുള്ള മറ്റ് മിഷനുകളും ആരംഭിച്ചത്. പുനരൈക്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന

www.malankaralibrary.com

തിനും അതുവഴി അനേകരെ വിശ്വാസത്തിലേക്ക് കൊണ്ടുവരുന്നതിനും ഗീവർഗീസച്ചന് കഴിഞ്ഞു. ഇടവകക്കാരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിനും അവരുടെ സാമൂഹിക അവശതകളിൽ പ്രത്യേകിച്ച് കുട്ടികളുടെ വിദ്യാഭ്യാസത്തിനും അച്ചൻ നല്കിയ പ്രാധാന്യം എടുത്തു പറയേണ്ടതാണ്. വി.കുർബാനയുടെ ആരാധന, വി.കുർബാനയുടെ പ്രദക്ഷിണം, രാജത്വതിരുനാൾ തുടങ്ങിയവയുടെ സംഘാടനവും അതുവഴി വിവിധ റീത്തുകളിൽപ്പെട്ടവരെ സംഘടിപ്പിച്ച് കത്തോലിക്കാ വിശ്വാസത്തിന് സാക്ഷ്യം നല്കാനും അദ്ദേഹം ശ്രദ്ധിച്ചു. മദ്യപാനികളും അസന്മാർഗ്ഗിക ജീവിതം നയിക്കുന്നവരുമായ വ്യക്തികളെ പ്രത്യേകം കണ്ടുപിടിച്ച് അവരെ നേർവഴിയിൽ നയിക്കുവാനും അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഗാന്ധിയുടെ ഉറ്റസുഹൃത്തും സെക്രട്ടറിയുമായിരുന്ന ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, ഷെവലിയാർ ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം തുടങ്ങിയവരെ വിശ്വാസത്തിൽ ശക്തിപ്പെടുത്താൻ ഗീവർഗീസച്ചന്റെ ശുശ്രൂഷകൾ കാരണമായി.

മിഷൻ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നല്കിയാണ് ബഥനി ആശ്രമം സ്ഥാപിക്കപ്പെട്ടത്. ഭാരത മാനസാന്തരത്തിനുള്ള മാർഗ്ഗമായി ആശ്രമപ്രസ്ഥാനത്തെ അവതരിപ്പിച്ച സെറാമ്പൂർ ഗണത്തിൽ പെട്ടിരുന്ന ഗീവർഗ്ഗീസച്ചൻ മലങ്കര സഭയുടെ നവീകരണത്തോടൊപ്പം സുവിശേഷ പ്രഘോഷണത്തിനും വലിയ പ്രാധാന്യം നല്കി. അച്ചൻ ശുശ്രൂഷ നിർവ്വഹിച്ച തിരുവല്ല കത്തീഡ്രലിലും ചെങ്ങന്നൂർ, പുലിയൂർ ഇടവകകളിലും ധാരാളം അക്രൈസ്തവരെ വിശ്വാസകൂട്ടായ്മയിലേക്ക് ആനയിക്കാൻ ഗീവർഗീസച്ചന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തീവ്രമായ ഒരു മത പരിവർത്തന പ്രക്രിയയെന്നതിനെക്കാൾ കരുണാർദ്രമായ ഇടപെടലുകളിലൂടെ വളർത്തിയെടുക്കുന്ന മനഃപരിവർത്തനമാണെന്ന് കാണാൻ കഴിയും. ഒരു പ്രദേശത്തെ ഏതെങ്കിലും ജനവിഭാഗത്തെ ഒരുമിച്ച് മാനസാന്തരപ്പെടുത്താനുള്ള ശ്രമങ്ങളെക്കാൾ തന്റെയടുക്കൽ വരുന്നവർക്ക് യേശുവിന്റെ സ്നേഹവും കരുണയും പങ്കുവച്ചുകൊണ്ട് അവരെ യേശുവിനോടു ചേർക്കുന്ന രീതിയാണ് അച്ചൻ അവലംബിച്ചത്.

www.malankaralibrary.com

**പൂനാ പഠനഗൃഹത്തിൽ**

പെരുന്നാട്ടിൽ അർത്ഥിനാഥനായി സന്ന്യാസ പൗരോഹിത്യ ജീവിതമാരംഭിച്ച ഗീവർഗീസച്ചൻ 1957–'60 കാലയളവിൽ പൂനാ സ്കൊളാസ്റ്റിക്കേറ്റിൽ ആത്മീയ പിതാവായും ശുശ്രൂഷ ചെയ്തിരുന്നു. 1960 മുതൽ 1972 വരെ തിരുവനന്തപുരത്ത് താമസിച്ചുകൊണ്ട് പുലയനാർ കോട്ടയിൽ അച്ചൻ നടത്തിയ പ്രവർത്തനങ്ങളും പ്രത്യേകം സ്മരണീയമാണ്.

**ഉപസംഹാരം**

1980–1982 കാലയളവിൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വച്ചാണ് ഞാൻ ഫാ.ഗീവർഗീസച്ചനെ കൂടുതലായി അറിയുന്നത്. നിഷ്കർഷയോടെ സന്ന്യാസം ജീവിക്കുന്ന ഒരു മാതൃകാ സന്ന്യാസിയായി ഞങ്ങൾ അച്ചനെ കണ്ടിരുന്നു. ദിനചര്യ കൃത്യമായി പാലിച്ചിരുന്ന ഗീവർഗീസച്ചന്റെ ഓരോ ദിവസവും രാവിലെ 5.00 മണിക്കുള്ള വി.കുർബാനയോടെ ആരംഭിക്കുമായിരുന്നു. അച്ചന്റെ സഹോദരൻ പാപ്പച്ചായനും ആശ്രമത്തിൽ കാര്യസ്ഥശുശ്രൂഷ ചെയ്തിരുന്ന ആശാനും, ബ്ര.അലോഷ്യസ് മാങ്കാവിൽ ഒ.ഐ.സി.യും കൃത്യമായി അച്ചന്റെ വി.കുർബാനയിൽ പങ്കുചേർന്നിരുന്നു. വി.കുർബാനയെ തുടർന്ന് ചാപ്പലിനോട് ചേർന്നുള്ള തുറന്ന മുറിയിലിരുന്നുകൊണ്ട് സമൂഹം നടത്തിയ യാമനമസ്കാരങ്ങളിൽ അച്ചൻ കൃത്യമായി പങ്കുചേരുമായിരുന്നു. ലഘുമൗനവും ദൃഢമൗനവും അച്ചന്റെ ആംഗ്യങ്ങളിൽ നിന്നും സംഭാഷണശൈലികളിൽ നിന്നും മനസ്സിലാക്കാമായിരുന്നു. സ്വർഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള പത്തുദിവസങ്ങൾ പെരുന്നാട്ടിൽ ചെയ്തിരുന്നതുപോലെ പ്രാർത്ഥനാദിനങ്ങളായി ഗീവർഗീസച്ചൻ ആചരിച്ചിരുന്നു. മുറിയുടെ വാതുക്കൽ 'വാർഷികഭജന' എന്ന് പേപ്പറിൽ എഴുതിവയ്ക്കുന്ന ദിവസങ്ങളിൽ അച്ചൻ പൂർണ്ണമൗനത്തിലേക്ക് പ്രവേശിക്കുമായിരുന്നു. പ്രകൃതി ചികിത്സയുടെ ഉപാസകൻ കൂടിയായിരുന്ന ഗീവർഗീസച്ചൻ ഉപവാസത്തിലും വർജ്ജനകളിലും നിഷ്കർഷ പുലർത്തിയിരുന്നു. ഇക്കാലയളവിൽ സമീപ പ്രദേശങ്ങളിൽനിന്ന് ധാരാളം വൈദികരും സമർപ്പിതരും കുമ്പസാരിക്കുന്നതിനായി അച്ചന്റെയടുക്കൽ വരുമായിരുന്നു. ആശ്രമത്തിന്റെ ഐശ്വര്യമായി ജീവിച്ച ഗീവർഗീസച്ചൻ സന്ന്യാസജീവിതത്തിന്റെ ഉത്തമ വഴികാട്ടിയായിരുന്നു.

www.malankaralibrary.com

ബഥനിയുടെ സ്ഥാപനത്തിലും മലങ്കര കത്തോലിക്കാ പുനരൈക്യ ശുശ്രൂഷകളിലും നിർണ്ണായക സ്വാധീനം ചെലുത്തിയ ഗീവർഗീസച്ചനെക്കുറിച്ച് ജയിംസ് മാമ്മൂട്ടിലച്ചൻ തയ്യാറാക്കിയ ഈ ചെറിയഗ്രന്ഥം മലങ്കര കത്തോലിക്കാസഭയെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും അറിയുന്നതിനും ഏറെ സഹായകമാണ്. 'പുനരൈക്യ പുരോഗാമി' എന്ന പേരിൽ ഗീവർഗീസച്ചന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാൻ ജെയിംസച്ചൻ ഏറ്റെടുത്ത ത്യാഗത്തെ ശ്ലാഘിക്കുന്നതോടൊപ്പം ബഥനി സമൂഹത്തിന്റെ പേരിൽ അച്ചനോടുള്ള നന്ദിയും അറിയിക്കുന്നു. അച്ചനെ സംബന്ധിച്ചും അച്ചന്റെ ആദ്യകാല പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ലേഖനങ്ങളോടൊപ്പം ആശ്രമാംഗങ്ങളും കുടുംബാംഗങ്ങളും സുഹൃത്തുക്കളുടേതുമായ ഓർമ്മക്കുറിപ്പുകൾ, ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്. അച്ചന്റെ പുനരൈക്യത്തെക്കുറിച്ച് അച്ചൻ എഴുതിയ ലേഖനവും അച്ചന്റെ പാത പിന്തുടർന്ന് സന്ന്യാസം വരിച്ച സഹോദരിയെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പും ഇതിന്റെ മാറ്റുകൂട്ടുന്നു.

www.malankaralibrary.com

# ആശംസ



ബഥനി ആശ്രമത്തിലെ വലിയ ഗീവർഗീസച്ചനെക്കുറിച്ച് ബഹു.ജെയിംസ് മാമ്മൂട്ടിലച്ചൻ 'പുനരൈക്യ പുരോഗാമി' എന്ന ശീർഷകത്തിൽ രചിക്കുന്ന ഈ ഗ്രന്ഥത്തിന് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ. ചരിത്രത്തെയും ചരിത്രത്തെ സമ്പന്നമാക്കിയ വ്യക്തിത്വങ്ങളെയും ഏറെ സ്നേഹിക്കുന്ന ജെയിംസച്ചന് താൻ അത്യാദരപൂർവ്വം നോക്കിക്കാണുന്ന ഗീവർഗീസച്ചന്റെ ജീവിതത്തെക്കുറിച്ച് നിശബ്ദനായി കടന്നുപോകാനാവില്ല.

വലിയ ഗീവർഗീസച്ചന്റെ ജീവിതത്തെക്കുറിച്ചും, ആ ജീവിതത്തോടിഴ ചേർന്നു കിടക്കുന്ന മലങ്കര സഭയുടെയും ബഥനി ആശ്രമത്തിന്റെയും ഇന്നലെകളെക്കുറിച്ചും കുറിക്കുവാൻ, നാം വിഭാവന ചെയ്യുന്നതിനപ്പുറമുള്ള പുസ്തകത്താളുകൾ ആവശ്യമായി വരും. 1917-ൽ ഗീവർഗീസച്ചനിൽ അങ്കുരിച്ച പുനരൈക്യചിന്ത ഫലമണിയുവാൻ ദീർഘമായ 12 വർഷങ്ങളുടെ പ്രാർത്ഥനയുടെയും പഠനത്തിന്റെയും കാത്തിരിപ്പിന്റെയും ചരിത്രമുണ്ട്. തനിക്കേറ്റവും പ്രിയപ്പെട്ട മാർ ഈവാനിയോസ് പിതാവിലൂടെ (അന്നത്തെ ഫാ.പി.റ്റി.ഗീവർഗീസ്) സഭാപുനരൈക്യം എന്ന ചരിത്രമുഹൂർത്തത്തിലേക്ക്, ആശ്രമജീവിത ചൈതന്യത്തോടു ചേർന്നുനിന്ന് അനുയാത്ര നടത്തുവാൻ തീരുമാനമെടുത്ത യുവാവായ ഗീവർഗീസച്ചൻ തന്നോടൊപ്പം സത്യസഭയിലേക്ക് കടന്നുവരാൻ ആഗ്രഹിച്ച സമകാലികർക്ക് വഴികാട്ടിയായിരുന്നു.

സഭാനവീകരണത്തിനടിസ്ഥാനമായ സന്ന്യാസ ജീവിത സാന്നിധ്യം താൻ ജനിച്ചു വളർന്ന സഭയിൽ ഉണ്ടാകണമെന്ന അദമ്യമായ ആഗ്രഹത്തിന്റെ പിൻബലം, 1920-ലെ ബഥനി ആശ്രമസ്ഥാപന മുഹൂർത്തത്തിൽതന്നെ ബഥനി ആശ്രമത്തോടും മാർ ഈവാനിയോസ് പിതാവിനോടുമൊപ്പം ജീവിച്ചുകൊണ്ട്, ദൈവത്തിന്റെ വിശ്വസ്ത ഭൃത്യൻ ആകാനുള്ള തീരുമാനത്തിലെത്താൻ അദ്ദേഹത്തിന് സഹായകമായി. ബഥനി ആശ്രമത്തേയും മലങ്കര സഭയേയും സ്നേഹിക്കുന്ന എല്ലാവർക്കും 'പുനരൈക്യ പുരോഗാമി' എന്ന ഈ പുസ്തകം ഒരു വലിയ സമ്മാനമായിരിക്കും. പുനരൈക്യചിന്തകളെ ജീവിത തപസ്യയാക്കിയ, ബഥനിയെയും മലങ്കരസഭയെയും ഹൃദയസ്പന്ദനമാക്കി ജീവിച്ച ബഥനിയുടെ ജ്യേഷ്ഠസഹോദരന്റെ പാവനസ്മരണയ്ക്കു മുമ്പിൽ പ്രണാമം!

പ്രാർത്ഥനാപൂർവ്വം

**പെരിയ ബഹു. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**

പ്രൊവിൻഷ്യൽ സുപ്പീരിയർ

www.malankaralibrary.com

# കൃതജ്ഞതയുടെ കൂപ്പുകൈ

ബ.ഗീവറുഗീസ് ഒ.ഐ.സി.യെപ്പറ്റിയുള്ള ഗ്രന്ഥം 'പുനരൈക്യ പുരോഗാമി'ക്ക് പരിശുദ്ധ ക്ലീമീസ് കാതോലിക്കാ ബാവാ നൽകിയ അനുഗ്രഹാശിസുകൾക്ക് ഹൃദയപൂർവ്വമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. പ്രസ്തുത ഗ്രന്ഥത്തിന് അവതാരിക എഴുതി അനുഗ്രഹിച്ച പെരിയ ബ.ഡോ.മത്തായി കടവിൽ ഒ.ഐ.സി അച്ചനും നന്ദി പ്രകാശിപ്പിക്കുന്നു. ആശംസ എഴുതി അനുഗ്രഹിച്ച പെരിയ ബ. പ്രൊവിൻഷ്യൽ മാത്യു ജേക്കബ് തിരുവാലിലച്ചനും കൃതജ്ഞത രേഖപ്പെടുത്തുന്നു.

ലേഖനങ്ങൾ എഴുതി സഹായിച്ച മോൺസിഞ്ഞോർ ചെറിയാൻ താഴമൺ, ബ.ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി., ബ.ജോസ് മരിയദാസ് ഒ.ഐ.സി., ബ.ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി., ബ.സിൽവെസ്റ്റർ ഒ.ഐ.സി., ബ.ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി., ശ്രീ.എം.ജെ. ജോർജ്ജ്, ആദരണീയനായ ഷെവലിയാർ ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം, ബ. ഫാ. അലക്സ് കളപ്പിലാ പുലിയൂർ ഇടവക ആരംഭം സംബന്ധിച്ച വിവരങ്ങൾ നൽകി സഹായിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു.

സ്വന്തം അനുഭവങ്ങൾ എഴുതി ഈ ഗ്രന്ഥത്തെ സമ്പുഷ്ടമാക്കിയ ബ.ബോസ്ക്കോ കുറ്റിയിൽ ഒ.ഐ.സി., ബ.ബർണാർഡ് കുന്നിപ്പറമ്പിൽ ഒ.ഐ.സി., ബ.ജോൺ വിയാനി കൊറ്റിനാട്ട് ഒ.ഐ.സി., ഫാ.ഗബ്രിയേൽ പൊസ്സേന്തി താന്നിക്കാക്കുഴി ഒ.ഐ.സി., ഫാ. മൈക്കിൾ വരിക്കോലിത്തറയിൽ ഒ.ഐ.സി., ശ്രീമതി റാണി കുര്യാക്കോസ് ടീച്ചർ തങ്ങളത്തിൽ, സി.ഹെലനാ എസ്.ഐ.സി. എന്നിവർക്കും ഹൃദയപൂർവ്വമായ നന്ദി രേഖപ്പെടുത്തുന്നു. ഗ്രന്ഥത്തിന്റെ ഭാഷാശുദ്ധി പരിശോധിച്ച സി. ആത്മ എസ്.ഐ.സി. (തിരുവല്ലാ പ്രോവിൻസ്) എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ബഥനി പ്രസിദ്ധീകരണത്തിന്റെ നേതൃത്വം വഹിക്കുന്ന ബ.ജോബിൻ കുര്യാക്കോസ് അച്ചനും, ബ.ബ്രദർ ഗ്രേഷ്യസിനും, ഷാനിക്കും മറ്റെല്ലാ പ്രവർത്തകർക്കും ഹൃദയപൂർവ്വമായ നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**

www.malankaralibrary.com

# റവ. ഫാ. ഗീവർഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി.
# തീക്ഷ്ണവാനായ മിഷനറി



ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി

സാഗരം സാഗരോപമം എന്നപോലെ ഭാഗ്യസ്മരണാർഹനും പുണ്യശ്ലോകനുമായ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്താ അനന്യമായ ഒരുജ്ജ്വല വ്യക്തിത്വമായിരുന്നു. 1882 സെപ്റ്റംബർ 21-ന് മാവേലിക്കരയിൽ ജനിച്ച പി.റ്റി.ഗീവർഗീസ് (മാർ ഈവാനിയോസ്) 1900-ൽ ശെമ്മാശപട്ടമേറ്റു. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് എം.എ.പാസ്സായി, എം.ഡി.സെമിനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. 1908-ൽ അദ്ദേഹം വൈദികനായി വന്ദ്യ വട്ടശ്ശേരി തിരുമേനിയുടെ കരങ്ങളാൽ അഭിഷിക്തനായി. ശെമ്മാശനായിരിക്കുമ്പോൾ തന്നെ വി.കൂദാശകളെപ്പറ്റി പള്ളികൾ തോറും പ്രസംഗങ്ങൾ നടത്തുമായിരുന്നു. അതുകൊണ്ട് 'കൂദാശ ശെമ്മാശൻ' എന്നദ്ദേഹം അറിയപ്പെട്ടിരുന്നു.

പഠിക്കുമ്പോഴും വൈദികനായപ്പോഴും അദ്ദേഹം യുവജനങ്ങളെ സംഘടിപ്പിച്ച് ആദ്ധ്യാത്മിക കാര്യങ്ങളിൽ ഉത്സാഹിപ്പിക്കുമായിരുന്നു. കോളേജുകളും സ്കൂളുകളും സന്ദർശിച്ച് സഭാകാര്യങ്ങളിൽ ചെറുപ്പക്കാരെ പ്രബുദ്ധരും ഉത്സാഹികളും ആക്കുന്നതിൽ പ്രത്യേക താല്പര്യമെടുത്തു. വിദ്യാർത്ഥി പ്രസ്ഥാനം ആരംഭിച്ചത് അദ്ദേഹമാണ്. ഇന്നും യാക്കോബായ ഓർത്തഡോക്സ് സഭകളിൽ അത് നിലനിൽക്കുന്നു. മൗനത്തിനും ധ്യാനത്തിനും വി.കുമ്പസാരത്തിനുമൊക്കെ യുവജനങ്ങളെ അദ്ദേഹം പരിശീലിപ്പിച്ചു.

സഭാനേതൃത്വത്തിലുണ്ടായിരുന്ന ഓരോരുത്തരുമായും അദ്ദേഹം അടുത്ത ബന്ധം പുലർത്തി. അത്മായ നേതാക്കന്മാരെ ഉത്സാഹികളാക്കി. വൈദികവിദ്യാർത്ഥികളെയും വൈദികരെയും സഭാകാര്യങ്ങളിൽ കർമ്മകുശലരാക്കി.

www.malankaralibrary.com

പരിശുദ്ധ അബ്ദുള്ളാ പാത്രിയർക്കീസിനെ സ്വീകരിക്കുന്നതിനും അദ്ദേഹം (പത്രിയർക്കീസ്) വന്ദ്യ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയപ്പോൾ പരിശുദ്ധ അബ്ദേദ്മിശിഹാ പാത്രിയർക്കീസിനെ ക്ഷണിച്ചുവരുത്തി കാതോലിക്കാസിംഹാസനം മലങ്കരയിൽ സ്ഥാപിക്കുന്നതിനും ഫാ.പി.റ്റി.ഗീവറുഗീസ് മുമ്പിൽ നിന്ന് പ്രവർത്തിച്ചു. 1913-ൽ അദ്ദേഹം സെറാമ്പൂർ (കൽക്കട്ടാ) കോളേജിൽ അധ്യാപകനായി ക്ഷണിക്കപ്പെട്ടു.

1913 മുതൽ 1919 വരെ കൊൽക്കത്തായിലെ സെറാമ്പൂർ കോളേജിൽ പ്രൊഫസറായി ജോലി ചെയ്ത ഫാ.പി.റ്റി.ഗീവർഗീസ് സഭയിലെ ധാരാളം ശെമ്മാശന്മാരെയും മറ്റും സെറാമ്പൂരിൽ കൊണ്ടുപോയി ഉപരിപഠനത്തിന് പ്രേരിപ്പിച്ചു. അവർ പലരും പ്രഗത്ഭരായ മേല്പട്ടക്കാരും പട്ടക്കാരും മറ്റുമായി സഭയ്ക്ക് മഹത്തായ ശുശ്രൂഷ ചെയ്തു. അഭിവന്ദ്യ കളപ്പുരയ്ക്കൽ യാക്കോബ് മാർ തെയോഫിലോസ്, വാളക്കുഴി ജോസഫ് മാർ സേവേറിയോസ്, പുത്തൻകാവ് ഗീവർഗീസ് മാർ ഫീലക്സിനോസ്, മട്ടയ്ക്കൽ അലക്സിയോസ് മാർ തേവോദോസിയോസ്, കല്ലുംപുറത്ത് തോമാ മാർ ദിവന്നാസിയോസ്, മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്യോസ് എന്നീ പിതാക്കന്മാർ അവരിൽ ചിലരാണ്. മറ്റനേകം വൈദികരും സിസ്റ്റേഴ്സും സെറാമ്പൂരിലും ബാരിസോളിലുമായി പഠനം നടത്തിയവരായുണ്ട്. ചെങ്ങന്നൂരിൽ നിന്നുള്ള മാമ്പഴക്കാട്ടിൽ എം.സി. ജോർജ് (ഫാ. ഗീവർഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി.) അതിലൊരാളാണ്.

**പുനരൈക്യ പുരോഗാമി**

1930-ലെ പുനരൈക്യ മഹാസംഭവം സഭാചരിത്രത്തിലെ മഹത്തായ ഒരു അദ്ധ്യായം ആയിരുന്നു. എന്നാൽ ആ പുനരൈക്യ മഹാസംഭവത്തിന് മുമ്പ് വി.കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട ബഹു.ഫാ.ഗീവർഗീസ് മാമ്പഴക്കാട്ട് ഒ.ഐ.സി.യെ പുനരൈക്യ പുരോഗാമി എന്ന് സംബോധന ചെയ്യുന്നത് ഉചിതമായിരിക്കുമല്ലോ. 1929-ൽ ബഹു.ഗീവർഗീസച്ചൻ വി.കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട് ചങ്ങനാശേരി ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ ചേർന്നു. 1930-ലെ അഭിവന്ദ്യ മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നിവരുടെ പുനരൈക്യത്തെ തുടർന്ന് ബഹു.ഗീവർഗീസ്

www.malankaralibrary.com

മാമ്പഴക്കാട്ടിലച്ചൻ ചെത്തിപ്പുഴയിൽനിന്ന് തിരുവല്ലായിലെത്തി അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിന്റെ വലംകൈയ്യായി പ്രവർത്തിച്ചു.

**ഫാ. ഗീവർഗീസിന്റെ ജനനവും കുടുംബവും**

മദ്ധ്യ തിരുവിതാംകൂറിന്റെ തിലകക്കുറിയായ ചെങ്ങന്നൂരിലെ പൂവത്തൂർ മാമ്പഴക്കാട്ടിൽ ശ്രീമാൻ ചാക്കോയുടെയും ചെങ്ങന്നൂർ പെരിശ്ശേരിൽ കടംതോട്ടിൽ അന്നമ്മയുടെയും നാലാമത്തെ പുത്രനായി ഫാ.ഗീവർഗീസ് ഭൂജാതനായി. 1897 മെയ് 14-നായിരുന്നു അദ്ദേഹത്തിന്റെ ജനനം. ചെങ്ങന്നൂർ യാക്കോബായ പള്ളിയിൽവച്ച് പൂവത്തൂർ ബഹു.യാക്കോബ് കത്തനാരാണ് ഗീവർഗീസ് എന്ന പേരിൽ അദ്ദേഹത്തിന് മാമോദീസാ നൽകിയത്.

**മറ്റു സഹോദരങ്ങൾ**

വെണ്ണിക്കുളത്ത് മാരുതോട്ടത്തിൽ വിവാഹിതയായ സാറാമ്മ ഏറ്റം മൂത്ത സഹോദരിയാണ്. റവന്യു ഓഫീസറും പിന്നീട് സ്വദേശി ബാങ്ക് പ്രവർത്തകനുമായിരുന്ന എം.സി.ഐസക്, എം.സി.തോമസ്, എം.സി.ചാക്കോ എന്നിവരായിരുന്നു മൂത്ത സഹോദരങ്ങൾ. എം.സി. ജോർജ് എന്നറിയപ്പെട്ടിരുന്ന ഫാ.ഗീവർഗീസ്, മേപ്രാൽ വിവാഹം ചെയ്ത് അയയ്ക്കപ്പെട്ട സഹോദരി മറിയാമ്മ, കൊച്ചുപാപ്പി എന്നറിയപ്പെട്ടിരുന്ന എം.സി.ജോസഫ്, എം.സി.ജോൺ, ബഹു. മദർ തൈബൂസ് എസ്.ഐ.സി. (1904-1947) എന്ന ഇളയ സഹോദരി എന്നിവരായിരുന്നു ബഹു.ഗീവർഗീസച്ചന്റെ മറ്റു സഹോദരി സഹോദരന്മാർ.

ചെങ്ങന്നൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കിയ എം.സി.ജോർജ് (ഫാ.ഗീവർഗീസ്) കൽക്കട്ടായിലെ സെറാമ്പൂരിലേക്ക് ഉപരിപഠനത്തിനായി എത്തിച്ചേർന്നു. ഫാ.പി.റ്റി.ഗീവർഗീസ് (ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്) പെരുന്നാട്ടിൽ ബഥനി ആശ്രമം ആരംഭിച്ചപ്പോൾ 1920-ൽ ബഹു.ഗീവർഗീസച്ചൻ ബഥനിയിൽ അംഗമായി ചേർന്നു. ഫാ.പി.റ്റി. ഗീവർഗീസിനോടൊപ്പം കൽക്കട്ടായിലെ സെറാംപൂരിലുണ്ടായിരുന്ന ഡീക്കൻ ജേക്കബ് കളപ്പുരയ്ക്കൽ (മാർ തെയോഫിലോസ്, ഡീക്കൻ അലക്സിയോസ് (മാർ തേവോദോസിയോസ്) ഡീക്കൻ എം.സി.ജോർജ് (ഫാ.ഗീവർഗീസ്) എന്നിവർ ബഥനി ആശ്രമസ്ഥരായി തീർന്നു.

www.malankaralibrary.com

**വൈദികൻ**

1927 ഡിസംബർ 14-ാം തീയതി ഡീക്കൻ ഗീവർഗീസ് വൈദിക നായി അഭിഷിക്തനായി. 1928 മെയ് 25-ാം തീയതി നിത്യവ്രതമെടുത്ത ഫാ. ഗീവർഗീസ് 1929 സെപ്റ്റംബർ 15-ാം തീയതി ചെത്തിപ്പുഴ ആശ്രമത്തിൽവച്ച് പുനരൈക്യപ്പെട്ടു. അഭിവന്ദ്യ ആർച്ച്ബിഷപ്പ് ജയിംസ് കാളാശേരി പിതാവാണ് പുനരൈക്യപ്പെടുത്തിയത്.

ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിലായിരിക്കെ ബഹു.ഗീവർ ഗീസച്ചൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും മറ്റും പുനരൈക്യത്തിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 1923-ൽ കേസിൽതോറ്റ മെത്രാൻകക്ഷി വി.കത്തോലിക്കാ സഭയുമായുള്ള ഐക്യത്തിന് ശ്രമിക്കുകയും 1926-ൽ പരുമലയിൽ കൂടിയ സുന്നഹ ദോസിൽ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയെ അതിന്റെ എഴുത്തുകുത്തുകൾ നടത്തുവാൻ ഭരമേല്പിക്കുകയും ചെയ്തു. എന്നാൽ 1928-ൽ മെത്രാൻ കക്ഷി വട്ടിപ്പണക്കേസിൽ അനുകൂലവിധി ലഭിച്ചപ്പോൾ ഐക്യശ്രമത്തിൽനിന്ന് പിൻമാറുകയും ചെയ്തു. വന്ദ്യ ഗീവറുഗീസ് പ്രഥമൻ കാതോലിക്കായുടെ മരണവും ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ കാതോലിക്കാസ്ഥാനാരോ ഹണവും നടത്തി മെത്രാൻ കക്ഷി എന്ന ഓർത്തഡോക്സ് സിറിയൻ വിഭാഗം വട്ടശേരിൽ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പുനരൈക്യത്തോട് താല്പര്യകുറവ് കാട്ടുകയും ചെയ്തു.

എന്നാൽ ഈ കേസ് അടുത്ത നൂറ്റാണ്ടിലും തീരുകയില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫിലോസ് എപ്പിസ്കോപ്പായും പുനരൈക്യപ്പെടുക തന്നെ ചെയ്തു. 1930 സെപ്റ്റംബർ 20-ാം തീയതിയായിരുന്നു ആ മഹൽ സംഭവം. തുടർന്ന് ബഹു.ഗീവറുഗീസച്ചൻ തിരുവല്ലായിലെത്തുകയും മാർ തെയോഫിലോസ് പിതാവിന്റെ വലംകയ്യായി പ്രവർത്തിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം രൂപതാ പ്രൊക്യുറേറ്ററായും കത്തീഡ്രൽ വികാരിയായും 1948 വരെ നേതൃത്വം നൽകി.

**പുഷ്പഗിരി**

ബഹു.ഗീവർഗീസച്ചൻ വി.കത്തോലിക്കാസഭയുമായി പുന രൈക്യപ്പെട്ട് ചങ്ങനാശേരി ചെത്തിപ്പുഴ ആശ്രമത്തിൽ സന്ന്യാസ

www.malankaralibrary.com

പരിശീലനത്തിലും പഠനത്തിലും മുഴുകിയിരുന്നു. 1930-ലെ പുനരൈക്യാനന്തരം അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവ് തിരുവല്ലാ കുളക്കാട്ടിൽ ഒരു വാടകവീട്ടിൽ താമസിക്കുന്ന സന്ദർഭത്തിൽ പിതാവും ബഹു.മാമ്പഴക്കാട്ട് ഗീവർഗീസ് ഒ.ഐ.സി. അച്ചനും കൂടി സായംകാല സവാരിക്കായി തോലശ്ശേരി-മഞ്ഞാടി വഴിയെ നടന്നു പോകുമ്പോൾ ചേനത്തറ കോശി ആശാനെ പരിചയപ്പെടുകയും അദ്ദേഹത്തിന്റെ ഭവനത്തിൽ കയറി പ്രാർത്ഥിക്കുകയും ചെയ്തു. സംഭാഷണ മദ്ധ്യേ ആശാന്റെ വീടിന് എതിർ വശത്തു കാട് പിടിച്ചുകിടക്കുന്ന ഭൂമി ആരുടേതാണെന്ന് അന്വേഷിച്ചു. ഏനാത്ത് അടുത്ത് കുളക്കട ചെങ്ങന്നൂർ താഴ്വള്ളി പോറ്റിമഠം വകയാണെന്നറിഞ്ഞു. അവരുടെ ബന്ധുവായ തിരുവല്ലാ താഴ്വള്ളി മഠത്തിലെ പോറ്റിവഴി ആലോചനകൾ നടത്തി. തനിക്ക് ഒരു ആസ്ഥാനം പണിയാൻ സ്ഥലം ആവശ്യമാണെന്ന് പറഞ്ഞ് മഠവുമായി ബന്ധപ്പെട്ടപ്പോൾ ആ സ്ഥലം വിൽക്കാൻ അവർ തയ്യാറാണെന്നറിഞ്ഞു. സെന്റിന് അഞ്ച് ബ്രിട്ടീഷ് രൂപ വില സമ്മതിച്ച് അഡ്വാൻസും നൽകി.

പുനരൈക്യാനന്തരം ബഹു.ഗീവർഗീസ് മാമ്പഴക്കാട്ടച്ചനിൽ നിന്ന് വി.കൊച്ചുത്രേസ്യായെപ്പറ്റി അറിയുകയും പുനരൈക്യത്തിനു വേണ്ടി വിശുദ്ധയുടെ മാദ്ധ്യസ്ഥം തേടുകയും ചെയ്തിരുന്നു. അഭിവന്ദ്യ പിതാവ്, മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യത്തിന് ഒരു വർഷം മുമ്പ് ബഥനി ആശ്രമം വിട്ട് കത്തോലിക്കാ സഭയിൽ ചേരുകയും ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ താമസിക്കുകയും ചെയ്തിരുന്ന മാമ്പഴക്കാട്ട് ഗീവർഗീസച്ചൻ മലങ്കര പുനരൈക്യത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ ഫ്രാൻസിലെ ലിസ്യുവിലെ കർമ്മലീത്താ മഠത്തിലേക്ക് ബഹു.മാർസലിനോസ് അച്ചനെക്കൊണ്ട് എഴുതി ആവശ്യപ്പെട്ടിരുന്നു. വി.കൊച്ചുത്രേസ്യായുടെ ജ്യേഷ്ഠസഹോദരി മദർ ആഗ്നസ് ആയിരുന്നു അന്നത്തെ മദർ സുപ്പീര്യർ. ലിസ്യുവിലെ മഠത്തിൽ പുനരൈക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥനകളും നൊവേനയും പതിവായി നടത്തിയിരുന്നു. 1933-ൽ അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് റോമിൽ ചെന്ന് പരിശുദ്ധ പതിനൊന്നാം പീയൂസ് മാർപാപ്പായെ സന്ദർശിച്ചതിനുശേഷം ഫ്രാൻസിൽ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട ലൂർദ്ദും വി.കൊച്ചു ത്രേസ്യായുടെ തീർത്ഥാടന സ്ഥലമായ ലിസ്യുവും സന്ദർശിച്ച് പ്രാർത്ഥിച്ചു.

www.malankaralibrary.com

ലിസ്യുവിലെ കർമ്മലീത്താ മഠവും അദ്ദേഹം സന്ദർശിച്ചു. അഭിവന്ദ്യപിതാവിന്റെ അജപാലന ആവശ്യങ്ങൾ തിരിച്ചറിഞ്ഞ മദർ സുപ്പീര്യർ മദർ ആഗ്നസ് വി.കൊച്ചുത്രേസ്യായുടെ തിരുശേഷിപ്പും വിശുദ്ധയുടെ ഓർമ്മ നിലനിർത്തത്തക്കവിധം എന്തെങ്കിലും ചെയ്യുവാൻ പതിനായിരം രൂപയ്ക്കു തുല്യമായ തുകയും ഉപഹാരമായി അഭിവന്ദ്യ പിതാവിന് സമ്മാനിച്ചു. വിദേശ പര്യടനാനന്തരം തിരുവല്ലായിൽ തിരിച്ചെത്തിയ പിതാവ് പ്രസ്തുത തുക നൽകി താഴ്വള്ളി പോറ്റിമഠം വക 28 ഏക്കറോളം വരുന്ന ഭൂമിയും തോലശ്ശേരി ബഥനി ആശ്രമം ഇരിക്കുന്ന അഞ്ച് ഏക്കർ ഭൂമിയും 1933 ഓഗസ്റ്റ് 8-ാം തീയതി തീറാധാരം നടത്തി വാങ്ങി. വി.കൊച്ചുത്രേസ്യായു (വി.ചെറുപുഷ്പം)ടെ മാദ്ധ്യസ്ഥം സജീവമായി അനുഭവപ്പെട്ട അഭിവന്ദ്യ പിതാവ് വി.യോഹന്നാൻ ശ്ലീഹായോടൊപ്പം തിരുവല്ലാ ഭദ്രാസനത്തിന്റെ സഹസ്വർഗ്ഗീയ മദ്ധ്യസ്ഥയായി വി.കൊച്ചു ത്രേസ്യായെക്കൂടി പ്രഖ്യാപിക്കുകയും താഴ്വള്ളി പോറ്റിമഠം വകയിൽ നിന്ന് വാങ്ങിയ 28 ഏക്കറോളം വരുന്ന പറമ്പിന് ചെറുപുഷ്പഗിരി (Little Flower Mount) എന്ന് നാമകരണം നടത്തുകയും ചെയ്തു. പട്ടണത്തിന്റെ ബഹളങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ പ്രശാന്തമായ ചെറുപുഷ്പഗിരിയിൽ ഭദ്രാസന ആസ്ഥാനം സ്ഥാപിക്കുവാൻ അഭിവന്ദ്യ പിതാവ് ആഗ്രഹിച്ച് അടിസ്ഥാനശില ആശീർവദിച്ച് പ്രതിഷ്ഠിച്ച് പണി ആരംഭിച്ചു. 1934 നവംബർ 24-ാം തീയതി പണി പൂർത്തീകരിച്ച് അരമനയും ചാപ്പലും കൂദാശ ചെയ്തു. 1935-ൽ മൈനർ സെമിനാരിയും ചെറുപുഷ്പഗിരിയിലേക്കി മാറ്റി സ്ഥാപിച്ചു. സെന്റ് ജോസഫ് പ്രസ്സും അഭിവന്ദ്യ പിതാവ് അവിടെ തുടങ്ങി. പ്രസ്സിലെ ആവശ്യത്തിന് 1935-ൽ അവിടെ കുഴിച്ച കിണറാണ് ഇപ്പോഴും പുഷ്പഗിരി മെഡിക്കൽ കോളേജ് ആവശ്യത്തിനും ഹോസ്റ്റലിലും ഉപയോഗിക്കുന്ന ജലസ്രോതസ്സ്.

അങ്ങനെ പുഷ്പഗിരി എന്ന പേരും ബന്ധവും ബഹു.ഗീവർഗീസ് മാമ്പഴക്കാട്ട് ഒ.ഐ.സി. അച്ചനിലൂടെ രൂപപ്പെട്ട മഹാസംഭവങ്ങളാണ്.

1930 മുതൽ 1948 വരെ തിരുവല്ലായിൽ ഫാ.ഗീവർഗീസ് പ്രവർത്തിച്ചു. മാർ തെയോഫിലോസ്, മാർ സേവേറിയോസ് എന്നീ പിതാക്കന്മാർക്ക് വലംകയ്യായി ശുശ്രൂഷ ചെയ്തു.

www.malankaralibrary.com

1948-ൽ തിരുവല്ലാ കത്തീഡ്രൽ വികാരി സ്ഥാനത്തുനിന്ന് വിരമിച്ച ഫാ.ഗീവർഗീസ് ചെങ്ങന്നൂരിലും പുലിയൂരിലുമായി ദൈവാലയ നിർമ്മാണവും ഇടവക രൂപീകരണവും നടത്തി. തന്റെ ജന്മസ്ഥലമായ ചെങ്ങന്നൂരിൽ ബഥനി ആശ്രമത്തിന്റെ ഒരാശ്രമവും കുറച്ചുകാലം നിലവിലുണ്ടായിരുന്നു. പുലിയൂർ ഇടവക രൂപീകരണത്തിലും അവിടുത്തെ ദൈവാലയ നിർമ്മാണത്തിലും ബഹു.ഗീവർഗീസച്ചന്റെ പങ്ക് പ്രധാനമായിരുന്നു.

ചെങ്ങന്നൂരിന്റെ അഭിമാനമായ ബാരിസ്റ്റർ ജോർജ് ജോസഫ് ബഹു.ഗീവർഗീസച്ചന് ഒരു സുഹൃത്തിനെപ്പോലെയായിരുന്നു. അഡ്വക്കേറ്റ് ഷെവലിയർ ജോർജ് വർഗീസ് കണ്ണന്താനവും ചെങ്ങന്നൂരിലെ പൗരപ്രമുഖരെല്ലാം തന്നെ ബഹു.അച്ചന് പരിചിതരായിരുന്നു. പുലിയൂർ ബേത്‌ലഹേം മലങ്കരപ്പള്ളിക്കാർ ബഹു.അച്ചനെ അവരുടെ സ്ഥാപകപിതാവായി ബഹുമാനിക്കുന്നു.

1957 മുതൽ 1960 വരെ പൂനാ ബഥനി ആശ്രമത്തിൽ സ്പിരിച്വൽ ഡയറക്ടറായി ബഹു.അച്ചൻ ശുശ്രൂഷ ചെയ്തു. തദ്ദേശവാസികളായ ജോലിക്കാരോടും മറ്റും അറിയുന്ന ഹിന്ദിയിലും മറാഠിയിലും ബഹു.അച്ചൻ സംവദിക്കുമായിരുന്നു. ഏതാനും വാക്കുകളേ മറാഠിയിലും മറ്റും അറിയുള്ളുവെങ്കിലും അതൊന്നും സമ്പർക്ക തലത്തിൽ ബുദ്ധിമുട്ടുണ്ടാക്കിയില്ല. കൃഷിയും കാർഷിക ജോലികളും ഇഷ്ടമായിരുന്ന ബഹു.അച്ചൻ ഒരു നല്ല കർഷകനായി മാറി. പ്രകൃതിസ്നേഹിയായിരുന്ന അദ്ദേഹത്തിന് മണ്ണും മരങ്ങളും സുഹൃത്തുക്കളായിരുന്നു. ഫലവൃക്ഷങ്ങളും ചെടികളുംകൊണ്ട് ആശ്രമം ഫലഭൂയിഷ്ഠമായിരുന്നു. പ്രകൃതിസ്നേഹ പരിപാലനത്തിൽ ബഹു.അച്ചന്റെ ശ്രദ്ധ വലുതായിരുന്നു.

പൂനായിലെ ആദ്യബാച്ചുകളിൽപ്പെട്ട ശെമ്മാശന്മാർക്ക് ബഹു.ഗീവർഗീസച്ചന്റെ സാന്നിദ്ധ്യം ഒരു അനുഗ്രഹമായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും ആത്മീയോപദേശങ്ങൾ നൽകുന്നതിനും കത്തോലിക്കാ, ക്രൈസ്തവ അദ്ധ്യാത്മികത വൈദികവിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും ബഹു.അച്ചന്റെ ആത്മികനേതൃത്വം ഉപകാരപ്പെട്ടു. 1959-ലായിരുന്നു ആദ്യബാച്ചിലെ ശെമ്മാശന്മാരുടെ വൈദികപട്ടം. ഫാ.അഗസ്റ്റിൻ കൈലാത്ത്, ഫാ.തോമസ് മാവിലേത്ത്, ഫാ.സേവ്യർ പിള്ളശ്ശേരിൽ, ഫാ.സാലസ്

www.malankaralibrary.com

അഞ്ചനാട്ട് തുടങ്ങിയവരുടെ വൈദികപട്ട സ്വീകരണം 1959-ലായിരുന്നു. 1960-ൽ ഫാ.സിറിൽ മലഞ്ചരുവിൽ, ഫാ.അംബ്രോസ് മൂത്തേരിൽ എന്നിവരുടെ വൈദികാഭിഷേകം നടന്നു.

**നാലാഞ്ചിറ (തിരുവനന്തപുരം)**

1960-ൽ തിരുവനന്തപുരം നാലാഞ്ചിറ ആശ്രമത്തിൽ എത്തിയ ബഹു.ഗീവർഗീസച്ചൻ പുലയനാർകോട്ടയിലെ ആശുപത്രിയിൽ രോഗീസന്ദർശനം നടത്താനും പുലയനാർകോട്ട ഇടവക രൂപീകരണ ത്തിനും മുൻകൈ എടുത്തു. എല്ലാ ഞായറാഴ്ചയും പുലയനാർ കോട്ടയിൽ പോയി രോഗികളെ സന്ദർശിക്കുകയും കുമ്പസാരം ആഗ്രഹിക്കുന്നവരെ കുമ്പസാരിപ്പിക്കുകയും വി.കുർബാന അർപ്പിക്കുകയും രോഗിലേപനം നൽകുകയും ചെയ്യുമായിരുന്നു. ക്ഷയരോഗം എന്നത് അക്കാലത്ത് കേരളത്തിലും ഇന്ത്യയിലും അനേകരെ ബാധിച്ചിരുന്ന രോഗമായിരുന്നു. കൃഷിപ്പണിയിലും അത്യദ്ധ്വാനത്തിലുമായിരുന്ന അനേകം കുടുംബനാഥന്മാരുടെ വലിയ പ്രതിസന്ധിയായിരുന്ന ക്ഷയരോഗം. കുട്ടികൾക്കു വേണ്ടി മരുന്ന് കുത്തിവച്ച് ദീർഘനാളത്തെ പരിശ്രമം വഴിയാണ് കേരളസമൂഹം അതിനെ അതിജീവിച്ചത്.

നാലാഞ്ചിറ ബഥനി ആശ്രമം ബഥനിയുടെ കേന്ദ്ര ഭവന മായിരുന്നു. ഏതാണ്ട് മൂന്നുമുതൽ അഞ്ചുവരെ ബാച്ച് വിദ്യാർത്ഥികൾ അന്നവിടെ പഠനത്തിനായിട്ടുണ്ടായിരുന്നു. നോവിസസ്, പ്രീഡിഗ്രി പഠിക്കുന്ന രണ്ട് ബാച്ചുകൾ തുടങ്ങി വളരെയേറെ ശെമ്മാശന്മാർ നാലാഞ്ചിറയിൽ ഒരേ സമയത്തുണ്ടായിരുന്നു. പലപ്പോഴും അവർക്കെല്ലാം ആത്മീയ പിതാവായും കുമ്പസാര ക്കാരനായും ബഹു.ഗീവർഗീസച്ചൻ സംലഭ്യനായിരുന്നു. വൈദിക വിദ്യാർത്ഥികൾ മെഡിക്കൽ കോളേജ് ആശുപത്രിയിലും മറ്റുമായിരുന്നു അവരുടെ ചികിത്സാ കാര്യങ്ങൾക്ക് പോയിരുന്നത്.

**പല്ലുകാണിക്കാനും കണ്ണുകാണിക്കാനും**

ബഹു.ഗീവർഗീസച്ചൻ ദന്തരോഗ ചികിത്സകൾക്ക് പോയിരു ന്നവരെ കണ്ടിട്ടില്ലേ പല്ല് കാണിക്കാൻ പോവുന്നു എന്നും നേത്രരോഗാ വശ്യങ്ങൾക്ക് പോയിരുന്നവരെ കണ്ണു കാണിക്കാൻ പോവുകയാണ് എന്നും സരസമായി പറഞ്ഞ് എല്ലാവരെയും ചിരിപ്പിക്കാറുണ്ടായി

www.malankaralibrary.com

രുന്നത് ഓർക്കുന്നു. ബഹു.സുപ്പീര്യർ ജനറലും കൗൺസിലേഴ്സും വിവിധ വിഭാഗം സന്ന്യാസ പരിശീലനത്തിലിരിക്കുന്നവരുടെ ഗുരുനാഥന്മാരുമായും വൈദികരുടെ ഒരു സംഘംതന്നെ അന്ന് നാലാഞ്ചിറയിലുണ്ടായിരുന്നു. എല്ലാവരോടും സ്വകാര്യം പറയാനും ഉപദേശം കൊടുക്കാനും തമാശകൾ പറയാനും ബഹു.ഗീവർഗീസച്ചനെ കാണാമായിരുന്നു. ബഹു.സിറിൽ മലഞ്ചരുവിലച്ചൻ അവിടെയുള്ളപ്പോൾ ദീർഘനേരം ബഹു.ഗീവർഗീസച്ചൻ അദ്ദേഹവുമായി സംസാരിക്കുന്നത് കാണാമായിരുന്നു. ചെവിയിൽ സ്വകാര്യംപോലെ സംസാരിക്കുന്ന ബഹു.ഗീവർഗീസച്ചൻ മൗനം പാലിക്കുന്നതിലും ശ്രദ്ധാലുവായിരുന്നു.

**തീക്ഷ്ണതയുടെ മാതൃക ഫാ.ഗീവർഗീസ്**

ബഹു.ഗീവർഗീസച്ചന്റെ ആത്മീയ ഉപദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു തീക്ഷ്ണതയും ഉത്സാഹവും. വെളിപാടു പുസ്തകത്തിലെ ഒരു സന്ദേശം അദ്ദേഹം എപ്പോഴും ആവർത്തിക്കുമായിരുന്നു. "നീ തണുപ്പോ ചൂടോ ഉള്ളവനല്ല തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽ നിന്ന് തുപ്പിക്കളയും" (വെളി.3:15-16). ബഹു.അച്ചൻ എല്ലാ ഉപദേശങ്ങളിലും ആവർത്തിച്ച് പറയുമായിരുന്ന ഒരു വചനമായിരുന്നു ഇത്.

**കർണൂൽ മിഷൻ (ആന്ധ്രാപ്രദേശ്)**

1969-ൽ കർണൂലിലെ ബിഷപ്പ് രാജപ്പ നാലാഞ്ചിറ ആശ്രമത്തിലെത്തുകയും ആന്ധ്രയിലെ അദ്ദേഹത്തിന്റെ രൂപതയിൽ ജോലി ചെയ്യാനായിട്ട് ബഥനി ആശ്രമസ്ഥരെ ക്ഷണിക്കുകയും ചെയ്തു. ഇതറിഞ്ഞ ബഹു.ഗീവർഗീസച്ചൻ താൻ മിഷൻവേലയ്ക്ക് പോകുവാൻ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തത് ഒരു പ്രത്യേക സംഭവമായി ഓർക്കുന്നു. എന്നാൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ സന്ന്യാസസമൂഹത്തിന് സാധിക്കായ്കയാലും ശരിയായ ക്രമീകരണങ്ങൾ സാധിക്കാതെ വരികയാലും ആ ഉദ്യമം സന്ന്യാസി സമൂഹത്തിന്റെ ഭാഗത്തുനിന്ന് ഉപേക്ഷിക്കേണ്ടിവന്നു. എങ്കിലും ബഹു.ഗീവർഗീസച്ചന്റെ ഉത്സാഹം എല്ലാവരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു.

www.malankaralibrary.com

**പുലിയൂരിലെ പുനരൈക്യപ്രവർത്തനവും ബഹു.ഗീവർഗീസ് മാമ്പഴക്കാട്ടച്ചനും**

ചെങ്ങന്നൂർ സ്വദേശിയായ ബഹു.ഗീവർഗീസച്ചൻ ചെങ്ങന്നൂരും പുലിയൂരും കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മറ്റു സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഏകദേശം 140 കുടുംബങ്ങൾ പുലിയൂരിൽ കത്തോലിക്കാ സഭാംഗങ്ങളായി. അത് വലിയ ഒരു സംഭവമായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്നത്തെ സാഹചര്യത്തിൽ താരതമ്യേന സാധാരണക്കാരായ ആളുകളായിരുന്നു പുലിയൂരിലേത്. ഉടുതുണിക്ക് മറുതുണിയില്ലാത്ത അന്തരീക്ഷം. ബഹു.ഗീവർഗീസച്ചനിൽ തിരുവല്ലാ തോലശ്ശേരി ആശ്രമത്തിൽ വസിച്ചുകൊണ്ടാണ് പുലിയൂരെ പ്രവർത്തനങ്ങൾ എല്ലാം നടത്തുകയുണ്ടായത്.

ഓരോ കുടുംബങ്ങളെയും പ്രത്യേകം പരിഗണിച്ച് ബഹു.അച്ചൻ അവരെ സമുദ്ധരിച്ചു. വിദ്യാഭ്യാസം വേണ്ടവർക്ക് അത് നൽകാനും വീടുവയ്ക്കാനും മറ്റനേക വിധത്തിൽ ഓരോ കുടുംബത്തെയും വളർത്തിയെടുക്കാൻ ബഹു.ഗീവർഗീസച്ചൻ പരിശ്രമിക്കുകയുണ്ടായി. ചില ആളുകൾ നാട്ടുപ്രമാണിമാരായാലും സഹായികളായി ബഹു.അച്ചന്റെ പ്രവർത്തനങ്ങളെ സഹായിക്കുകയുണ്ടായി. മഴക്കാലം ആരംഭിച്ചു കഴിഞ്ഞാൽ എല്ലാ വീടുകളിലും പട്ടിണിയാണ്. ബഹു.അച്ചൻ കൊതുമ്പുവള്ളത്തിൽ ഓരോ വീട്ടിലും ഭക്ഷ്യവിഭവങ്ങൾ എത്തിച്ച സാഹചര്യങ്ങളുണ്ട്. അന്ന് സഭയിൽ നിന്നും സർക്കാരിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യവിഭവങ്ങൾ വീടുകൾതോറും എത്തിച്ചു കൊടുത്ത് ബഹു.അച്ചൻ പുലിയൂർ ദേശത്തിന്റെ സംരക്ഷകനായി വിരാജിച്ചു. പള്ളി പണിയാനും ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റാനും ബഹു.ഗീവർഗീസച്ചൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവും അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസ്യോസ് പിതാവും അഭിവന്ദ്യ തെയോഫിലോസ് പിതാവും ബഹു.ഗീവർഗീസച്ചന്റെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകി. അഭിവന്ദ്യ വാളക്കുഴി ജോസഫ് മാർ സേവേറിയോസ് പിതാവും തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ ബഹു.ഗീവർഗീസച്ചന്റെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. 1948 മുതൽ 1958 വരെയാണ് ബഹു.ഗീവർഗീസച്ചൻ പുലിയൂർ പള്ളിയുടെ പണി നടത്തിയതും കൂട്ടായ്മയെ രൂപീകരിച്ചതും. ഇന്നും

www.malankaralibrary.com

അംഗസംഖ്യയിലും മറ്റും പരിഗണനനീയമായ ഒരു ഇടവകയാണ് പുലിയൂർ ബേതലഹേം ഹോളിഫാമിലി ഇടവക.

പുലിയൂരിലെ ചില കുടുംബങ്ങളിൽ നിന്ന് വിദ്യാസമ്പന്നരായ യുവതികളെ ജർമ്മനിക്ക് അയയ്ക്കുന്നതിനും അതുവഴി കുടുംബങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിനും ബഹു.അച്ചൻ ശ്രദ്ധയോടെ ശ്രമിക്കുകയുണ്ടായി. പിന്നീട് മൈലാടിയിലച്ചൻ തുടങ്ങിയവർ ഇടവകയുടെ വികാരിമാരാവുകയും ബഹു.ഗീവർഗീസച്ചൻ പൂനാ ബഥനി ആശ്രമത്തിൽ ആദ്ധ്യാത്മിക പിതാവായി പോവുകയും പുലിയൂരിന്റെ ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടേണ്ടതായി ബഹു.ഗീവർഗീസ് മാമ്പഴക്കാട്ടച്ചന്റെ നാമമായിത്തീരുകയും ചെയ്തു.

പുലിയൂർ പള്ളിയുടെ കൂദാശ നടത്തിയത് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസ്യോസ് പിതാവും ചേർന്നാണ്.

നേരത്തെ ക്ഷേത്രക്കുന്ന് എന്നറിയപ്പെട്ടിരുന്ന സ്ഥലത്താണ് പുലിയൂരിലെ പള്ളി പണിയാനായത്. ഇന്നും ഒരു ക്ഷേത്രം അവിടെയുണ്ട്. ഹൈന്ദവമതസ്ഥരും ആ സ്ഥലത്തെ ഭവ്യതയോടെ കണ്ടിരുന്നു. മാറിമാറി വന്ന വികാരിമാർ ഇടവകയെ മുന്നോട്ട് നയിക്കുകയും കത്തോലിക്കാപാരമ്പര്യം എന്തെന്ന് ഇടവകയ്ക്ക് മനസിലാക്കി കൊടുക്കുകയും ചെയ്തു. നാല്പതു മണി ആരാധന, ക്രിസ്തുരാജ തിരുനാൾ, വി.കുർബാനയുടെ ആരാധന, സ്ലീബാപാത, അനുദിനമുള്ള വിശുദ്ധ ബലി എന്നിങ്ങനെയുള്ള കത്തോലിക്കാ പാരമ്പര്യങ്ങൾ നാടിനു തന്നെ പുതുമയായിരുന്നു. സാമ്പത്തികമായിട്ട് ഉയർന്നുവന്ന കുടുംബങ്ങൾ മറ്റു കുടുംബങ്ങൾക്കും ഇടവകയ്ക്കും ബഹു.വികാരിയച്ചനോടു ചേർന്ന് ധാരാളം പ്രത്യുത്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ചെങ്ങന്നൂരും പുലിയൂരും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന് പ്രിയപ്പെട്ട ദൈവാലയങ്ങളായി മാറി. ചെങ്ങന്നൂരിൽ മാർ ഈവാനിയോസ് പിതാവ് ഇടവക ആരംഭിച്ചു. അതിലും ബഹു.ഗീവർഗീസ് അച്ചന്റെയും ആശ്രമസ്ഥരുടെയും നേതൃത്വം ഉണ്ടായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. പുലിയൂർ ഇടവകയിൽ വികാരിയായിരുന്ന ബഹു.അലക്സ് കളപ്പിലാ അച്ചൻ പള്ളിയുടെ

www.malankaralibrary.com

രജിസ്റ്റർ പരിശോധിച്ചപ്പോൾ ഏറ്റവും കൂടുതൽ മാമോദീസാ നടത്തിയതും വിവാഹം നടത്തിയതും ബഹു.ഗീവർഗീസച്ചനാണെന്ന് കാണുകയും ബഹു.ഗീവർഗീസച്ചനെ കാണാനായി നാലാഞ്ചിറ ബഥനി ആശ്രമത്തിൽ എത്തുകയും ചെയ്തു. ബഹു.ഗീവർഗീസച്ചൻ പുലിയൂർ പള്ളിയുടെ ചരിത്രവും അതിന്റെ നിർമ്മാണത്തിന്റെ വിവരങ്ങളും ബഹു.അലക്സ് അച്ചനുമായി പങ്കുവച്ചു. ബഹു.ഗീവർ ഗീസച്ചന്റെ പ്രവർത്തനങ്ങളെ വിമർശിക്കുകയും മറ്റും ചെയ്തിരുന്ന ആളുകളോട് ബഹു.ഗീവർഗീസച്ചന് ഔദാര്യപൂർവ്വമായ മനോഭാവ മാണ് ഉണ്ടായിരുന്നത് എന്നും ബഹു.അലക്സച്ചൻ പറയുകയുണ്ടായി. പുലിയൂരിൽ ഒരു ബഥനി ആശ്രമം സ്ഥാപിക്കാൻ ബഹു.ഗീവർഗീ സച്ചന് ആഗ്രഹമുണ്ടായിരുന്നെങ്കിലും അത് സാധിക്കാതെ പോയി. എങ്കിലും അവിടുത്തെ ഓരോ കുടുംബങ്ങളെയും ഉയർത്തിക്കൊണ്ട് വരുവാൻ ബഹു.ഗീവർഗീസച്ചൻ കഠിനപരിശ്രമം നടത്തുകയുണ്ടായി. ഇപ്പോൾ പുതുതായി പുലിയൂർ ഇടവകയോടനുബന്ധിച്ച് മാർ ഈവാനിയോസ് ലോ-കോളേജ് ആരംഭിച്ചിരിക്കുന്നുവെന്നതും സന്തോഷകരമായ ഒരു പുരോഗതിയാണ്.

എല്ലാവർക്കും എല്ലാമായിരുന്ന ബഹു.ഗീവർഗീസച്ചൻ ആത്മീയമായ പ്രത്യുത്ഥാനമാണ് പ്രധാനമായി ലക്ഷ്യം വച്ചത്. വി.കുർബാന, കുമ്പസാരം, ആരാധന, ചിട്ടയോടുകൂടിയ വിശ്വാസ പഠനം എല്ലാത്തിനും ബഹു.ഗീവർഗീസച്ചൻ നേതൃത്വം കൊടുത്തു. പുലിയൂരിന്റെ ആത്മീയാചാര്യനായി അദ്ദേഹം ശുശ്രൂഷ ചെയ്യുകയും വിജയിക്കുകയും ചെയ്തു.

**നാലാഞ്ചിറയുടെ ആത്മീയാചാര്യൻ**

1960 മുതൽ ബഹു.ഗീവർഗീസച്ചൻ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ കുമ്പസാരക്കാരനായും ആത്മീയ പിതാവായും ദേശത്തിന്റെ ആത്മീയ ആചാര്യനായും സേവനം ചെയ്തു. അതിരാവിലെ എഴുന്നേറ്റ് ധ്യാനവും പ്രാർത്ഥനകളും നടത്തി വി.കുർബാനയും അർപ്പിച്ച് ചില വ്യായാമ മുറകളും മറ്റും നിറവേറ്റി ഓരോ ദിവസവും മുന്നോട്ടു നീങ്ങി.

പള്ളിയിലെ കുർബാനയ്ക്കുമുമ്പ് വി.കുർബാനയിൽ സംബന്ധിച്ച് ജോലിക്കോ ദൂരയാത്രയ്ക്കോ പോകേണ്ടവർ രാവിലെ

www.malankaralibrary.com

അഞ്ചുമണിക്കുതന്നെ എത്തി ബഹു.ഗീവർഗീസച്ചന്റെ കുർബാനയിൽ പങ്കെടുക്കും. ആശ്രമത്തിലെ കൃഷിയുടെ ചുമതലയുണ്ടായിരുന്ന ആശാൻ എന്ന സഹോദരനും രാവിലെ എഴുന്നേറ്റ് ബഹു.ഗീവർഗീസച്ചന്റെ കുർബാനയ്ക്ക് സംബന്ധിച്ചിട്ടാണ് കൃഷിപ്പണിക്ക് പോവുക.

**മരച്ചീനി, ചാരം പങ്കുവയ്ക്കൽ**

തിരുവനന്തപുരം പട്ടണപ്രാന്തങ്ങളിലെ സാധുക്കളായ അനേകർ നാലാഞ്ചിറ ആശ്രമത്തിൽ നിന്ന് മരച്ചീനി വാങ്ങാനായി കടന്നുവന്നിരുന്നു. ഒരുതരം ബാർട്ടർ സിസ്റ്റമായിരുന്നു അന്നവിടെ. വീടുകളിൽ നിന്ന് ചാരംകൊണ്ടുവന്ന് ആശ്രമത്തിൽ കൊടുത്ത് കപ്പ വാങ്ങിക്കൊണ്ടുപോകുന്ന ഒരു നടപ്പ് അവിടെ വർഷങ്ങളോളം നിലനിന്നിരുന്നു. സാധുക്കളുടെ കുടുംബങ്ങൾക്ക് വലിയ ഒരാശ്വാസമായിരുന്നു ഇത്. മരച്ചീനി വിതരണവും ചാരം വാങ്ങലും 1970-കൾ വരെ നിലനിന്നതായി കാണാം. ബഹു.ഗീവർഗീസച്ചനും ആശാനെന്ന ആശ്രമ കൃഷിക്കാരനും ആശ്രമാംഗങ്ങൾ മുഴുവനും ഈ കർമ്മത്തിൽ പങ്കെടുത്തിരുന്നു.

**ശ്രീ.എം.സി.ജോസഫ്, കൊച്ചുപാപ്പിയും മക്കളും ബഹു.ഗീവർഗീസച്ചന്റെ ഇളയസഹോദരൻ**

ബഹു.ഗീവർഗീസച്ചന്റെ ഇളയസഹോദരൻ തിരുവനന്തപുരത്തേക്ക് താമസം മാറ്റി. അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി അന്നമ്മ ജോസഫായിരുന്നു. ശ്രീ.എം.ജെ.ജേക്കബ് (കുഞ്ഞുമോൻ), ശ്രീ.എം. ജെ.ജോർജ് (ജോയി), ശ്രീമതി അന്നമ്മ ജോസഫ് (ഓമന), ശ്രീ.എം.ജെ.ജോസഫ് (ബേബി), ശ്രീ.എം.ജെ.ഐസക് (അനിയൻ), ശ്രീ.എം.ജെ.തോമസ് (പൊന്നൻ), ശ്രീ.എം.ജെ.ജോൺ (തങ്കച്ചൻ) എന്നിങ്ങനെ ഏഴുമക്കൾ കൊച്ചുപാപ്പിക്കുണ്ടായിരുന്നു. അവരെല്ലാവരും നാലാഞ്ചിറ ഇടവകയിലും ഐസക് പട്ടം കത്തീഡ്രൽ ഇടവകയിലും അംഗങ്ങളായി താമസമാക്കി.

എല്ലാ ദിവസവും വി.കുർബാനയിൽ സംബന്ധിക്കാൻ ഇടവക കാര്യങ്ങളിൽ സജീവ സാന്നിദ്ധ്യമായി കൊച്ചുമക്കളും കുട്ടികളും കുടുംബവും നിലകൊണ്ടിരുന്നത് സ്മരണീയമാണ്. ശ്രീ. ജോർജ് (ജോയ്) എല്ലാ ദിവസവും ബഹു.ഗീവർഗീസച്ചന്റെ കബറിടത്തിൽ

www.malankaralibrary.com

സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതായി കാണാം. അനുദിനം ബലിയിലും അദ്ദേഹം ഇടവകപ്പള്ളിയിൽ പങ്കെടുക്കാറുണ്ട്. ആദ്യകാലത്ത് ആശ്രമ ദൈവാലയം തന്നെയായിരുന്നു ഇടവക പ്പള്ളിയും. ബഹു.ഗീവർഗീസച്ചൻ ജീവിച്ചിരുന്നപ്പോൾ എല്ലാ ദിവസവും ബഹു.ഗീവർഗീസച്ചന്റെ അടുത്ത് കുടുംബാംഗങ്ങൾ വരുന്ന പതിവുണ്ടായിരുന്നു.

**സ്വയം അടിക്കുന്ന ആവേശക്കാരൻ**

തിരുവല്ലാ കത്തീഡ്രൽ വികാരിയായിരിക്കുമ്പോൾ ആളുകളെ ആത്മീയ കർമ്മങ്ങളിൽ ശിക്ഷണ ബോധത്തോടെ പങ്കെടുക്കാൻ ബഹു.ഗീവർഗീസച്ചൻ പരിശ്രമിക്കുമായിരുന്നു. പള്ളിയിലും മറ്റും ഭക്തിയില്ലാതെയും അലങ്കോലമായും നടക്കുന്നതും ഭക്തകർമ്മങ്ങ ളിൽ ഭക്തിയില്ലാതെ പങ്കെടുക്കുന്നതും ബഹു.അച്ചന് ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നില്ല. കുട്ടികളെയും മുതിർന്നവരെയും വരിവരിയായി നിർത്തിയും ആരെങ്കിലും സംസാരിക്കുകയോ നിര തെറ്റിക്കുകയോ ചെയ്താൽ ബഹു.ഗീവർഗീസച്ചനിലെ തീക്ഷ്ണത ഉണരും. അദ്ദേഹം തന്റെ വടിയുപയോഗിച്ച് തന്നെത്തന്നെ അടിക്കുകയും ആളുകളെ ചിട്ടയോടെ നിൽക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുമായിരുന്നു. ചുരുക്കത്തിൽ ഭക്തിയുടെയും ചിട്ടയുടെയും ക്രമത്തിന്റെയും തീക്ഷ്ണതയേറിയ പ്രയോക്താവായി രുന്നു ബഹു.അച്ചൻ.

ഒരു ഇടവകക്കാരൻ പറയുന്നു, എല്ലാവരെയും സമഭാവനയോടെ കാണാൻ ബഹു.ഗീവർഗീസച്ചന് സാധിച്ചിരുന്നു. സാധുക്കളെയും ആവശ്യക്കാരെയും അവരുടെ ആവശ്യം അറിഞ്ഞ് സഹായിക്കുന്ന തിൽ ബഹു.അച്ചന് വലിയ നിർബന്ധമുണ്ടായിരുന്നു. 1948 വരെ കത്തീഡ്രൽ വികാരിയായിട്ടും തിരുവല്ലാ രൂപതാ പ്രൊക്യുറേറ്ററായിട്ടും മാർ തെയോഫിലോസ്, മാർ സേവേറിയോസ് പിതാക്കന്മാരുടെ വലംകൈയ്യായും ബഹു.ഗീവർഗീസച്ചൻ ഔദാര്യബുദ്ധിയോടെ ശുശ്രൂഷ ചെയ്തിരുന്നു.

**മാർ അത്തനാസ്യോസ് കുടുംബക്കാരൻ**

തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷനായി 1954-ൽ അഭിഷിക്തനായ ബഹു.ചെറിയാൻ പോളച്ചിറക്കൽ അച്ചൻ അഭിവന്ദ്യ സഖറിയാസ് മാർ

www.malankaralibrary.com

അത്തനാസ്യോസ് എന്ന അഭിധാനത്തോടെ രൂപതാഭരണം ഏറ്റെടുത്തു. ബഹു.ഗീവർഗീസച്ചന്റെ പൂവത്തൂർ മാമ്പഴക്കാട്ടിൽ കുടുംബവും പോളച്ചിറക്കൽ കുടുംബവും ബന്ധു കുടുംബങ്ങളായിരുന്നു. അഭിവന്ദ്യ മാർ അത്തനാസിയോസ് പിതാവിന് അമ്മാവനെപ്പോലെയായിരുന്നു ബഹു.ഗീവർഗീസച്ചൻ. അവരുടെ കുടുംബങ്ങളും അടുപ്പവും രണ്ടുപേരും വിലപ്പെട്ടതായി കരുതിയിരുന്നു. തിരുവല്ലായിലും തിരുവനന്തപുരത്തും വരുമ്പോഴൊക്കെയും രണ്ടുപേരും തങ്ങളുടെ കുടുംബബന്ധം അനുസ്മരിക്കുകയും അടുപ്പത്തോടെ പെരുമാറുകയും ചെയ്തിരുന്നു.

തന്റെ ഇടവകയിലെ ആളുകളുടെ ഉന്നമനത്തിനായി എല്ലാ ബന്ധങ്ങളും ഉപയോഗിച്ചിരുന്ന ബഹു.ഗീവർഗീസച്ചൻ അനേകർക്ക് തുണയും ആശ്വാസവുമായി മാറിയിട്ടുണ്ട്. കേരളത്തിലെയും ഇന്ത്യയിലെയും സാധാരണക്കാരുടെ സ്ഥിതി മെച്ചപ്പെടുത്താൻ സഭയുടെ സഹായങ്ങളും സർക്കാരിന്റെ സഹായങ്ങളും എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് സാധാരണക്കാർക്ക് വിശദീകരിച്ചുകൊടുക്കുന്നതും ബഹു.അച്ചന്റെ സ്വഭാവത്തിന്റെ ഭാഗമായിരുന്നു. അഭ്യസ്തവിദ്യരായ യുവതികളെ നഴ്സിംഗിനും മറ്റും ജർമ്മനിയിൽ വിട്ട് അനേക കുടുംബങ്ങൾക്ക് കൈത്താങ്ങാകുവാൻ ബഹു. ഗീവർഗീസച്ചനും അഭിവന്ദ്യ മാർ അത്തനാസ്യോസ് പിതാവും അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവും പരിശ്രമിക്കുകയുണ്ടായി.

**പുലയനാർകോട്ടയിലെ സേവനപർവ്വം**

കേരളസർക്കാർ മെഡിക്കൽ കോളേജിന്റെ അനുബന്ധമായി പുലയനാർകോട്ട എന്ന വിശാലമായ പ്രദേശത്ത് ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് (Chest Disease) ഒരു സാനട്ടോറിയം നിർമ്മിച്ചു. അക്കാലത്ത് ക്ഷയവും അത്തരം രോഗങ്ങളും അദ്ധ്വാനികളായ സ്ത്രീ പുരുഷന്മാർക്ക് സാധാരണമായിരുന്നു. നിരന്തരമായ പ്രതിരോധ കുത്തിവെയ്പ്പ് മറ്റ് പരിശ്രമങ്ങളും വഴിയായിട്ടാണ് കേരളം അതിൽനിന്ന് മുക്തി പ്രാപിച്ചത്. സ്കൂൾ കുട്ടികൾക്കെല്ലാം പ്രതിരോധ കുത്തിവയ്പുകൾ നൽകിയിരുന്നു.

പുലയനാർകോട്ടയിലെ സാനട്ടോറിയത്തിൽ ആഴ്ചതോറും പോയി രോഗികളെ സന്ദർശിക്കുകയും വി.കുർബാന അർപ്പിക്കുകയും

www.malankaralibrary.com

സാധുക്കളെ സഹായിക്കുകയും എല്ലാം ചെയ്തിരുന്നു. ക്ഷയരോഗം പകരാനിടയുള്ള ഒരു രോഗമായതുകൊണ്ട് പ്രായമായ താൻ അതിന് വിധേയനായാലും ചെറുപ്പക്കാരനായ വൈദികരെ അത്തരം ശുശ്രൂഷയ്ക്ക് വിടേണ്ടതില്ലാ എന്ന നിർബന്ധം ബഹു.അച്ചനുണ്ടായിരുന്നു. ഞായറാഴ്ച രാവിലെ മുതൽ ബഹു.അച്ചൻ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കും. ഓരോ ഞായറാഴ്ചയും ബഹു.അച്ചനെ സംബന്ധിച്ച് ഒരു സംഭവമായിരുന്നു എന്ന് പറയാം. ഏതാണ്ട് കുറേ വർഷം (1976) കഴിഞ്ഞപ്പോൾ ബഹു.അച്ചൻ പുലയനാർകോട്ടയിലെ ശുശ്രൂഷ അവസാനിപ്പിച്ചു.

**പുലയനാർകോട്ട പുനരധിവാസകേന്ദ്രം**

ബഹു.ജോൺ കുഴിനാപ്പുറത്തച്ചന്റെ നേതൃത്വത്തിലും പുലയനാർകോട്ടയിലെ ഹോസ്പിറ്റലിന്റെ പ്ലാൻ അനുസരിച്ചും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ പിന്തുണയോടും (ബഹു.ആൻഡ്രൂസ് മേലേൽ ഒ.ഐ.സി. അച്ചൻ ഒരു വിദേശിയായ ഗുണകാംക്ഷിയുടെ വിലാസം തരികയും ഉണ്ടായി) ഏതാനും സെന്റ് ഇവിടെ പുനരധിവാസകേന്ദ്രത്തിനായി പുലയനാർകോട്ട ഹോസ്പിറ്റൽ ഭാരവാഹികൾ ബഥനിക്കായി അനുവദിച്ചു തരികയും ബഹു.ജോണച്ചന്റെ നേതൃത്വത്തിൽ ഒരു സ്ഥാപനം അവിടെ ആരംഭിക്കുകയും ചെയ്തു. നാലാഞ്ചിറ ബഥനി ആശ്രമത്തിൽനിന്ന് അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്തുവരുന്നു. ഈ ലേഖകൻ നാലാഞ്ചിറ സുപ്പീര്യറായിരുന്ന (1994-2001) സമയത്ത് പുലയനാർകോട്ട പുനരധിവാസ കേന്ദ്രത്തിന്റെ ഡയറക്ടറും ചാപ്ലയിനും ആയിരുന്നത് ഓർക്കുന്നു. ഇപ്പോൾ പ്രൊവിൻഷ്യൽ സുപ്പീര്യറിന്റെ മേൽനോട്ടത്തിലാണ് പുനരധിവാസകേന്ദ്രം പ്രവർത്തിക്കുന്നത്.

അവിടുത്തെ ചിലവിനായി എല്ലാ മാസവും ഒരു നിശ്ചിത തുക ബഹു.ആൻഡ്രൂസച്ചൻ പരിചയപ്പെടുത്തിയ അഭ്യുദയകാംക്ഷി വഴി നിക്ഷേപിച്ച സ്ഥിരനിക്ഷേപത്തിൽ നിന്ന് (ശ്രീ അലോഷ്യസ് ബേഹറർ) പലിശയായി ലഭിക്കുന്നുണ്ട്. നെടുമങ്ങാട് വൈദിക ജില്ലയ്ക്കും ഈ അഭ്യുദയകാംക്ഷി വഴി (ബഹു.ആൻഡ്രൂസച്ചൻ പരിചയപ്പെടുത്തിയ) ഒരു സ്ഥിരനിക്ഷേപം ലഭിക്കുകയുണ്ടായി. ബഹു.ഫിലിപ്പ് ആന്നിയിലച്ചനാണ് കൂടുതൽ കാലവും ബന്ധങ്ങൾ നിലനിർത്തിയതും പണം ലഭ്യമാക്കാൻ പ്രവർത്തിച്ചതും.

www.malankaralibrary.com

ബഹു.ആൻഡ്രൂസ് മേലേൽ ഒ.ഐ.സി. അച്ചൻ ദീർഘകാലം തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറും നെടുമങ്ങാട് പ്രദേശത്തെ ആദ്യകാല മിഷനറിയുമായിരുന്നു. സാധുക്കളോടുള്ള കരുതൽ അദ്ദേഹത്തെ ഒരു ദീനബന്ധുവാക്കിയെന്ന് പറയാം. 1967-ൽ ബഹു.ആൻഡ്രൂസച്ചൻ അമേരിക്കയിലേക്ക് പോവുകയും അവിടെ പ്രവർത്തിച്ചുകൊണ്ട് സാധുക്കളെ സഹായിക്കുകയും മറ്റും ചെയ്യുകയും 1999-ൽ നാട്ടിലെത്തുകയും 2001-ൽ അമേരിക്കയിൽ നിന്ന് തിരിച്ചെത്തി തിരുവല്ലാ ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുകയും ചെയ്തു. തന്നോട് ആവശ്യപ്പെടുന്ന എല്ലാവർക്കും തന്നാലാവുന്ന സഹായം ചെയ്യുന്നതിൽ ബഹു.ആൻഡ്രൂസച്ചൻ ബദ്ധശ്രദ്ധനായിരുന്നു. പുതിയ പേന വാങ്ങിയാൽ അന്നുതന്നെ പേനയില്ലെന്ന് പറഞ്ഞ് തന്നെ സമീപിക്കുന്നവർക്ക് അത് കൊടുത്തെന്നു വരും. കൈയിലുള്ളതെല്ലാം ആവശ്യക്കാർക്ക് കൊടുത്ത് ബസിനും നടന്നും നെടുമങ്ങാട്ടെ മുണ്ടേലയിൽ നിന്നും മറ്റും നാലാഞ്ചിറയിൽ എത്തിച്ചേരുന്ന ആൻഡ്രൂസച്ചൻ എല്ലാവർക്കും പ്രിയങ്കരനായിരുന്നു. ധാരാളം പേരെ ഉയർന്നുവരുന്നതിനും പഠിക്കുന്നതിനും ബഹു.അച്ചൻ സഹായിച്ചിട്ടുണ്ട്. 1995-ൽ പട്ടം കത്തീഡ്രലിലേക്ക് നടന്നുചെന്ന എന്നോട് അവിടെയുണ്ടായിരുന്ന ഒരു പ്രായമായ സാധുസ്ത്രീ ബഹു.ആൻഡ്രൂസച്ചൻ ഇപ്പോഴെവിടെയാണ് എന്ന് ചോദിച്ചത് ഞാൻ ഓർക്കുന്നു. ജന്മംകൊണ്ട് കോഴഞ്ചേരി അയിരൂർ സ്വദേശിയായിരുന്ന ബഹു.ആൻഡ്രൂസച്ചൻ പുലയനാർകോട്ടയ്ക്കും നെടുമങ്ങാടിനും സഹായിക്കാൻ ഒരു ഉപകാരിയെ പരിചയപ്പെടുത്തി. ശ്രീ. അലോഷ്യസ് ബേഹറർ.

ഇന്നിപ്പോൾ ഏതാണ്ട് ഇരുപതോളം അംഗങ്ങൾ പുലയനാർകോട്ടയിലെ പുനരധിവാസ കേന്ദ്രത്തിലുണ്ട്. മൂന്ന് ബഹു.സിസ്റ്റേഴ്സ് (മേരിമക്കൾ സമൂഹം) ഈ പുനരധിവാസ കേന്ദ്രത്തിൽ നേതൃത്വം കൊടുക്കാനും ശുശ്രൂഷിക്കാനായും പ്രവർത്തിക്കുന്നു. ആശ്രമത്തിൽ നിന്ന് ബഹു.അച്ചന്മാർ എല്ലാ ദിവസവും വി.കുർബാന അർപ്പിക്കാനായിട്ട് എത്തുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

ഒരാൾ വിതച്ചു. മറ്റൊരാൾ നനച്ചു എന്ന വേദവാക്യംപോലെ ബഹു.ഗീവർഗീസ് മാമ്പഴക്കാട്ടച്ചന്റെയും ബഹു.ആൻഡ്രൂസച്ചന്റെയും

www.malankaralibrary.com

ബഹു.ജോൺ കുഴിനാപ്പുറത്തച്ചന്റെയും പ്രവർത്തനത്തിന്റെ ആകെ തുകയായ ആ സാധുജന സഹായകേന്ദ്രം പ്രവർത്തനക്ഷമമായി അനേകർക്ക് സഹായമായി വിരാജിക്കുന്നു.

ബഹു.ഗീവർഗീസ് അച്ചന്റെ ത്യാഗവും പിന്നീടുള്ള അനേകരുടെ ഇടപെടലും പുലയനാർകോട്ട പ്രവർത്തനങ്ങൾ സഭയ്ക്കും സമൂഹത്തിനും മാതൃകയായി നിലകൊള്ളുന്നു. എല്ലാത്തിനെയും ഓർത്ത് എല്ലാവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ബഹു.ഗീവർഗീസച്ചന്റെ ഒരു ചരിത്രമെഴുതുന്നത് പുതിയ തലമുറയ്ക്ക് വലിയ പ്രചോദനമേകുമെന്ന് ശ്രീ.ജോർജ് മാമ്പഴക്കാട്ടിലിനോട് (ജോയി) നിർദ്ദേശിച്ചത് ബഹു.ഡൊമിനിക്ക് സഖറിയാസ് അച്ചനാണ്. മലങ്കര കത്തോലിക്കാസഭയിൽ യുവജനപ്രസ്ഥാന ത്തിന് ബഹു.ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി. അച്ചനോടൊപ്പം ആരംഭം കുറിച്ചത് ബഹു.ഡൊമിനിക് സഖറിയാസച്ചനായിരുന്നു. സഭയെപ്പറ്റിയും സമൂഹത്തെപ്പറ്റിയും ആവേശം കൊള്ളുന്ന ഒരു വൈദികനായിരുന്ന ബഹു.ഡൊമിനിക് സഖറിയാസച്ചൻ. എം.എസ്.സി. ബിരുദധാരിയായിരുന്ന ബഹു.ഡൊമിനിക്കച്ചൻ മാർ ഈവാനിയോസ് കോളേജിൽ കുറച്ചുനാൾ പഠിപ്പിച്ചെങ്കിലും ഇടവക ജോലികളായിരുന്നു ബഹു.അച്ചന് താല്പര്യം. അച്ചൻ പത്തനംതിട്ട ഇടവക വികാരിയായിരിക്കുമ്പോഴാണ് പെരുന്നാട്ടിൽ നിന്ന് മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്ക് തീർത്ഥയാത്രയും പിന്നീട് പദയാത്രയും ആരംഭിച്ചത്. എം.സി.വൈ.എം. എന്ന മലങ്കര യുവജന പ്രസ്ഥാനത്തിന് ആരംഭം കുറിച്ചതും ബഹു.അച്ചനും അന്ന് കുമ്പഴ വികാരിയായിരുന്ന ബഹു.ഇഗ്നേഷ്യസ് അച്ചനും കൂടെയാണ്. ആദ്യം മോട്ടോർ സൈക്കിളിൽ വാഹന യാത്രയായിട്ടാണ് ആരംഭിച്ചതെങ്കിലും പിന്നീട് അത് ആദരണീയവും ഭക്തനിർഭരവുമായ പദയാത്രയായി പരിണമിക്കുകയും അഭിവന്ദ്യ പിതാക്കന്മാർ അതിന് അംഗീകാരവും പ്രോത്സാഹനവും നൽകുകയും ചെയ്തു.

ബഹു.ഗീവർഗീസച്ചന്റെ ചരിത്രം മാർഗ്ഗദർശകമാകുമെന്ന് കുടുംബാംഗങ്ങളോടുപറഞ്ഞ് പ്രോത്സാഹിപ്പിച്ച ബഹു.ഡൊമിനിക്ക് സഖറിയാസിന്റെ സ്മരണയ്ക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

www.malankaralibrary.com

ബഹു.ഡൊമിനിക്ക് സഖറിയാസച്ചൻ സിറിൽ അച്ചനെ കാണാൻ കോട്ടയത്തു വരും (മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ). സഭയെ സംബന്ധിച്ച അനേകം കാര്യങ്ങൾ ഒറ്റ ശ്വാസത്തിൽ സിറിലച്ചനോട് പറയും. എല്ലാം കേട്ടിട്ട് സിറിലച്ചൻ ചോദിക്കും. ബഹു.അച്ചൻ ഭക്ഷണം കഴിച്ചോ. താമസിക്കാൻ മുറി കിട്ടിയോ എങ്ങനെയുണ്ട് ആരോഗ്യമൊക്കെ. ഇവിടെ താമസിക്കുന്നോ എന്നിങ്ങനെ ചോദിക്കുമ്പോൾ എല്ലാ ആവേശവും പക്വത പ്രാപിച്ച് ശാന്തമായി ചിന്തിച്ച് യാത്ര പറയും. ഇതാണ് ഡൊമിനിക്ക് സഖറിയാസച്ചൻ. ബഹു.അച്ചനെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.

**ഐക്യത്തിന്റെ കാവൽഭടൻ**

തിരുവനന്തപുരത്ത് വിശ്രമജീവിതം നയിക്കുമ്പോൾ തിരുവനന്തപുരം ലത്തീൻ രൂപതയുമായും തിരുവനന്തപുരത്തെ സീറോമലബാർ കത്തോലിക്കരുമായും വിവിധ സന്ന്യാസ സമൂഹങ്ങളുമായും അവരുടെ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ യാതൊരുവിധ അസ്വാരസ്യവും ഉണ്ടാവരുതെന്ന് ബഹു.ഗീവർഗീസച്ചന് നിർബന്ധമുണ്ടായിരുന്നു. അഭിവന്ദ്യ പിതാക്കന്മാരോടും മറ്റാളുകളോടും ഇത്തരം വിഷയങ്ങളിൽ ഇടപെട്ട് സംസാരിക്കുവാൻ ബഹു.അച്ചൻ ശ്രദ്ധാലുവായിരുന്നു.

തിരുവനന്തപുരം ലത്തീൻ ബിഷപ്പായിരുന്ന അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേരയും പിന്നീടുള്ള മെത്രാന്മാരുമായും തന്റെ ശിഷ്യൻകൂടിയായ അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് നല്ല ബന്ധം പുലർത്തുവാൻ ബഹു.അച്ചൻ ഇടപെടുമായിരുന്നു. കർമ്മലീത്താക്കാർ തിരുവനന്തപുരത്ത് വരുന്നതിനും ജസ്യൂട്ടു സഭക്കാർ തിരുവനന്തപുരത്ത് ഭവനമാരംഭിക്കുന്നതിനും ഒരു കാരണവശാലും തടസം നിൽക്കരുതെന്ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനോട് ബഹു.അച്ചൻ നിഷ്കർഷിക്കുമായിരുന്നു. തിരുവനന്തപുരത്ത് ഐക്യത്തിന്റെ ഒരു മുഖം കാത്തുസൂക്ഷിക്കുവാൻ കരുതലോടെ പരിശ്രമിച്ച വൈദികരിൽ മുൻപന്തിയിലായിരുന്നു ബഹു.ഗീവർഗീസ് മാമ്പഴക്കാട്ടച്ചൻ. ഐക്യത്തിന്റെ ആ പിതാവിനെ നമുക്ക് നെഞ്ചിലേറ്റാം. അദ്ദേഹത്തിന്റെ ഓർമ്മ വാഴ്വിനായി തീരട്ടെ.

www.malankaralibrary.com

**ബഹു.ഗീവർഗീസച്ചന്റെ വേർപാടും സംസ്കാരവും**

ബഹു.ഗീവർഗീസച്ചൻ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടതായി ഓർക്കുന്നില്ല. സ്വയം ആരോഗ്യകാര്യങ്ങൾ ശ്രദ്ധിക്കുകയും അവസാനകാലംവരെയും ശാന്തമായി ചിട്ടയോടെ ആരോഗ്യകാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്തു. ബഹു.ഗീവർഗീസച്ചന് ക്ഷീണം കൂടിയപ്പോൾ ബഹു.സന്തോഷ് മഠത്തിൽ ഒ.ഐ.സി. അച്ചനും ബഹു.സാവിയോ ഒ.ഐ.സി. അച്ചനും ചേർന്നാണ് തൈലാഭിഷേകം നടത്തിയത്. 1991 ജനുവരി 10-ാം തീയതി ബഹു.അച്ചൻ ദിവംഗതനായി. തുടർന്ന് ബഹു.അച്ചന്മാരും ആശ്രമാംഗങ്ങളും പ്രാർത്ഥനകൾ നടത്തി. മൃതദേഹം അംശവസ്ത്രങ്ങൾ അണിയിച്ച് ദൈവാലയത്തിൽ പ്രാർത്ഥനയ്ക്കും പൊതുദർശനത്തിനായും ക്രമീകരിച്ചു വച്ചു. തുടർന്ന് സംസ്കാര ശുശ്രൂഷയും നടത്തപ്പെട്ടു. ധാരാളംപേർ സംസ്കാര കർമ്മങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് പിതാവും അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവും, സുപ്പീര്യർ ജനറലായിരുന്ന ബഹു.ലൂയീസ് മൂലവീട്ടിലച്ചനും സംസ്കാരകർമ്മത്തിന് നേതൃത്വം നൽകി. നാല്പതാം ദിവസം പ്രത്യേകം വി.കുർബാനയും ധൂപപ്രാർത്ഥനയും നടത്തുകയും എല്ലാ ദിവസവും വി.കുർബാന അർപ്പിക്കുകയും ഉണ്ടായി. എല്ലാ വർഷവും ബഹു.അച്ചന്റെ ഓർമ്മ ദിനത്തിൽ പ്രത്യേകം വി.കുർബാനയും കബറിങ്കൽ ധൂപ പ്രാർത്ഥനയും നടത്തുന്നു.

സഭകളെ സ്നേഹിക്കുകയും കത്തോലിക്കാസഭയിൽ തന്നെ വിവിധ റീത്തുകൾ തമ്മിൽ അടുപ്പവും ഐക്യവും ഉണ്ടാകണമെന്ന് ആഗ്രഹിച്ച ബഹു.അച്ചൻ ജനസഹസ്രങ്ങളുടെ ഹൃദയത്തിൽ ഐക്യത്തിന്റെയും ആവേശത്തിന്റെയും ആൾരൂപമായി വിരാജിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# ഫാ.ഗീവർഗീസ് മാമ്പഴക്കാട്ടിലും തിരുവല്ലാ കത്തീഡ്രലും

**(ഐക്യദീപം, 2020 ഡിസംബർ, പേജ് 28...)**



*അയർലണ്ടിൽ മലങ്കര കത്തോലിക്കാ സഭയുടെ ചുമതല നിർവ്വഹിക്കുന്നു. തിരുവല്ലാ രൂപതയിലെ വൈദികരുടെയും മെത്രാന്മാരുടെയും സ്ഥാപനങ്ങളുടെയും ചരിത്രം തയ്യാറാക്കാൻ തയ്യാറാവുകയും സഭയ്ക്കുതന്നെ അത് മുതൽക്കൂട്ടാവുകയും ചെയ്തിട്ടുണ്ട്.*

**ഫാ. ചെറിയാൻ താഴമൺ**
(തിരുവല്ല അതിഭദ്രാസനം)

തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷന്റെ ഔദ്യോഗിക കത്തീഡ്രൽ ദേവാലയവും തിരുവല്ല പട്ടണത്തിന്റെ തിലകക്കുറിയുമായി മാറിയിരിക്കുന്ന സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ആരംഭിച്ചിട്ട് തൊണ്ണൂറ് വർഷം പൂർത്തിയാക്കി, അനേകരെ ആകർഷിക്കുന്ന ഇടവക കൂട്ടായ്മയും ദേവാലയവുമായി രൂപപ്പെട്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ കത്തീഡ്രലിന്റെ വസ്തുതാപരമായ ചരിത്രം തേടിയുള്ള അന്വേഷണമാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യം. 'ഇവൻ ആ തച്ചന്റെ മകനല്ലേ' എന്ന് നാട്ടുകാർ പറഞ്ഞ് അധിക്ഷേപിച്ചിരുന്നവനെ, 'സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു' എന്ന് ശതാധിപൻ ഏറ്റു പറഞ്ഞു പ്രഖ്യാപിച്ചതുപോലെ, കുഴിയിൽ തിരുമേനിയുടെ ഓലക്കുടിൽ എന്ന് പുനരൈക്യ വിരോധികൾ വിളിച്ചധിക്ഷേപിച്ചിരുന്ന സെന്റ് ജോൺസ് കത്തീഡ്രലിനെ വാസ്തുശില്പികളെക്കൊണ്ട്, തച്ചുശാസ്ത്രത്തിന് പഠനമാതൃകയെന്നും, പൊതുസമൂഹത്തെക്കൊണ്ട് നാടിന്റെ തിലകക്കുറിയെന്നും പറയിക്കുവാൻ ഇടയാക്കിയ ദൈവനടത്തിപ്പിന്റെ ചരിത്രമാണ് സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിന്റെ ചരിത്രം. മലങ്കര പുനരൈക്യത്തിന്റെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും ചരിത്രം ദൈവനടത്തിപ്പിന്റേതാണെന്നത് സാക്ഷികളാവശ്യമില്ലാത്തത്ര വ്യക്തമാണ്.

'സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും' എന്നുള്ളത് മാറ്റമില്ലാത്ത ദൈവവചനമാണല്ലോ. മലങ്കരസഭയിൽ ഉണ്ടായ അനൈക്യവും അസമാധാനവും ദുരീകരിച്ച് ഐക്യവും സമാധാനവും പുനഃസ്ഥാപി

www.malankaralibrary.com

ക്കുവാനുള്ള ശ്രമത്തിന്റെ ഫലമാണ് 1930 സെപ്റ്റംബർ 20-ന് ശനിയാഴ്ച സഫലമായ മലങ്കര പുനരൈക്യവും, അതിലൂടെ സാർവ്വത്രികസഭാ കൂട്ടായ്മയിൽ പുനഃപ്രവേശിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയും. അതുകൊണ്ടുതന്നെ അത് ദൈവനടത്തിപ്പിലാണ്, ദൈവമക്കളുടെ കൂട്ടായ്മയാണ്, അതിന്റെ ഓരോ ചലനവും നിയന്ത്രിക്കുന്നത് ദൈവമാണ്, അവൻ അതിനെ സമൂഹത്തിൽ ഉയർത്തി പ്രതിഷ്ഠിച്ചിരിക്കുന്നു. സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിന്റെ ചരിത്രത്തിൽ ഉടനീളം നാം ദർശിക്കുന്നതും ഇതാണ്.

ക്രിസ്തുശിഷ്യൻ മാർതോമ്മാശ്ലീഹായുടെ സുവിശേഷ പ്രവർത്തനംവഴിയായി ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടിൽതന്നെ മലങ്കരയിൽ രൂപപ്പെട്ട ക്രൈസ്തവസമൂഹം പത്രോസ് തലവനായി യേശുക്രിസ്തു സ്ഥാപിച്ച അപ്പസ്തോലിക കൂട്ടായ്മയുടെ ഭാഗവും, ചരിത്രത്തിൽ പത്രോസിന്റെ പിൻഗാമിയായ റോമിലെ റീശ് പാത്രിയർക്കീസ് എന്ന് ഹൂദായ കാനോൻ വിശേഷിപ്പിക്കുന്ന മാർപാപ്പാ, തലവനും പിതാവുമായിരിക്കുന്ന സാർവ്വത്രികസഭാ കൂട്ടായ്മയുടെ ഭാഗവുമായിരുന്നു. കാലാകാലങ്ങളിൽ വിദേശത്തു നിന്നും മലങ്കരയിലെത്തിയ റോമാ മാർപാപ്പായുടെ നേതൃത്വത്തിലുള്ള സാർവ്വത്രിക സഭാസംസർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്ന സഭാപിതാക്കന്മാരെ മലങ്കര സഭാമക്കൾ സ്വീകരിക്കുകയും, അവരിലൂടെ ആരാധനക്രമവും സുറിയാനിഭാഷയും ഉൾപ്പെടെ നിരവധി നന്മകൾ മലങ്കരസഭയ്ക്ക് ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പോർട്ടുഗീസുകാരുടെ അതിരു കടന്ന ഇടപെടലുകൾ മലങ്കരസഭയിൽ അസ്വസ്ഥതകൾ ഉണ്ടാക്കുകയും അത് 1653 ലെ കൂനൻകുരിശ് സത്യത്തിലേക്കും, കാലാന്തരത്തിൽ ഭിന്നതയിലേക്കും മലങ്കരസഭയെ നയിച്ചു. ഭിന്നത തീർക്കുവാനുള്ള ശ്രമങ്ങളുടെ പരാജയവും അന്ത്യോക്യായിൽ നിന്നുള്ള മെത്രാൻ മാർ ഗ്രിഗോറി യോസിന്റെ വരവും പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിന്റെ ലഭ്യതയും ഭിന്നതയെ പിളർപ്പിലേക്കു നയിക്കുകയും അങ്ങനെ ഭിന്നിച്ചു നിന്നിരുന്ന സമൂഹം (പുത്തൻകൂർ സമൂഹം) യാക്കോബായ സഭയായി പരിണമിക്കുകയും ചെയ്തു. ഭിന്നതയും പിളർപ്പും ഒഴിവാക്കി സാർവ്വത്രികസഭയുമായി പുനരൈക്യപ്പെടുവാനുള്ള ശ്രമങ്ങൾ വീണ്ടും നടന്നുകൊണ്ടിരുന്നുവെങ്കിലും, കൂനൻകുരിശു സത്യത്തിൽ തുടങ്ങിയ ഭിന്നതയ്ക്കു 277 വർഷങ്ങൾക്കുശേഷം 1930 സെപ്റ്റംബർ 20-ന് മാത്രമാണ് സ്ഥായിയായി ഒരു പരിഹാരം ഉണ്ടായത്. ഭിന്നിച്ചു മാറിനിന്ന സമൂഹത്തെ

www.malankaralibrary.com

സാർവ്വത്രിക സഭാകൂട്ടായ്മയിലേക്ക് ഉൾച്ചേർക്കുവാൻ പരിശുദ്ധ റോമാസിംഹാസനം നല്കിയ അനുവാദത്തിലൂടെ, ഭിന്നിച്ചുമാറിയ സമൂഹത്തെ പ്രതിനിധീകരിച്ച് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മറ്റ് നാലുപേരും ചേർന്ന് കൊല്ലം തങ്കശ്ശേരി അരമന ചാപ്പലിൽവച്ച്, റോം പ്രത്യേകം ചുമതലപ്പെടുത്തിയിരുന്ന അഭിവന്ദ്യ അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനിയുടെ മുൻപാകെ, സത്യവിശ്വാസം ഏറ്റുപറഞ്ഞ് സാർവ്വത്രിക സഭാ കൂട്ടായ്മയിൽ പ്രവേശിച്ചത് അന്നാണല്ലോ. ഭിന്നതയുടെ മാർഗ്ഗം വെടിഞ്ഞ് ഐക്യത്തിന്റെ മാർഗ്ഗത്തിലേക്ക് കടന്നുവന്നവർ പീയൂസ് പതിനൊന്നാമൻ മാർപാപ്പായുടെ 'ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി' എന്ന തിരുവെഴുത്തുവഴിയായി തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ല ഭദ്രാസനവും ഉൾക്കൊള്ളുന്ന നൈയ്യാമിക സഭാസംവിധാന ത്തോടുകൂടിയ വ്യക്തിഗതസഭയായി സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഉൾച്ചേർക്കപ്പെട്ടു. അപ്രകാരം 1932 ജൂൺ 11-ന് നിലവിൽ വന്ന്, 1933 നവംബർ 6-ാം തീയതി ഔദ്യോഗികമായി ഉത്ഘാടനം ചെയ്യപ്പെട്ട തിരുവല്ല മെത്രാപ്പോലീത്തൻ കത്തീഡ്രലിന്റെ ചരിത്രമാണ് ഇവിടെ അന്വേഷണ വിധേയമാക്കപ്പെടുന്നത്.

**അസാധാരണമായ തുടക്കം**

പുനരൈക്യസംഭവത്തിന് മുമ്പേ ആരംഭിച്ചതാണ് തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ എന്ന് ഇന്നറിയപ്പെടുന്ന ദേവാലയം. ബഥനിമെത്രാൻ അഭി.യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ആസ്ഥാനമായിരുന്നു തിരുവല്ല ബഥനിപ്പള്ളി. 1930-നോടടുത്ത് മാർ തെയോഫിലോസ് തിരുമേനിക്ക് നല്ല സുഖമില്ലാതെ വന്നതിനാൽ മാർ ഈവാനിയോസ് പിതാവി നോടൊത്ത് അദ്ദേഹം വിശ്രമാർത്ഥം പെരുന്നാട്ടിൽ ബഥനി ആശ്രമത്തിലെത്തിയതിനെ തുടർന്ന് പെരുനാട് ബഥനിയുടെ ചുമതലക്കാരനായിരുന്ന പടിഞ്ഞാറേമണ്ണിൽ ബഹു.ഏബ്രഹാം ഒ.ഐ.സി. അച്ചനെ തിരുവല്ല ബഥനിയുടെ ചുമതലക്കാരനായി മാർ ഈവാനിയോസ് പിതാവ് അയച്ചു. അച്ചനോടൊപ്പം കുന്ദംകുളം തെക്കേക്കര പൗലോസ് ശെമ്മാശനും അയിരൂർ ചെമ്പോത്തിനാൽ സാധു പക്കോമിയോസും തിരുവല്ല ബഥനിയിൽ എത്തി താമസിച്ചു. ബഥനിയും അതിന്റെ സ്വത്തുക്കളും സ്ഥാപനങ്ങളും മാർ ഈവാനി യോസ് പിതാവ് സ്വയമായും അനേക അഭ്യുദയ കാംക്ഷികളിൽ നിന്ന് സംഭാവന സ്വീകരിച്ചും ആർജ്ജിച്ചിട്ടുള്ളതാകയാൽ, അവ ബഥനിയുടെ

www.malankaralibrary.com

ലക്ഷ്യമനുസരിച്ച് മാത്രം വിനിയോഗിക്കപ്പെടുന്നതിനും യാതൊരു സമുദായത്തിനും അവകാശമില്ലാത്ത വിധം സ്വതന്ത്രമായിരിക്കുകയും ചെയ്യത്തക്ക വിധത്തിൽ പനങ്ങോട്ടത്ത് ശ്രീ.പി.കെ. കൊച്ചുമ്മൻ (നിരണം), ഇടശ്ശേരിൽ ശ്രീ.ഐ.എം.ഇടുക്കുള (റാന്നി), മേളാംപറമ്പിൽ ശ്രീ.എം. പുന്നൂസ് വർഗീസ് (പുളിക്കീഴ്) എന്നിവർ ട്രസ്റ്റികളായ ട്രസ്റ്റിന്റെ ഭരണനിയന്ത്രണത്തിലാക്കിയിരുന്നു. മലങ്കര മെത്രാപ്പോലീത്തായുടെയോ പാത്രിയർക്കീസിന്റെയോ കീഴിലല്ലാതെ സ്വതന്ത്ര പ്രസ്ഥാനമായിട്ടായിരുന്നു ബഥനി സ്ഥാപിതമായിരുന്നതും പ്രവർത്തിച്ചിരുന്നതും. അതുകൊണ്ടുതന്നെ സഭാകേസിന്റെ വിധികൾ ബഥനിയെ ബാധിച്ചിരുന്നില്ല. അപ്രകാരമൊരു ലക്ഷ്യത്തോടു കൂടിയായിരുന്നു മലങ്കര മെത്രാപ്പോലീത്ത അഭി.വട്ടശ്ശേരിൽ തിരുമേനിയുടെ അനുവാദത്തോടെ ബഥനി സ്ഥാപിച്ചിരുന്നതും. സഭാകേസ് പ്രതികൂലമായാലും ബഥനിയിലൂടെ സഭയെ പിടിച്ചു നിർത്താൻ സാധിക്കുന്നതിനുവേണ്ടിയായിരുന്നു ബഥനി പള്ളികൾ സ്ഥാപിച്ചിരുന്നതും.

ഈ കാലയളവിൽ തിരുവല്ല ബഥനിപള്ളിയും സ്ഥാപനങ്ങളുടെ സമുദായം വകയാക്കിത്തീർക്കാൻ ഓർത്തഡോക്സ് വിഭാഗം ചില പരിശ്രമങ്ങൾ നടത്തി. അതിൻപ്രകാരം എം.ജി.എം. ബോർഡിംഗിൽ താമസിച്ചിരുന്ന ഒരു ശെമ്മാശൻ വി.കുർബാനയുടെ തുബ്ദേനിൽ മാർ തെയോഫിലോസ് തിരുമേനിയുടെ പേര് പറയുന്നതിന് പകരം ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്റെ പേര് പ്രഖ്യാപിക്കുവാൻ നിയുക്തനായി. അത് തുടരുന്നതിൽ അന്നത്തെ ബഥനി പള്ളിവികാരി ബഹു.ഏബ്രഹാം ഒ.ഐ.സി. അച്ചൻ പ്രതിഷേധം അറിയിച്ചതോടെ പള്ളി ബലമായി കൈവശപ്പെടുത്തുവാനുള്ള ശ്രമങ്ങളായി. അതോടെ വികാരി, മാർ ഈവാനിയോസ് തിരുമേനിക്കും ബഥനിക്കുമുള്ള അവകാശം ഉറപ്പിക്കുന്നതിന് മാർ ഈവാനിയോസ് തിരുമേനിയുടെ കല്പന സമ്പാദിക്കുകയും സർക്കാരിന്റെ പിൻബലം നേടുകയും ചെയ്തു. അതിൻപ്രകാരം ബഥനിമെത്രാപ്പോലീത്താ താല്ക്കാലികമായി പള്ളി പൂട്ടാൻ ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ പ്രതിധ്വനി പെരുനാട് ബഥനിയിലും ഉണ്ടായി. അതിനാൽ ജീവിതസ്വൈരതയെ മുൻനിർത്തി മാർ ഈവാനിയോസ് തിരുമേനിയും ബഥാന്യരും പെരുനാട് വിട്ടിറങ്ങി വെണ്ണിക്കുളത്ത് വന്ന് താമസമാക്കി.

തിരുവല്ല ബഥനിപ്പള്ളി പൂട്ടപ്പെട്ടിരുന്നതിനാൽ ദൈനംദിനം വി.കുർബാനയിൽ സംബന്ധിക്കുന്നതിനു സൗകര്യം ഉണ്ടാക്കുന്ന

www.malankaralibrary.com

തിനും ബഥനിയോട് താല്പര്യപ്പെട്ടിരുന്നവരുടെ ആത്മീക ആവശ്യത്തെ പ്രതിയും ഒരു പ്രാർത്ഥനാലയം ആവശ്യമായി. അതിനായി ഇപ്പോൾ സെന്റ് ജോൺസ് കത്തീഡ്രൽ പള്ളിയിരിക്കുന്ന തിന് പടിഞ്ഞാറ് ഒരു സ്ഥലം പാട്ടത്തിന് എടുത്ത് ശ്രീ.കിളിലേത്ത് കെ.ജി.ചാക്കോ (ബഥനി ചാക്കോച്ചൻ)യുടെ തന്ത്രപരമായ പ്രവർത്തനംവഴി രഹസ്യമായി അനുവാദം നേടി, പുല്ലുമേഞ്ഞ ഒരു ചാപ്പൽ നിർമ്മിക്കുകയും 1930 സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച ബഹു.പടിഞ്ഞാറേമണ്ണിൽ എബ്രഹാം ഒ.ഐ.സി. അച്ചൻ അവിടെ ആദ്യമായി വി.കുർബാന അർപ്പിച്ചതായും ബഹു.എബ്രഹാം അച്ചൻതന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (cfr. ഐക്യദീപം, 1980 ഒക്ടോബർ, പേജ് 22). അന്ന് ബഥനിയിൽ 'സാധു'വായിരുന്ന ചെമ്പോത്തിനാൽ ബഹു.പക്കോമിയോസ് ഒ.ഐ.സി. അച്ചനായിരുന്നു വി.കുർബാനയ്ക്ക് ശുശ്രൂഷകനായിരുന്നത്. ഈ ചാപ്പലിൽ ആദ്യമായി ബഹു.എബ്രഹാം അച്ചൻ വി.കുർബാന അർപ്പിച്ചത് 1930 ഓഗസ്റ്റ് 31-ന് ഞായറാഴ്ചയായിരുന്നു എന്ന് ബഹു.പക്കോമിയൂസ് അച്ചൻ രേഖപ്പെടുത്തുന്നു (cfr. ഐക്യദീപം 1990 ജൂൺ, പേജ് 7). 1930 സെപ്റ്റംബർ 12-ന് ബഹു.എബ്രഹാം അച്ചൻ പുതിയ ചാപ്പലിൽ വി.കുർബാന അർപ്പിച്ചു എന്ന് കത്തീഡ്രൽ കൂദാശ സുവനീറിൽ രേഖപ്പെടുത്തിയിരിക്കുന്നു (cfr.പേജ് 76) എതിരാളികളുടെ ശല്യം ഭയന്ന് രാവിലെ 5.30-ന് വി.കുർബാന ആരംഭിച്ചതായും, രാവിലെ 7.30-ഓടുകൂടി എതിരാളികൾ എത്തിയപ്പോഴേക്കും വി.കുർബാന അവസാനിച്ചിരുന്നതായും രേഖകൾ പറയുന്നു. ചാപ്പൽ പണിത് ആദ്യമായി അതിൽ വി.കുർബാന അർപ്പിച്ച തീയതി സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായമാണ് കാണുന്നത്. അതിന്റെ കാരണം ബഹു.എബ്രഹാം അച്ചൻ ബഹു.പക്കോമിയോസ് അച്ചനും ഈ കാര്യങ്ങൾ ലേഖനരൂപത്തിൽ എഴുതിയത് അവരുടെ വാർദ്ധക്യത്തിൽ യഥാക്രമം 80ഉം 82ഉം വയസ് പ്രായമുള്ളപ്പോഴാണ്. ചാപ്പലിൽ വി.കുർബാന ആദ്യമായി അർപ്പിച്ചതല്ല ഇവിടെ പ്രസക്തം, മറിച്ച് 1930 സെപ്റ്റംബർ 20-ലെ ചരിത്രപ്രസിദ്ധമായ പുനരൈക്യ സംഭവത്തിനു മുമ്പ് ചാപ്പൽ സ്ഥാപിതമായിരുന്നു, അവിടെ വി.കുർബാന തുടർച്ചയായി അർപ്പിച്ചിരുന്നു. ആദ്യം വി.കുർബാന അർപ്പിച്ചതും ചാപ്പലിലെ ആദ്യകാല ചുമതലക്കാരനും ബഹു.എബ്രഹാം ഒ.ഐ.സി. അച്ചനായിരുന്നു, പ്രസ്തുത ചാപ്പലാണ് പിന്നീട് തിരുവല്ല ഭദ്രാസനാദ്ധ്യക്ഷന്റെ ഭദ്രാസനപള്ളിയായി രൂപപ്പെട്ട സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ തുടങ്ങിയ കാര്യങ്ങളാണ്. തിരുവല്ല

www.malankaralibrary.com

ബഥനിപ്പള്ളി പൂട്ടിയതിനെ തുടർന്നുണ്ടായ പ്രതിസന്ധിഘട്ടത്തിൽ പുതിയ ചാപ്പലിന് സ്ഥലം കണ്ടെത്തുന്നതിനും, ചാപ്പൽ നിർമ്മിക്കുന്നതിനും അനുബന്ധകാര്യങ്ങൾക്കും ബഹു.എബ്രഹാം അച്ചനോടൊപ്പം ബഥനി ട്രസ്റ്റികൾ പനങ്ങോട്ടത്ത് കൊച്ചുമ്മനും, ഇടശ്ശേരിൽ ഐ.എം. ഇടുക്കുളയ്ക്കും, മേളാംപറമ്പിൽ എം.പുന്നൂസ് വർഗീസിനും, കിളിലേത്ത് കെ.ജി.ചാക്കോയ്ക്കും പുറമെ, പ്രധാനമായും ചേരിയിൽ സി.വി.വർക്കി വർക്കി, പൈനുമ്മൂട്ടിൽ മത്തായി, കുന്നിപ്പറമ്പിൽ എബ്രഹാം സാറും സഹോദരങ്ങളും, തകടിയൽ റ്റി.കെ.കോശി, തോപ്പിൽകളത്തിൽ വർക്കിസാർ, പൈനുമ്മൂട്ടിൽ കൊച്ചുമാത്തൻ, തകടിയേൽ ടി.കെ.ജോൺ, തകടിയേൽ തങ്കമ്മ ടീച്ചർ, വാലയിൽ വി.ജെ.വർഗീസ് (കുട്ടിസാർ), കുളക്കാട്ടിൽ പൗലോസ്, കൊട്ടുവിരുത്തിൽ കുഞ്ഞുമ്മൻ, കാടുവെട്ടൂർ ചെറിയാച്ചൻ, നടുവിലേപറമ്പിൽ ആൻഡ്രൂസ്, മുളമൂട്ടിൽ കോശി, തേക്കുംപറമ്പിൽ റ്റി.കെ.ജോൺസാർ, നടുവിലേപറമ്പിൽ ജോണി, പാലത്തുങ്കൽ ഏബ്രഹാം വർഗീസ്, പരിയാരത്ത് വർഗീസ്, പോളച്ചിറയ്ക്കൽ നൈനാൻ വക്കീൽ, മുളമൂട്ടിൽ കുഞ്ഞുകുട്ടി, പാലിപ്പറമ്പിൽ തെക്ക് തോമസ്, പാലിപ്പറമ്പിൽ ജോസഫ്, പാലിപ്പറമ്പിൽ ചാക്കോ എന്നിവരുടെ കുടുംബങ്ങളും ഒപ്പം മറ്റ് പല വ്യക്തികളും ഉണ്ടായിരുന്നതായി ബഹു.എബ്രഹാം അച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ചാപ്പൽ കെട്ടാനുള്ള പറമ്പ് വാടകയ്ക്ക് വാങ്ങിയതും, ചാപ്പൽ കെട്ടാൻ നേതൃത്വം നല്കിയതും കിളിലേത്ത് ശ്രീ.കെ.ജി.ചാക്കോയായിരുന്നു. സഹായികളിൽ പ്രധാനി ശ്രീ.പാലിപ്പറമ്പിൽ പി.കെ.തോമസ് ആയിരുന്നു. പുനരൈക്യ സംഭവത്തിനു മുമ്പ് ചാപ്പലായി തുടക്കം മാത്രമല്ല, മലങ്കരയിലെ മറ്റൊരു ഇടവക കൂട്ടായ്മയ്ക്കും അവകാശപ്പെടാനാവാത്ത ചരിത്ര പ്രാധാന്യവും കത്തീഡ്രലിന് അവകാശപ്പെടാനുമുണ്ട്. പുനരൈക്യ സംഭവത്തിന്റെ സത്വരമായ ആരംഭത്തിന് കാരണവും മുഖാന്തിരവും പിള്ളത്തൊട്ടിലും തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലാണ് എന്നത് വസ്തുനിഷ്ഠമായ ഒരു വിലയിരുത്തലാണ്.

### പാലിപ്പറമ്പിൽ ശ്രീ.പി.കെ.തോമസിന്റെ പങ്ക്

കത്തീഡ്രലിന്റെ ചരിത്രം എഴുതുന്നിടത്ത് എന്തേ ഇങ്ങനെ ഒരാളുടെ വിവരണം എന്ന് ചിന്തിച്ചേക്കാം. എന്നാൽ, ഇദ്ദേഹം ശ്രദ്ധിക്കപ്പെടേണ്ട വ്യക്തി തന്നെ. തിരുവല്ല പ്രദേശത്ത് ഹരിജൻ സമൂഹത്തിൽനിന്ന് ആദ്യം സത്യവിശ്വാസം സ്വീകരിച്ച

www.malankaralibrary.com

വ്യക്തിയായിരുന്നു ശ്രീ.പി.കെ.തോമസ്. കത്തീഡ്രൽ പള്ളിയുടെ മുന്നോടിയായിരുന്ന ചാപ്പലിൽ രാത്രികാലങ്ങളിൽ കാവൽ കിടക്കാനും ബഥനി വിട്ടിറങ്ങിയവർക്ക് താത്കാലിക ചാപ്പൽ കെട്ടിയുണ്ടാക്കാനും അഭി.തെയോഫിലോസ് പിതാവിന് കുഴിയിൽ വീട് സംഘടിപ്പിക്കുന്നതിനും പിതാവിനെ സന്തത സഹചാരിയായി സഹായിക്കുന്നതിനും പുനരൈക്യ സമൂഹത്തിന്റെ സേവനത്തിനായി സദാ തയ്യാറായിരുന്ന വ്യക്തിയായിരുന്നു ശ്രീ. പി.കെ. തോമസ്. ഇപ്പോൾ കത്തീഡ്രൽ ദേവാലയം സ്ഥിതി ചെയ്യുന്ന പറമ്പിന് കിഴക്കായിരുന്നു തോമസ് താമസിച്ചിരുന്നത്. അതിനടുത്തായിരുന്നു കുട്ടൻപിള്ളയുടെ കുഴിയിൽ വീട്. തിരുവല്ലയിലെ മലയാളം ഹൈസ്കൂളിൽ പഠിച്ചിരുന്ന ദൂരദേശക്കാരായ കത്തോലിക്കാ പെൺകുട്ടികൾ കുഴിയിൽ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്നു. അവരുടെ പാട്ടും പ്രാർത്ഥനയും എല്ലാ ദിവസവും അടുത്തുള്ള നടവഴിയിൽ നിന്നുകൊണ്ട് സമീപവാസിയായ ഒരു ഹരിജൻ ബാലൻ ശ്രദ്ധിക്കുമായിരുന്നു. അങ്ങനെ അവനും ക്രിസ്തീയ പാട്ടുകളും പ്രാർത്ഥനയും പഠിച്ചു. അയൽവാസിയായ പ്രസ്തുത ബാലനെ ശ്രദ്ധിച്ച പെൺകുട്ടികൾ ചന്തയിൽ നിന്നും അവർക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങാൻ അവന്റെ സഹായം തേടി. അവൻ സന്തോഷത്തോടെ അത് സമ്മതിച്ചു. പെൺകുട്ടികളിൽ നിന്നും കത്തോലിക്കാ വിശ്വാസം പഠിച്ച ബാലൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. അന്ന് തിരുവല്ലാ പട്ടണത്തിൽ കത്തോലിക്കാ പള്ളികൾ ഉണ്ടായിരുന്നില്ല. ആകെ ഉണ്ടായിരുന്നത് കോട്ടയം രൂപതവകയായ കറ്റോട് മിഷനായിരുന്നു. പെൺകുട്ടികൾ വി.കുർബാനയ്ക്ക് പോയിരുന്നതും അവിടെയായിരുന്നു. പെൺകുട്ടികളിൽ നിന്ന് വിശ്വാസം പഠിച്ച ബാലൻ കറ്റോട് പള്ളിയിൽ മാമോദീസാ സ്വീകരിച്ച് തോമസ് എന്ന പേരിൽ കത്തോലിക്കാ സഭാംഗമായി.

തിരുവല്ലാ പട്ടണത്തിൽ ഒരു കത്തോലിക്കാ ആരാധനാലയം ഉണ്ടാകുന്നതിനെ അകത്തോലിക്കർ ശക്തമായി എതിർത്തിരുന്നു. ചങ്ങനാശ്ശേരി രൂപതയിലെ മിഷൻ കോർഡിനേറ്റർ ബഹു.ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ തിരുവല്ലയിൽ ഒരു പള്ളി തുടങ്ങാനായി കുഴിയിൽ വീടിന് പടിഞ്ഞാറ് വസ്തു വാങ്ങുകയും പള്ളി പണിയാൻ അടിസ്ഥാനശില സ്ഥാപിക്കുകയും ചെയ്തിരുന്നതാണ്. കത്തോലിക്കാ സഭയ്ക്ക് സ്ഥലം വാങ്ങാൻ പോലും വലിയ എതിർപ്പ് ഉണ്ടായിരുന്നതിനാൽ, മല്ലപ്പള്ളി കയ്യാലാത്ത് പോത്തൻ വക്കീലിന്റെ സഹായത്താൽ

www.malankaralibrary.com

ഒരു വക്കീൽ ഓഫീസിന് എന്ന രീതിയിലാണ് സ്ഥലം വാങ്ങിയത്. സർക്കാർ അനുവാദം ലഭിക്കാത്തതിനാൽ പണി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. ഈ വസ്തുവിന്റെ പടിഞ്ഞാറുള്ള പാലിയിൽ കുടുംബവക പറമ്പായിരുന്നു വാടകയ്ക്കെടുത്ത് സെന്റ് ജോൺസ് കത്തീഡ്രലിന്റെ ആദ്യ രൂപമായിരുന്ന ചാപ്പൽ പണിത് ബഹു.എബ്രഹാം ഒ.ഐ.സി. അച്ചൻ വി.കുർബാന അർപ്പിച്ചിരുന്നതും, തിരുവല്ല ബഥനിപള്ളി വിട്ടിറങ്ങിയ ബഥനി അനുഭാവികളും പുനരൈക്യ അനുഭാവികളും വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിരുന്നതും. കത്തോലിക്കാസഭയ്ക്ക് ആരാധനയ്ക്ക് ഒരു പള്ളി പണിയാൻ അനുവാദം ലഭിക്കാതിരുന്ന തിരുവല്ല പട്ടണത്തിൽ ഇപ്പോൾ മൂന്ന് ഡസനിലധികം സ്ഥലത്ത് അനുദിനം വി.കുർബാന അർപ്പിക്കപ്പെടുന്നുണ്ട് എന്നതും, ഏതൊരു വസ്തുവിൽ പള്ളി പണിയാൻ അധികാരികൾ അനുവാദം നിഷേധിക്കുകയും പള്ളി പണിയാൻ പ്രാർത്ഥിച്ച് സ്ഥാപിച്ച അടിസ്ഥാനശില അനാഥമായി കിടക്കുകയും ചെയ്തുവോ, ആ വസ്തുവിൽ തിരുവല്ല പട്ടണത്തിന്റെ തിലകക്കുറിയായ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ശിരസുയർത്തി നില്ക്കുകയും, ഏതൊരു സമൂഹത്തിന് ആരാധനാലയം നിഷേധിക്കപ്പെട്ടോ ആ സമൂഹം തിരുവല്ല പ്രദേശത്തെ സകല മനുഷ്യർക്കും ആശാകേന്ദ്രമായ മദ്ധ്യ തിരുവിതാംകൂറിലെ ഏറ്റവും പ്രസിദ്ധമായ ആതുരാലയം നടത്തുകയും ചെയ്യുന്നു എന്നത് ദൈവനീതി എന്നല്ലാതെ എന്തു പറയാൻ.

പുനരൈക്യത്തിന് തൊട്ടുമുമ്പും പിമ്പും മാർ ഈവാനിയോസ് പിതാവ് തിരുമൂലപുരത്തും, മാർ തെയോഫിലോസ് പിതാവ് തിരുവല്ലായിലുമാണ് താമസിച്ചിരുന്നത്. മാർ തെയോഫിലോസ് പിതാവിന് താമസിക്കാൻ കുഴിയിൽ വീട് വാടകയ്ക്ക് സംഘടിപ്പിക്കാൻ കിളിലേത്ത് ശ്രീ.കെ.ജി.ചാക്കോയെ (ബഥനി ചാക്കോച്ചൻ) സഹായിച്ചത് ശ്രീ.പി.കെ.തോമസ് ആയിരുന്നു. അവിടെ താമസിച്ച് പഠിച്ചിരുന്ന പെൺകുട്ടികൾ പഠനം പൂർത്തിയാക്കിയതുമൂലം കുഴിയിൽ വീട്ടിൽ ആൾതാമസമില്ല എന്നുള്ള കാര്യം തോമസിന് അറിയാമായിരുന്നു. പ്രസ്തുത വീട് പുതിയ ചാപ്പലിൽ നിന്നും അധിക ദൂരത്തല്ലാത്തതിനാൽ തിരുമേനിക്ക് താമസിക്കാൻ സൗകര്യമായിരിക്കുമെന്ന ചിന്തയിൽ തോമസാണ് അത് കിളിലേത്ത് ചാക്കോച്ചന്റെ ശ്രദ്ധയിൽപ്പെടുത്തിയതും വാടകയ്ക്ക് വാങ്ങാൻ സഹായിച്ചതും. കുഴിയിൽ വീട്ടിൽ താമസമാക്കിയ അഭി.തെയോഫിലോസ് പിതാവിന് സംരക്ഷകനായി തോമസ് സദാ സമയവും കൂടെ ഉണ്ടായിരുന്നു.

www.malankaralibrary.com

**രണ്ടാമത്തെ ദേവാലയം**

ആദ്യം നിർമിച്ചിരുന്ന ചാപ്പൽ വളരെ ചെറുതായിരുന്നതിനാലും 1930 സെപ്റ്റംബർ 20-ലെ പുനരൈക്യ സംഭവത്തിനുശേഷം ഐക്യം ആഗ്രഹിച്ചിരുന്ന അനേകർ പുനരൈക്യപ്പെട്ട് സത്യസഭാകൂട്ടായ്മയിലേക്ക് പ്രവേശിക്കുകയും ചെയ്തിരുന്നതിനാലും അവരുടെ ആരാധനയ്ക്ക് കുറേക്കൂടി വലിയ ഒരു ചാപ്പൽ ആവശ്യമായിരുന്നു. ആദ്യമായി പുനരൈക്യപ്പെട്ടത് പൈനുമൂട്ടിൽ മത്തായിയും ഒരു മകളുമായിരുന്നു. ഭാര്യയും മറ്റു മക്കളും പിന്നീടാണ് പുനരൈക്യപ്പെട്ടത്. അദ്ദേഹത്തിന്റെ ഒരു മകൾ പിന്നീട് ബഥനി മഠത്തിൽ ചേർന്ന് സിസ്റ്റർ നുഹറാ എസ്.ഐ.സി. എന്ന പേരിൽ സന്ന്യാസജീവിതം നയിച്ചിരുന്നു. സ്കൂൾ അദ്ധ്യാപികയായി വിരമിച്ച സിസ്റ്റർ 1996 ഓഗസ്റ്റ് 16-ന് മരിച്ച് അന്നുതന്നെ തിരുമൂലപുരം മഠം സെമിത്തേരിയിൽ അടക്കപ്പെട്ടു. പാട്ടക്കാലാവധി തീരുന്നതിനുമുമ്പ് ചാപ്പൽ പണിതിരുന്ന വസ്തു, മാർ തെയോഫിലോസ് തിരുമേനി തീറാധാരം നടത്തി വാങ്ങിയിരുന്നു. അഭി.പിതാവ് ചെറിയ ചാപ്പൽ മാറ്റി, കുറേക്കൂടി വലിപ്പവും സൗകര്യങ്ങളുമുള്ള ഒരു ചാപ്പൽ അല്പം വടക്കോട്ടുമാറി പണിയിച്ചു. തിരുവല്ല രൂപത 1932 ജൂൺ 11-ന് സ്ഥാപിതമായപ്പോൾ ഈ ചാപ്പലിനെ വി.യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ രൂപതാദ്ധ്യക്ഷന്റെ ഔദ്യോഗിക കത്തീഡ്രലായി പരിശുദ്ധ സിംഹാസനം ഉയർത്തി. ഇവിടെവച്ചാണ് 1933 നവംബർ 6-ാം തീയതി അഭി.മാർ തെയോഫിലോസ് പിതാവിന്റെ സ്ഥാനാരോഹണ ശുശ്രൂഷ നടന്നതും, 1937 നവംബർ 29-ാം തീയതി അഭി.ജോസഫ് മാർ സേവേറിയോസ് തിരുമേനി പുനരൈക്യപ്പെട്ടു കഴിഞ്ഞുള്ള ഔദ്യോഗിക സ്വീകരണം നൽകിയതും മറ്റും.

**ബഹു.ഗീവർഗീസ് അച്ചന്റെ നേതൃത്വം**

മാർ തെയോഫിലോസ് പിതാവിനോടൊപ്പം ബഥനിയിൽ ഉണ്ടായിരുന്ന ആളായിരുന്നു മാമ്പഴക്കാട്ടിൽ ബഹു.ഗീവർഗീസ് അച്ചൻ. പൂവത്തൂർ സ്വദേശിയായിരുന്ന അദ്ദേഹം 1920-ൽ പെരുനാട് ബഥനിയിൽ ചേർന്ന് 1927 ഡിസംബർ 14-ാം തീയതി മാർ ഈവാനിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. 1928-ൽ അദ്ദേഹം കത്തോലിക്കാ സഭയിൽ ചേരുകയും ചെത്തിപ്പുഴ കർമലീത്താ വൈദികരോടൊപ്പം ചേർന്ന് മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പുനരൈക്യ ആലോചനകൾ

www.malankaralibrary.com

വേഗം സഫലമാകുന്നതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രേഷിത മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയിൽ പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ബഹു.അച്ചൻ ലിസ്യുവിലെ മഠത്തിലേക്ക് എഴുതുകയും അവരുടെ പ്രാർത്ഥന ലഭിക്കുകയും ചെയ്തിരുന്നു. ഈ ഒരു ബന്ധമാണ് വിശുദ്ധ കൊച്ചുത്രേസ്യായെ തിരുവല്ല രൂപതയുടെ സഹസ്വർഗ്ഗീയ മദ്ധ്യസ്ഥയായി ലഭിക്കാൻ ഇടയാക്കിയതും, മാർ തെയോഫിലോസ് പിതാവ് രൂപതാ ആസ്ഥാനത്തിനായി വാങ്ങിയ ഭൂമി വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിൽ 'ചെറുപുഷ്പഗിരി' എന്ന് നാമകരണം ചെയ്തതും. പുനരൈക്യസംഭവത്തിനുശേഷം ബഹു.ഗീവർഗീസ് അച്ചൻ കർമലീത്താ സമൂഹത്തിൽ നിന്ന് വിടുതൽ വാങ്ങി മാർ തെയോഫിലോസ് പിതാവിനോടൊപ്പം ചേർന്ന് പ്രവർത്തിച്ചിരുന്നു. പിതാവിന്റെ ഏറ്റം അടുത്ത സഹായി അദ്ദേഹമായിരുന്നു. തിരുവല്ലാ രൂപതയിൽ 1932 ഒക്ടോബർ 13-ന് ആദ്യമായി രൂപീകരിച്ച അരമന കച്ചേരി (കുരിയ)യിൽ രൂപതയുടെ പ്രൊക്യുറേറ്റർ ആയിരുന്നു ബഹു.ഗീവർഗീസ് അച്ചൻ. കത്തീഡ്രൽ ഇടവകാംഗമായിരുന്ന മോടിയിൽ ശ്രീ.ഐ.ഫീലിപ്പോസിനെ രൂപത കച്ചേരിയിൽ ക്ലാർക്കായും നിയമിച്ചിരുന്നു. ഇദ്ദേഹത്തിന്റെ നാമത്തിലാണ് ഇപ്പോഴത്തെ കത്തീഡ്രലിന്റെ മണിമാളിക പ്രതിഷ്ഠിച്ചിരിക്കുന്നത്. കത്തീഡ്രൽ പള്ളിയുടെ മുൻപിൽ കുരിശടി ഇരിക്കുന്ന സ്ഥലത്ത് ആലപ്പുഴ മലയിൽ ശ്രീ.ചാക്കോ, വി.ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു കുരിശടി പണിത് ബഹു.ഡൊമിനിക് തോട്ടാശേരിൽ അച്ചന് നല്കിയിരുന്നു. അഭി.ജയിംസ് കാളാശേരി പിതാവാണ് കുരിശടി കൂദാശ ചെയ്തത്. 1927-ൽ പുതിയ കത്തീഡ്രൽ പണിതപ്പോൾ അത് നവീകരിച്ചിരുന്നു. ബഹു.ജോർജ് ചുണ്ടേവാലേൽ അച്ചൻ വികാരിയായിരുന്നപ്പോൾ പ്രസ്തുത സ്ഥലത്ത് പുതിയ ഒരു കുരിശടി പണിത് 1986 ഏപ്രിൽ 27-ന് കൂദാശ ചെയ്തു. ആ കുരിശടിയാണ് ഇന്ന് നിലനില്ക്കുന്നത്. വിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ തിരുസ്വരൂപം കൂടി കുരിശടിയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

കത്തീഡ്രൽ ആയി ഉയർത്തപ്പെട്ടതിനുശേഷമുള്ള ആദ്യവികാരി ബഹു.ഗീവർഗീസ് അച്ചനായിരുന്നു. പുനരൈക്യത്തിനുമുമ്പ് സ്ഥാപിതമായതും കത്തീഡ്രലിന്റെ മുൻകാല രൂപവുമായിരുന്ന ചാപ്പലിൽ ആദ്യമായി വി.കുർബാന അർപ്പിച്ചതും ആദ്യകാല ചുമതലക്കാരനും പടിഞ്ഞാറേമണ്ണിൽ ബഹു.ഏബ്രഹാം

www.malankaralibrary.com

ഒ.ഐ.സി.അച്ചനായിരുന്നു എന്നത് മുമ്പ് നാം കണ്ടതാണ്. പുനരൈക്യ സംഭവത്തിനുശേഷം രൂപത സ്ഥാപിതമാകുന്നതുവരെയുള്ള കാലത്ത് ചാപ്പലിന്റെ (പള്ളിയുടെ) ചുമതല ചങ്ങനാശേരി രൂപതയുടെ മിഷൻ കോർഡിനേറ്ററിനായിരുന്നു. ചങ്ങനാശേരി രൂപതയ്ക്കുവേണ്ടി ഒരു പള്ളി പണിയാൻ, മാർ തെയോഫിലോസ് പിതാവിന്റെ ചാപ്പലിന്റെ കിഴക്ക് ബഹു.ഡൊമിനിക്ക് തോട്ടാശേരിൽ അച്ചൻ കുറെ സ്ഥലം വാങ്ങിയിരുന്നതായും, അവിടെ ഒരു പള്ളി പണിയാൻ മാർപാപ്പായുടെ പ്രതിനിധി ബിഷപ്പ് മൂണി അടിസ്ഥാന ശില സ്ഥാപിച്ചിരുന്നതായും മുൻപ് സൂചിപ്പിച്ചിരുന്നല്ലോ. പ്രസ്തുത വസ്തുവിൽ കെട്ടിടംപണി ആരംഭിക്കുകയും ചെയ്തിരുന്നു. പുനരൈക്യത്തിനുശേഷം ഈ സ്ഥലം 6500 രൂപ വിലവച്ച് ചങ്ങനാശേരി രൂപത മാർ തെയോഫിലോസ് പിതാവിന് വിട്ടുകൊടുത്തു. എന്നാൽ പിന്നീട് മാർപാപ്പായുടെ പ്രതിനിധി മോൺ.പി.കിയർക്കിൾസിന്റെ ഇടപെടൽ മുഖാന്തിരം ചങ്ങനാശേരി രൂപത പ്രസ്തുത തുക ഇളച്ച് നല്കുകയുണ്ടായി. പുനരൈക്യ തേരാളിയായിരുന്ന ബഥനി ചാക്കോച്ചനും, തകടിയിൽ ടി.കെ.ജോണും, ചേരിയിൽ സി.വി. വർക്കി വക്കീലുമാണ് ചങ്ങനാശേരി രൂപതാദ്ധ്യക്ഷൻ അഭി.ജയിംസ് കാളാശേരിൽ തിരുമേനിയെ സന്ദർശിച്ച് ഭൂമി വിട്ടുതരുവാൻ അപേക്ഷ സമർപ്പിച്ചത് എന്ന് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. 1934-ൽ മാത്രമാണ് സ്ഥലം ആധാരം നടത്തി വാങ്ങിയത്. അങ്ങനെ വിട്ടുകിട്ടിയ വസ്തുവിൽ പണിതിരുന്ന കെട്ടിടത്തിലാണ് 1931 സെപ്റ്റംബർ 8-ാം തീയതി രൂപതവകയായ ഇൻഫന്റ് മേരീസ് മൈനർ സെമിനാരി ആരംഭിച്ചത്. ഇതായിരുന്നു മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ആദ്യത്തെ മൈനർ സെമിനാരി. പ്രസ്തുത സെമിനാരി പിന്നീട് ചെറുപുഷ്പഗിരിയിലേക്കും തുടർന്ന് മേരിഗിരിയിലേക്കും മാറ്റി സ്ഥാപിക്കുകയുണ്ടായി. ഈ കാലയളവിൽതന്നെ ബഹു.ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ നേതൃത്വം നല്കിയാണ് കത്തീഡ്രൽ സെമിത്തേരി സ്ഥാപിച്ചെടുത്തത്. സെമിത്തേരി സ്ഥാപിക്കുന്നതിനും പ്രതിയോഗികളെ വളരെയേറെ പ്രതിസന്ധികൾ ഉണ്ടാക്കിയിരുന്നു. അവർ കൊല്ലം കോടതിയിൽ കേസ് കൊടുത്ത് സെമിത്തേരിക്ക് എതിരായ വിധി നേടുകയുണ്ടായി. എന്നാൽ ബഹു. ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചൻ തിരുവനന്തപുരം ഹൈക്കോടതിയിൽ അപ്പീൽ നല്കി സഭയ്ക്ക് അനുകൂലമായ വിധി സമ്പാദിക്കുകയുണ്ടായി. ഈ സംരംഭത്തിൽ വലിയ സഹായിയായിരുന്നത് തിരുവിതാംകൂർ രാജ്യത്തിന്റെ വ്യവസായ ഡയറക്ടർ ആയിരുന്ന പുളിങ്കുന്ന്

www.malankaralibrary.com

പുന്നക്കുന്നത്തുശേരി ഇല്ലിപ്പറമ്പ് ഷെവലിയാർ ഐ.സി. ചാക്കോയായിരുന്നു. ബഹു.ഡൊമിനിക്ക് തോട്ടാശേരിൽ അച്ചൻ പള്ളിയുടെ ചുമതല വഹിച്ചിരുന്ന കാലത്ത് ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിലെ ബഹു.തീത്തൂസ്, ബഹു.കസിയാനോസ്, ബഹു.കെറുബിൻ, ബഹു.പീയൂസ് എന്നീ വൈദികരും പുനരൈക്യ ശുശ്രൂഷകളിലും പള്ളിനടത്തിപ്പിലും സഹായിച്ചിരുന്നു.

രൂപതാ സ്ഥാപനത്തെ തുടർന്ന് നിലവിലുണ്ടായിരുന്ന ചാപ്പൽ രൂപതയുടെ കത്തീഡ്രലായി ഉയർത്തപ്പെടുകയും, വി.യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. കത്തീഡ്രലിന്റെ പ്രഥമ വികാരിയും ഡിസ്ട്രിക് വികാരിയുമായി 1933 ജനുവരി 7-ാം തീയതി മാർ തെയോഫിലോസ് പിതാവ് ബഹു.ഗീവർഗീസ് അച്ചനെ നിയമിച്ചു.

**മൂന്നാമത്തെ ദേവാലയം**

നിരണം ഭദ്രാസനാദ്ധ്യക്ഷൻ ആയിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത 1937 നവംബർ 29-ാം തീയതി പുനരൈക്യപ്പെട്ട് കത്തോലിക്കാ സഭയിൽ ചേർന്നു. തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭി.യാക്കോബ് മാർ തെയോഫിലോസ് തിരുമേനി രോഗബാധിതനായിരുന്നതിനാൽ, മാർ സേവേറിയോസ് തിരുമേനിയെ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി 1938 ഓഗസ്റ്റ് 29-ാം തീയതി പരിശുദ്ധ സിംഹാസനം നിയമിച്ചു. പുനരൈക്യപ്പെടുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ കത്തീഡ്രൽ ദേവാലയം ആരാധനശുശ്രൂഷകൾക്ക് അപര്യാപ്തം എന്നു കാണുകയാൽ പുതിയ ഒരു ദേവാലയം നിർമിക്കുവാൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തീരുമാനിച്ചു. 1930-ൽ പുനരൈക്യത്തിന് മുമ്പ് പ്രഥമ ചാപ്പൽ പണിത അതേ സ്ഥലത്ത് മാർ സേവേറിയോസ് മെത്രാപ്പോലീത്ത പുതിയ ഒരു ദേവാലയം നിർമ്മിച്ച് 1943-ൽ കൂദാശ ചെയ്തു. കത്തീഡ്രൽ വികാരി ബഹു.ഗീവർഗീസ് അച്ചന്റെ കഠിനാദ്ധ്വാനം പള്ളിയുടെ നിർമ്മാണത്തിന് സഹായകമായി.

1933 ജനുവരി 7 മുതൽ 1948 ജൂൺ 27 വരെ നീണ്ട പതിനഞ്ചു വർഷം ബഹു.ഗീവർഗീസ് അച്ചൻ വികാരിയായി തുടർന്നു. ഈ കാലഘട്ടത്തിൽ കത്തോലിക്കാ സാക്ഷ്യസംഘം ഇടവകയിൽ സജീവമായി പ്രവർത്തിച്ചിരുന്നു. സാക്ഷ്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ സുവിശേഷ യോഗങ്ങൾ, പതിമൂന്ന് മണിക്കൂർ ആരാധന,

www.malankaralibrary.com

നാല്പതു മണിക്കൂർ ആരാധന, ക്രിസ്തുരാജത്വ തിരുനാൾ, വി.ഗീവർഗീസ് സഹദായുടെ തിരുനാൾ, വി.ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ, വി.കൊച്ചുത്രേസ്യായുടെ തിരുനാൾ തുടങ്ങിയവ സാഘോഷം നടത്തിയിരുന്നു. തിരുവല്ല പ്രദേശത്ത് ആദ്യമായി മൈക്ക് ഉപയോഗിച്ചത് കത്തീഡ്രലിലെ 40 മണിക്കൂർ ആരാധനയോടനുബന്ധി ച്ചായിരുന്നു എന്നത് ചരിത്രത്തിലെ ഒരു സ്മരണീയ വസ്തുതതയാണ്. ധാരാളം പുനരൈക്യങ്ങൾ ഈ കാലഘട്ടത്തിൽ ഉണ്ടായതിനു പുറമെ പുനരൈക്യപ്പെട്ടവരെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഗീവർഗീസ് അച്ചന്റെ പ്രേരണ മുഖാന്തി രമാണ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശ്രമഫലമായി പുനരൈക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിനായി കർമ്മലീത്താ മിണ്ടാമഠം തിരുവല്ല കുളക്കാട്ടിൽ 1948 ഫെബ്രുവരി 28-ാം തീയതി സ്ഥാപിതമായത്. ബഹു.എബ്രഹാം ഒ.ഐ.സി., ജോൺ ഒ.ഐ.സി., പക്കോമിയോസ് ഒ.ഐ.സി., റഫായേൽ ഒ.ഐ.സി., ബസേലിയോസ് ഒ.ഐ.സി., ക്രിസോസ്റ്റം ഒ.ഐ.സി. തുടങ്ങിയ വൈദികർ ബഹു.ഗീവർഗീസ് അച്ചനെ സഹായിക്കുവാനായി വിവിധ സന്ദർഭങ്ങളിൽ എത്തിയിരുന്നു.

ബഹു.ഗീവർഗീസ് അച്ചനെ തുടർന്ന് 1948 ജൂൺ 24-ാം തീയതി മുതൽ ബഹു.തോമസ് വടശ്ശേരി അച്ചൻ (മോൺ.തോമസ് വടശ്ശേരി) വികാരിയായി ചുമതലയേറ്റു. റോമിൽ ദൈവശാസ്ത്ര പഠനം നടത്തി മടങ്ങിയെത്തിയ ബഹു.വടശ്ശേരിൽ അച്ചൻ മധ്യതിരുവിതാംകൂറിൽ ആകമാനം പുനരൈക്യ ദൂതുമായി കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചു. ഈ കാലഘട്ടത്തിൽ അദ്ദേഹം രൂപതയുടെ മതബോധന ചുമതലയും വഹിച്ചിരുന്നു. അദ്ദേഹം എഴുതിയ വേദോപദേശ സംഗ്രഹം എന്ന പുസ്തകമായിരുന്നു സൺഡേസ്കൂൾ പാഠപുസ്തകമായി രൂപതയിൽ ആകമാനം ഉപയോഗിച്ചിരുന്നത്. സഭാചരിത്രപരവും വിശ്വാസ പരവുമായ അനേകം ഗ്രന്ഥങ്ങൾ ഈ കാലയളവിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അദ്ദേഹം വികാരിയായിരിക്കുമ്പോഴാണ് 1954 ഏപ്രിൽ 22-ാം തീയതി അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിന്റെ മെത്രാഭിഷേകം കത്തീഡ്രലിൽവച്ച് സാഘോഷം നടത്തിയത്. രൂപതയുടെ ദ്വിതീയ അധ്യക്ഷനായിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അപ്രതീക്ഷിതമായ നിര്യാണത്തെ തുടർന്ന് 18.01.1955-ൽ കത്തീഡ്രലിൽ നടന്ന കബറടക്ക ശുശ്രൂഷകൾക്ക് ബഹു.വടശേരിൽ അച്ചൻ നേതൃത്വം നല്കി. 1955 സെപ്റ്റംബറിൽ തിരുമൂലപുരം

www.malankaralibrary.com

കേന്ദ്രമാക്കി നടന്ന പുനരൈക്യ രജതജൂബിലി ആഘോഷത്തോട നുബന്ധിച്ചുള്ള പ്രേഷിതറാലി കത്തീഡ്രലിൽ നിന്നും ആരംഭിച്ചത് ബഹു.വടശേരി അച്ചന്റെ നേതൃത്വത്തിലായിരുന്നു. 1956 ജനുവരി 15-ാം തീയതി വികാരി സ്ഥാനത്തുനിന്ന് അദ്ദേഹം മാറി.

ബഹു.വടശേരി അച്ചനെ തുടർന്ന് മോൺ.മാത്യു നെടുങ്ങാട്ട് വികാരിയായി ചുമതലയേറ്റു. 1957 മെയ് മാസം 26-ാം തീയതിവരെ അദ്ദേഹം തുടർന്നു. രൂപതയുടെ വികാരി ജനറാൾ കൂടി ആയിരുന്ന മോൺ. മാത്യു നെടുങ്ങാടിന്റെ സഹായിയായി ബഹു.ജോൺ മേളാംപറമ്പിൽ അച്ചനെ നിയമിച്ചിരുന്നു. ഈ കാലഘട്ടത്തിലാണ് 1956 ജൂൺ 27-ാം തീയതി രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ അഭി.യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തതും, കത്തീഡ്രലിന്റെ മദ്ബഹായിൽ പ്രധാന ത്രോണോസിന് തെക്കുവശത്ത് പിതാവിന്റെ ഭൗതികശരീരം കബറടക്കിയതും.

1957 മെയ് 26-ന് ബഹു.ജോൺ കുന്നത്ത് അച്ചൻ കത്തീഡ്രൽ വികാരിയായി ചുമതലയേറ്റു. ലൂർദ്ദിൽ മാതാവ് പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി 1958 ഡിസംബർ 27,28 തീയതികളിൽ സാഘോഷം കത്തീഡ്രലിൽ കൊണ്ടാടിയത് ചരിത്രത്തിന്റെ ഭാഗമാണ്. പള്ളിവക പുരയിടത്തിൽ ആദ്യമായി റബർ കൃഷി നടത്തിയത് ബഹു.കുന്നത്തച്ചന്റെ നേതൃത്വത്തിലായിരുന്നു.

1961 ഏപ്രിൽ 22-ാം തീയതി ബഹു.അലക്സാണ്ടർ അറയ്ക്കപ്പടവിൽ അച്ചൻ വികാരിയായി ചുമതലയേറ്റു. ബഹു.ഏബ്രഹാം കളക്കുടി അച്ചനും, തുടർന്ന് ബഹു.മാത്യു കരിമ്പിലച്ചനും അറയ്ക്കപ്പടവിൽ അച്ചന്റെ സഹായപട്ടക്കാർ ആയിരുന്നു. 1963 ഡിസംബർ 15-ാം തീയതി മുൻ വികാരി മോൺ.മാത്യു നെടുങ്ങാട്ടിന് 'ഡൊമസ്റ്റിക്ക് പ്രിലേറ്റ്' പദവിയും, ബഹു.തോമസ് വടശ്ശേരിൽ അച്ചന് 'പേപ്പൽ ചെമ്പർലേൻ' പദവിയും അഭി.മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കത്തീഡ്രലിൽവച്ച് നല്കപ്പെടുകയുണ്ടായി. ഇടവകയിൽ ആദ്യമായി വാർഡുകൾ തിരിച്ച് പ്രാർത്ഥനായോഗങ്ങൾ ആരംഭിച്ചത് 1963 ൽ ബഹു.അറയ്ക്കപ്പടവിലച്ചന്റെ നേതൃത്വത്തിലായിരുന്നു. ഇടവക മധ്യസ്ഥൻ വി.യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ ആദ്യമായി ആചരിച്ച് തുടങ്ങിയത് 1965 ഡിസംബറിൽ ആയിരുന്നു. ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾക്കുശേഷം നേർച്ചക്കഞ്ഞി ആരംഭിച്ചതും ബഹു.അറയ്ക്കപ്പടവിലച്ചന്റെ

www.malankaralibrary.com

നേതൃത്വത്തിൽ ആയിരുന്നു. 1966 മെയ് 13-ന് രൂപതയെ വിവിധ വൈദികജില്ലകളായി തിരിച്ചപ്പോൾ തിരുവല്ല വൈദികജില്ലയുടെ പ്രോട്ടോ പ്രസ്ബിറ്ററായി കത്തീഡ്രൽ വികാരി നിയമിതനായി. 1966 ഡിസംബറിൽ ഇടവക തിരുനാളിനോട് അനുബന്ധിച്ച് വികാരിയുടെ പൗരോഹിത്യസ്വീകരണ രജതജൂബിലി സാഘോഷം കൊണ്ടാടി. 1968 ഏപ്രിൽ മുതൽ ബഹു.ആൻഡ്രൂസ് പുത്തൻപറമ്പിലച്ചനും, 1970 നവംബർ മുതൽ ബഹു.തോമസ് ഇലവുങ്കലച്ചനും കത്തീഡ്രലിൽ സഹവികാരിമാരായി സേവനം നടത്തിയിട്ടുണ്ട്.

**നാലാമത്തെ ദേവാലയം**

1955 ജനുവരി 27-ാം തീയതി അഭി.സക്കറിയാസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ രൂപതയുടെ ത്രിതീയ അധ്യക്ഷനായി സ്ഥാനാരോഹണം ചെയ്തു. കത്തീഡ്രൽ ഇടവകയിലെ കുടുംബങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് പുതിയ ഒരു കത്തീഡ്രൽ ദേവാലയം നിർമ്മിക്കുവാൻ മാർ അത്തനാസ്യോസ് പിതാവിനെ പ്രേരിപ്പിച്ചു. എം.സി.റോഡിനടുത്ത് ഇപ്പോൾ ഹെഡ് പോസ്റ്റോഫീസിനും ടെലഫോൺ ഓഫീസിനും സമീപം പുതിയ കത്തീഡ്രൽ നിർമിക്കുവാൻ പിതാവിന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ സെമിത്തേരി ഇപ്പോൾ കത്തീഡ്രൽ ഇരിക്കുന്ന സ്ഥലത്തായ തിനാൽ അവിടതെതന്നെ പുതിയ പള്ളി പണിയുവാൻ തീരുമാനിക്കുക യായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനങ്ങളും, കേരളത്തിന്റെ വാസ്തുവിദ്യയും, ലാറി ബേക്കറിന്റെ പ്ലാനും അനുസ രിച്ച് വൃത്താകൃതിയിൽ പുതിയ കത്തീഡ്രൽ നിർമ്മിക്കുവാനുള്ള നിർദ്ദേശം ഇടവക പൊതുയോഗം സർവ്വാത്മനാ സ്വാഗതം ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനങ്ങളും, കേരളത്തിന്റെ വാസ്തുവിദ്യയും, ലാറി ബേക്കറിന്റെ അനുഭവ ജ്ഞാനവും, മാർ അത്തനാസ്യോസ് പിതാവിന്റെ ആരാധനാ ശൈലിയും, രൂപതയുടെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് പുതിയ കത്തീഡ്രൽ ദേവാലയ നിർമ്മിതി നടത്താനായിരുന്നു തീരുമാനം. പരിശുദ്ധ പോൾ ആറാമൻ മാർപാപ്പാ 1964 ഡിസംബർ മൂന്നാം തീയതി ബോംബെ ദിവ്യകാരുണ്യ കോൺഗ്രസിൽവച്ച് ആശീർവ്വദിച്ച് നൽകിയ അടിസ്ഥാനശില 1970 ഡിസംബർ 27-ാം തീയതി മാർ അത്തനാസ്യോസ് പിതാവ് സ്ഥാപിച്ചതോടുകൂടി പുതിയ ദേവാലയത്തിന്റെ പണികൾ ആരംഭിച്ചു. നൂറ് അടി ഉയരവും, നൂറ്റി ഇരുപതടി വ്യാസവും, 11567 ച.അടി വിസ്തീർണവും ഉള്ളതും, വൃത്താ

www.malankaralibrary.com

കൃതിയിൽ സ്തൂപീകാഗ്രതമായ മേൽക്കൂരയോടു കൂടിയതുമായ പ്ലാൻ ഡറാഡൂണിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിച്ച് അംഗീകാരം നേടിയാണ് പണികൾ ആരംഭിച്ചത്. അവരുടെ നിർദ്ദേശപ്രകാരം ആഞ്ഞിലിത്തടി ആണ് പൂർണമായും ഉപയോഗിച്ചിരുന്നത്. കർതൃശിഷ്യന്മാരുടെ എണ്ണത്തിന് അനുസൃതമായി പന്ത്രണ്ട് കരിങ്കൽ തൂണുകളിലാണ് പൂർണമായും തടികൊണ്ടുള്ള മേൽക്കൂര ഉറപ്പിച്ചത്. പള്ളിയുടെ മദ്ബഹായുടെ തെക്കുകിഴക്കേ തൂണിനുള്ള വാനം നിർമ്മിക്കുമ്പോൾ 1926 ഒക്ടോബർ 28-ാം തീയതി വ്യാഴാഴ്ച അന്നത്തെ അപ്പസ്തോലിക്ക് ഡെലഗേറ്റ് ആയിരുന്ന എഡ്വേഡ് മൂണി തിരുമേനി ചങ്ങനാശേരി രൂപതയ്ക്കുവേണ്ടി പള്ളി പണിയാൻ ബഹു.ഡൊമിനിക് തോട്ടശ്ശേരിൽ അച്ചൻ പ്രതിഷ്ഠിച്ചതും കാലാന്തരത്തിൽ വിസ്മൃതിയിൽ ആണ്ടുപോയതുമായ അടിസ്ഥാനശില കണ്ടുകിട്ടുകയുണ്ടായി. കത്തീഡ്രൽ നിർമ്മാണം പുരോഗമിക്കുമ്പോൾ 1972 മെയ് മാസം 1-ാം തീയതി അതിനുള്ളിൽവച്ച് മാർ അത്തനാസ്യോസ് പിതാവിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുകയുണ്ടായി. 1972 ഡിസംബർ 28-ാം തീയതി പുതിയ കത്തീഡ്രലിന്റെ കൂദാശകർമ്മം നടത്തി. ഡിസംബർ 28-ന് വൈകിട്ട് അഭിവന്ദ്യ തെയോഫിലോസ് പിതാവിന്റെയും സേവേറിയോസ് പിതാവിന്റെയും കല്ലറകൾ തുറന്ന് പുറത്തെടുത്ത പൂജ്യാവശിഷ്ടങ്ങൾ 29-ന് രാവിലെ, മാർ ജോസഫ് പവ്വത്തിൽ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയെ തുടർന്ന് മദ്ബഹായുടെ കിഴക്കുവശത്ത് പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയിരുന്ന ഒന്നും രണ്ടും കല്ലറകളിൽ കബറടക്കുകയുണ്ടായി.

പള്ളിപണിക്ക് നേതൃത്വം നൽകിയത് വികാരി ബഹു. അലക്സാണ്ടർ അറയ്ക്കപ്പടവിലച്ചനും സഹവികാരിയും നിർമ്മാണ കമ്മറ്റി കൺവീനറുമായിരുന്ന ബഹു.തോമസ് ഇലവുങ്കലച്ചനും, കൈക്കാരൻ മുളമൂട്ടിൽ ശ്രീ.കുഞ്ഞൂഞ്ഞും, കണക്കൻ നെല്ലിമൂട്ടിൽ എൻ.സി.വർഗീസും (പാപ്പച്ചൻ) ആയിരുന്നു. പുതിയ കത്തീഡ്രൽ ദേവാലയ പ്രതിഷ്ഠയെ തുടർന്ന് മാർ സേവേറിയോസ് തിരുമേനി നിർമ്മിച്ചിരുന്ന പഴയ പള്ളി ഒരു ഹാളായി രൂപപ്പെടുത്തുകയും, പുതിയ പള്ളി പണിക്ക് അധികംവന്ന തടി ഉപയോഗിച്ച് മേശയും കസേരയും നിർമ്മിക്കുകയും ചെയ്തു. പള്ളിയുടെ മുൻപിൽ ഉണ്ടായിരുന്ന ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള കുരിശടി കത്തീഡ്രൽ

www.malankaralibrary.com

ദേവാലയത്തിന് അനുയോജ്യമായ രീതിയിൽ നവീകരിക്കുകയും ചെയ്തു.

1973 മെയ് 5-ാം തീയതി ബഹു.അറയ്ക്കപ്പടവിലച്ചൻ വികാരി സ്ഥാനത്തുനിന്ന് മാറുകയും ബഹു.എബ്രഹാം കളക്കുടിയിലച്ചൻ വികാരിയായി ചുമതലയേൽക്കുകയും ചെയ്തു. 1975 ഓഗസ്റ്റ് 15-ാം തീയതി ബഹു.അലക്സാണ്ടർ അറയ്ക്കപ്പടവിലച്ചൻ രണ്ടാം പ്രാവശ്യം വികാരിയായി നിയമിതനായി. ബഹു.കളക്കുടിയിലച്ചൻ നിർമ്മാണം ആരംഭിച്ചിരുന്ന കത്തീഡ്രലിലെ ആദ്യത്തെ പൊതുക്കല്ലറ 1975 ഡിസംബർ 25-ാം തീയതി കൂദാശ ചെയ്യുകയുണ്ടായി. 1976 ഏപ്രിൽ 18, 19 തീയതികളിൽ കത്തീഡ്രൽ ദേവാലയത്തിൽവച്ച് പരിശുദ്ധ മൂറോൻ കൂദാശ ചെയ്യുകയുണ്ടായി. 1976 മെയ് 23-ന് അഭി.ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഷഷ്ടിപൂർത്തി കത്തീഡ്രൽ അങ്കണത്തിൽവച്ച് രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. 1977 മാർച്ച് 18-ാം തീയതി കത്തീഡ്രലിലേക്കുള്ള ആദ്യടെലഫോൺ കണക്ഷനും, 1977 നവംബർ 4-ാം തീയതി വാട്ടർസപ്ലേ കണക്ഷനും ലഭിക്കുകയുണ്ടായി.

കത്തീഡ്രൽ ഇടവകയെ അതിയായി സ്നേഹിച്ചിരുന്ന അഭി.സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവ് 1977 സെപ്റ്റംബർ 28-ാം തീയതി കാലം ചെയ്തു. 30-ാം തീയതി കത്തീഡ്രലിൽ പിതാക്കന്മാർക്കുവേണ്ടിയുള്ള പ്രത്യേക കല്ലറയിൽ കബറടക്കുകയുണ്ടായി.

തിരുവല്ല രൂപത വിഭജിച്ച് ബത്തേരി രൂപതയുടെ സ്ഥാപനവും അതിന്റെ പ്രഥമ അധ്യക്ഷനായി മലഞ്ചെരുവിൽ ബഹു.സിറിൽ ഒ.ഐ.സി. അച്ചന്റെ നിയമനവും തിരുവല്ല രൂപതയുടെ നാലാമത്തെ അധ്യക്ഷനായി ബഹു.ഐസക് കൂട്ടപ്ലാക്കിൽ അച്ചന്റെ നിയമനവും 1978 നവംബർ 28-ന് കത്തീഡ്രൽ ദേവാലയത്തിൽവച്ച് പ്രഖ്യാപിക്കുകയുണ്ടായി. ഡിസംബർ 21-ാം തീയതി ഇരുവരുടെയും റമ്പാൻ സ്ഥാനാഭിഷേകവും, ഡിസംബർ 29-ാം തീയതി അഭി.ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണവും കത്തീഡ്രലിൽ വച്ച് നടന്നു.

ബഹു.അലക്സാണ്ടർ അറയ്ക്കപ്പടവിലച്ചൻ 1979 മെയ് 25-ാം തീയതി വികാരി സ്ഥാനത്തുനിന്ന് മാറുകയും മെയ് 26-ാം തീയതി ബഹു.പീറ്റർ തേക്കുംപറമ്പിലച്ചൻ വികാരിയായി ചുമതല ഏൽക്കുകയും ചെയ്തു. വികാരി ബഹു.പീറ്റർ തേക്കുംപറമ്പിലച്ചൻ

www.malankaralibrary.com

ഡയറക്ടറായി, പാരിഷ്ഹാളായി രൂപപ്പെടുത്തിയിരുന്ന പഴയ കത്തീഡ്രൽപള്ളിയിൽ 1979 അദ്ധ്യയനവർഷാരംഭത്തിൽ സെന്റ് ജോൺസ് പാരലൽ കോളേജ് ആരംഭിച്ചു. ഈ കോളേജാണ് പിന്നീട് കച്ചേരിപ്പടിയിൽ രൂപതവകയായി ഉണ്ടായിരുന്ന സ്ഥലത്ത് പുതിയ കെട്ടിടം പണിത് അവിടേക്ക് മാറ്റി സ്ഥാപിച്ചത്. 1980 ജൂൺ ഒന്നാം തീയതി മുതൽ ബഹു.ജോർജ് ചുണ്ടേവാലേലച്ചൻ (ഗീവർഗീസ് മാർ തിമോത്തിയോസ്) വികാരിയായി നിയമിതനായി. കത്തീഡ്രലിന്റെ സുവർണജൂബിലി 1980 സെപ്റ്റംബർ 20, 21 തീയതികളിൽ ആഘോഷിച്ചു. ജൂബിലിയുടെ അവസരത്തിൽ പാലത്തിങ്കൽ ശ്രീ.പി.വി.ഏബ്രഹാം (തമ്പാൻസാർ) സംഭാവനയായി നൽകിയ കൊടിമരം കുരിശടിയുടെ സമീപത്തായി സ്ഥാപിക്കുകയുണ്ടായി.

ഇടവകയുടെ ചിരകാലാഭിലാഷം ആയിരുന്ന ഒരു ഓഡിറ്റോറിയം നിർമ്മിക്കുവാനായി അഭി.ഐസക് മാർ യൂഹാനോൻ പിതാവ്, 1981 മാർച്ച് 25-ാം തീയതി അടിസ്ഥാനശില ആശീർവദിച്ച് സ്ഥാപിച്ചു. ബഹു.വികാരി ജോർജ് ചുണ്ടേവാലേൽ അച്ചന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി സെന്റ് ജോൺസ് കത്തീഡ്രൽഹാൾ വളരെ മനോഹരമായി പൂർത്തിയാക്കി 1982 മെയ് 2-ന് കൂദാശ ചെയ്യുവാൻ സാധിച്ചു. 1983 സെപ്റ്റംബർ 7-ന് നാല്പത് അറകളുള്ള സെമിത്തേരിയിലെ രണ്ടാമത്തെ പൊതുക്കല്ലറ കൂദാശ ചെയ്യപ്പെട്ടു. രൂപതയുടെ സുവർണജൂബിലി 1984 ജനുവരി 4,5,6 തീയതികളിൽ കത്തീഡ്രൽ കേന്ദ്രമാക്കി ആഘോഷിച്ചു.

പുനരൈക്യാനന്തരം ചങ്ങനാശേരി അതിരൂപതയിൽ നിന്ന് മാർ തെയോഫിലോസ് പിതാവിന് കൈമാറിയ സ്ഥലത്ത് ഉണ്ടായിരുന്നതും, 1931 സെപ്റ്റംബർ 8-ാം തീയതി ഇൻഫന്റ് മേരീസ് മൈനർ സെമിനാരി ആരംഭിച്ചതും പിന്നീട് വൈദികവസതിയായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ കെട്ടിടത്തിലെ അസൗകര്യങ്ങളും പരിമിതികളും പരിഗണിച്ച് കത്തീഡ്രൽ ഇടവകയുടെ അഭിമാനത്തിന് ചേരുന്ന വിധത്തിലുള്ളതും ആധുനിക സൗകര്യങ്ങളോടു കൂടിയതുമായ ഇരുനില വൈദികമന്ദിരം പുതുതായി നിർമ്മിച്ചു. ചങ്ങനാശേരി രൂപതാദ്ധ്യക്ഷൻ അഭി.തോമസ് കാളശേരിൽ പിതാവ് കൂദാശ ചെയ്തതും 1972-ൽ പുതുതായി നിർമ്മിച്ച കത്തീഡ്രലിന് ചേരുന്ന വിധത്തിൽ നവീകരിച്ചതുമായ വി.ഗീവർഗീസ് സഹദായുടെ നാമത്തിലുണ്ടായിരുന്നതുമായ കുരിശടി പുതുക്കിപ്പണിത് 1986 ഏപ്രിൽ 27-ന് കൂദാശ ചെയ്തു.

www.malankaralibrary.com

ഇടവകാംഗങ്ങളിൽ ചാത്തങ്കേരി ഭാഗത്തുള്ളവരുടെ സൗകര്യം പരിഗണിച്ച് അവിടെ പ്രാർത്ഥനയ്ക്കും സൺഡേസ്കൂൾ നടത്തുന്നതിനുമായി ഒരു ഹാൾ 1982 ഓഗസ്റ്റ് 27-ാം തീയതി കൂദാശ ചെയ്ത് പ്രതിഷ്ഠിക്കുകയുണ്ടായി. പ്രസ്തുത ഹാൾ 1986 ഏപ്രിൽ 5-ന് സെന്റ് മേരീസ് ചാപ്പലായി കൂദാശ ചെയ്യുകയും ഞായറാഴ്ചകളിൽ അവരുടെ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു വന്നിരുന്നു. ഇപ്പോൾ അത് സ്വതന്ത്ര ഇടവകയായി പ്രവർത്തിക്കുന്നു. 1986-ൽ ഇടവകനാദം എന്ന പേരിൽ പാരീഷ് ബുള്ളറ്റിൻ പ്രവർത്തനം ആരംഭിച്ചു. 1984-ൽ ബഹു.ജോർജ്ജ് ചുണ്ടേവാലേലച്ചൻ ഇടവകയുടെ വികാരി സ്ഥാനത്തോടൊപ്പം രൂപതയുടെ വികാരിജനറാൾ ആയി ചുമതല ഏറ്റെടുത്തു. ഈ കാലഘട്ടത്തിൽ ബഹു.ജോൺ മാങ്കുളം, ബഹു.ചെറിയാൻ മാമ്പ്രക്കുഴി, ബഹു.ഐസക് കിഴക്കേപ്പറമ്പിൽ എന്നിവർ സഹവികാരിമാരായി വിവിധ കാലങ്ങളിൽ ഇടവകഭരണത്തിൽ വികാരിയെ സഹായിച്ചിരുന്നു.

1987 ഏപ്രിൽ 28-ാം തീയതി അഭി.ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത കാലം ചെയ്യുകയും ഏപ്രിൽ 30-ാം തീയതി കത്തീഡ്രലിൽ പിതാക്കന്മാർക്കുവേണ്ടിയുള്ള കല്ലറയിൽ കബറടക്കുകയും ചെയ്തു. തുടർന്ന് ബഹു.ജോർജ്ജ് ചുണ്ടേവാലേലച്ചൻ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു. 1988 ഏപ്രിൽ 17-ന് ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ കോട്ടയം വടവാതൂർ സെമിനാരിയിൽ നടന്നിരുന്ന ദ്വിവാർഷിക പൊതു സമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിയിരുന്ന ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാർക്ക് കത്തീഡ്രലിൽ സ്വീകരണം നൽകി. ഓഗസ്റ്റ് 17-ന് പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ സൈമൺ ഡി.ലൂർദ്ദുസ്വാമിക്ക് രൂപതയുടെ ആഭിമുഖ്യത്തിലുള്ള വരവേൽപ്പ് കത്തീഡ്രലിൽ വച്ച് നൽകുകയുണ്ടായി.

1988 മെയ് 19-ാം തീയതി ഇടവകയുടെ വികാരി ബഹു.ജോർജ്ജ് ചുണ്ടേവാലേലച്ചനെ രൂപതയുടെ അധ്യക്ഷനായി നിയമിച്ചു കൊണ്ടുള്ള മാർപാപ്പായുടെ കല്പന കത്തീഡ്രൽ ഇടവകാംഗങ്ങളും പൊതുസമൂഹവും സന്തോഷത്തോടെയാണ് സ്വീകരിച്ചത്. ഇതേ തുടർന്ന് ബഹു.യോവാക്കിം നാഗഞ്ചേരിലച്ചൻ 1988 മെയ് 19-ാം തീയതി മുതൽ ഇടവകയുടെ വികാരിയായി നിയമിതനായി. നിയുക്ത മെത്രാൻ വന്ദ്യ ജോർജ്ജ് ചുണ്ടേവാലേലച്ചൻ 1988 ഓഗസ്റ്റ് 6-ാം തീയതി

www.malankaralibrary.com

കത്തീഡ്രൽ അങ്കണത്തിൽ തയ്യാറാക്കിയ പ്രത്യേക വേദിയിൽവച്ച് ഗീവർഗീസ് മാർ തിമോത്തിയോസ് എന്ന പേരിൽ മെത്രാനായി അഭിഷേചിക്കപ്പെടുകയും അന്നുതന്നെ കത്തീഡ്രലിൽവച്ച് രൂപതയുടെ അഞ്ചാമത്തെ അധ്യക്ഷനായി സ്ഥാനാരോഹണം നടത്തുകയും ചെയ്തു.

ബഹു.വികാരി യോവാക്കിം നാഗഞ്ചേരിലച്ചൻ രൂപതയുടെ ചാൻസിലറും, സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജറും ആയിരുന്നതിനാൽ അരമനയിലായിരുന്നു താമസം. അതിനാൽ രൂപതയുടെ സോഷ്യൽ സർവ്വീസ് ഡയറക്ടറായിരുന്ന ലേഖകനെ സഹവികാരിയായി കത്തീഡ്രലിൽ ബഹു.യോവാക്കിം അച്ചനെ സഹായിക്കുവാൻ നിയമിച്ചിരുന്നു. 1989 മെയ് മാസം 14 മുതൽ 1992 മെയ് 5 വരെ കത്തീഡ്രലിൽ താമസിച്ച് വികാരിയെ സഹായിച്ചിരുന്നു. 1990 ഫെബ്രുവരി 23-ന് 2000-ാമാണ്ട് മഹാജൂബിലിയ്ക്ക് ഒരുക്കമായുള്ള സുവിശേഷവൽക്കരണ ദശകം കത്തീഡ്രൽ ദേവാലയത്തിൽവച്ച് ഉദ്ഘാടനം ചെയ്തു. ബഹു.മാത്യു പുനക്കുളം അച്ചനും കുറേക്കാലം സഹവികാരിയായി കത്തീഡ്രലിൽ സേവനം ചെയ്തു. 1991 ജനുവരി 6 മുതൽ ബഹു.ഏബ്രഹാം കാക്കനാട്ടച്ചൻ (ഏബ്രഹാം മാർ യൂലിയോസ്) വികാരിയായി ചുമതലയേറ്റു. തിരുവല്ലയിലും സമീപപ്രദേശങ്ങളിലും ഉള്ള കത്തോലിക്കാ ഇടവകകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള തിരുവല്ല കാതലിക് കൺവൻഷൻ 1991-ൽ ആരംഭിച്ചു. ബഹു.ഏബ്രഹാം കാക്കനാട്ടച്ചന്റെ ദീർഘവീക്ഷണത്തിൽ ആരംഭിച്ച കൺവൻഷൻ എല്ലാ വർഷവും വലിയ നോമ്പിലെ 36-ാം ഞായറാഴ്ച കഴിഞ്ഞുവരുന്ന ദിവസങ്ങളിൽ മുടക്കം കൂടാതെ നടന്നുവന്നിരുന്നു. ഇടക്കാലത്ത് പ്രസിദ്ധീകരണം മുടങ്ങിപ്പോയ ഇടവകനാദം 1991-ൽ വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ചു. 1991 ജൂലൈ മാസത്തിൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും കത്തീഡ്രലിന്റെ മകുടിയിൽ സ്ഥാപിച്ചിരുന്ന 25 അടി ഉയരവും ഒരു ടണ്ണിൽ അധികം ഭാരവുമുണ്ടായിരുന്ന കുരിശ് അടർന്നുവീണ് കത്തീഡ്രലിന് കേടുപാടുകൾ സംഭവിച്ചതിനാൽ കേടുപാടുകൾ പോക്കി ഫൈബർ നിർമ്മിതമായ കുരിശ് പള്ളിയിൽ മകുടിയിൽ പുനഃസ്ഥാപിച്ചു. ഇതോടനുബന്ധിച്ച് മദ്ബഹാ കൂടുതൽ മനോഹരമാക്കുകയും പള്ളിയുടെ ഉള്ളിൽ കൂടുതൽ വെളിച്ചം ലഭിക്കുന്നതിനായി മുൻപ് ഉണ്ടായിരുന്ന പന്ത്രണ്ട് മുഖപ്പുകൾക്ക് പുറമേ നാല് വലിയ മുഖപ്പുകൾക്കൂടി നിർമ്മിക്കുകയുണ്ടായി. ഇടവകാംഗങ്ങളായ

www.malankaralibrary.com

തേക്കുംപറമ്പിൽ റ്റി.കെ.ജോൺസാർ, മാളിയേക്കൽ കിഴക്കേടത്ത് ഡോ.മിസിസ്സ് മേരി ഫിലിപ്പ് എന്നിവർക്ക് 1991 നവംബർ 5-ാം തീയതി 'പ്രോ എക്ലേസിയ എത്ത് പൊന്തിഫിച്ചേ' (സഭയ്ക്കും മാർപാപ്പായ്ക്കും വേണ്ടി) എന്ന പേപ്പൽ ബഹുമതി നല്കുകയുണ്ടായി. ഇതേ യോഗത്തിൽവച്ച് തിരുമൂലപുരം ഇടവകാംഗമായിരുന്ന കല്ലറയ്ക്കൽ ശ്രീ.അലക്സാണ്ടർ പി.വർഗീസിന് 'ബേന മെരിന്തി' എന്ന ബഹുമതിയും നൽകുകയുണ്ടായി.

ഇറ്റലിയിൽ ബൈസന്റയിൻ സഭയിൽ പ്രവർത്തിക്കുന്ന ബസീലിയൻ സിസ്റ്റേഴ്സിന്റെ ഒരു മഠം ഇടവകാതിർത്തിയിൽ 1992-ൽ ആരംഭിച്ചിരുന്നത് 1993 മെയ് 25-ാം തീയതി പാലിയേക്കര ഭാഗത്ത് പുതുതായി നിർമ്മിച്ച ഭവനത്തിലേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. 1993 ഡിസംബർ 28-ന് സെമിത്തേരിയിലെ 75 അറകളുള്ള മൂന്നാമത്തെ പൊതുക്കല്ലറ കൂദാശ ചെയ്തു. ഇടവക സെമിത്തേരിയോടു ചേർന്ന് രൂപതയിലെ വൈദികർക്കുവേണ്ടിയുള്ള പൊതുക്കല്ലറ വൈദിക വെൽഫയർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 1992-ൽ പണിയിക്കുകയുണ്ടായി. അഭി.ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി 1994 ഏപ്രിൽ 4, 5 തീയതികളിൽ കത്തീഡ്രൽ കേന്ദ്രമാക്കി ആഘോഷിച്ചു. മലങ്കര കത്തോലിക്കാ സുറിയാനി സഭയിലെ മൂന്ന് രൂപതകളിലെയും വൈദികർക്കുവേണ്ടിയുള്ള പൊതുക്കല്ലറ വൈദിക വെൽഫയർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 1992-ൽ പണിയിക്കുകയുണ്ടായി. അഭി.ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി 1994 ഏപ്രിൽ 4, 5 തീയതികളിൽ കത്തീഡ്രൽ കേന്ദ്രമാക്കി ആഘോഷിച്ചു. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മൂന്ന് രൂപതകളിലെയും വൈദികരുടെ സംയുക്ത സമ്മേളനം, മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മാതൃഇടവകയായ ആനിക്കാടുനിന്നുള്ള തീർത്ഥാടന പദയാത്ര, സമൂഹബലി, അനുസ്മരണ സമ്മേളനം, നേർച്ചവിളമ്പ്, സ്മരണിക പ്രകാശനം എന്നിവ ആഘോഷത്തിന്റെ ഭാഗമായിരുന്നു.

തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിക്ക് സമീപം തിരുവല്ല-മല്ലപ്പള്ളി റോഡിൽ മേപ്പുറത്ത് ശ്രീ.പി.വി.മാത്യു നൽകിയ സ്ഥലവും സംഭാവനയും ഉപയോഗിച്ച് വേളാങ്കണ്ണി മാതാവിന്റെ നാമത്തിൽ മനോഹരമായ ഒരു കുരിശടി നിർമ്മിച്ച് 1996 മെയ് 11-ന് കൂദാശ നടത്തുകയുണ്ടായി. കുരിശടിയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന

www.malankaralibrary.com

വേളാങ്കണ്ണി മാതാവിന്റെ തിരുസ്വരൂപം മേപ്പുറത്ത് ശ്രീ. പി.വി.മാത്യുവും ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം കാടമല ശ്രീ. സാമുവേലും, കർത്താവിന്റെ തിരുസ്വരൂപം തൈപ്പറമ്പിൽ ശ്രീ.തോമസ് ജോസഫുമാണ് നല്കിയത്. 1997 മെയ് 18-ന് കൂടിയ ഇടവക പൊതുയോഗം ഇടവകയുടെ ആഭിമുഖ്യത്തിൽ ഒരു സാങ്കേതിക പരിശീലനകേന്ദ്രം ആരംഭിക്കാൻ തീരുമാനിക്കുകയും സൺഡേസ്കൂൾ ഹാളിൽ ആരംഭിക്കുകയും ചെയ്തു. 1972 ഡിസംബറിൽ കൂദാശ ചെയ്ത് പ്രതിഷ്ഠിച്ച പുതിയ കത്തീഡ്രൽ ദേവാലയത്തിന്റെ പ്രതിഷ്ഠയുടെ ഒരു വർഷം നീണ്ടുനിന്ന രജതജൂബിലി ആഘോഷങ്ങൾ 1997 ജനുവരി 5-ാം തീയതി അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. ജൂബിലി ആചരണത്തിന്റെ ഭാഗമായി മോൺ.തോമസ് വടശ്ശേരി മെമ്മോറിയൽ ആർക്കൈവ്സ്, ജൂബിലി വത്സരത്തിൽ ജനിക്കുന്ന പെൺകുട്ടികളുടെ നാമത്തിലുള്ള വിവാഹസമയ നിക്ഷേപം, സാൻജോസ് മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിൽ അച്ചാർ നിർമ്മാണ യൂണിറ്റ്, ജൂബിലിസ്മാരക ഐ.റ്റി.സി. എന്നിവയ്ക്ക് രൂപം നൽകി.

1997 ജൂലൈ മാസം 17-ാം തീയതി ബഹു. മാമ്മൻ ചക്കാലപ്പടിക്കൽ അച്ചനെ തോമസ് മാർ കൂറിലോസ് എന്ന പേരിൽ കത്തീഡ്രലിൽ വച്ച് രൂപതയുടെ സഹായമെത്രാനായി വാഴിച്ചു. ജൂബിലിയുടെ ഭാഗമായി 1997 ഒക്ടോബർ 2,3,4 തീയതികളിൽ മൂന്ന് കലാപരിപാടികൾ കോർത്തിണക്കി മെഗാഫെസ്റ്റ് സംഘടിപ്പിച്ചു. മഞ്ജു വാര്യരുടെ ശാസ്ത്രീയ നൃത്തം, ബിജു നാരായണനും സംഘവും അവതരിപ്പിച്ച ഗാനമേള, ജയരാജ് വാര്യരുടെ മിമിക്സ് കാരിക്കേച്ചർ എന്നിവയായിരുന്നു പ്രസ്തുത കലാപരിപാടികൾ. മെഗാഫെസ്റ്റിൽവച്ച് അഭിനയരംഗത്ത് 25 വർഷം പൂർത്തിയാക്കിയ സിനിമാ താരവും തിരുവല്ലയുടെ അഭിമാനവുമായിരുന്ന ശ്രീ.എം.ജി.സോമനെ ആദരിക്കുകയുണ്ടായി. മെഗാഫെസ്റ്റിന്റെ വരുമാനം ഐ.റ്റി.സി. തുടങ്ങുവാൻ എടുത്തിരുന്ന കടം വീട്ടുവാൻ വിനിയോഗിച്ചു.

ഇടവകയുടെ മൂന്നാമത്തെ കുരിശടി കുളക്കാട്ടിൽ പാലത്തിങ്കൽ ശ്രീ.അലക്സ് സംഭാവന നൽകിയ സ്ഥലത്ത് 1997 ഡിസംബർ 27-ാം തീയതി വി.യൂദാശ്ലീഹായുടെ നാമത്തിൽ കൂദാശ ചെയ്ത് പ്രതിഷ്ഠിച്ചു. യൂദാശ്ലീഹായുടെ തിരുസ്വരൂപം പാലത്തിങ്കൽ ശ്രീ.അലക്സും, ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം പാലത്തിങ്കൽ

www.malankaralibrary.com

ശ്രീ.പി.റ്റി. കുഞ്ഞുമാണ് സംഭാവനയായി നൽകിയത്. മെഡിക്കൽ മിഷൻ ആശുപത്രിയുടെ അടുത്തുള്ള കുരിശടിക്കും, കുളക്കാട്ടിലുള്ള കുരിശടിക്കും സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനും പണം സ്വരൂപിക്കുന്നതിനും ശ്രീ.ഏബ്രഹാം പാലത്തിങ്കലിന്റെയും (തമ്പാൻസാർ), പണികൾ നടത്തുന്നതിൽ പാലത്തിങ്കൽ ശ്രീ.അലക്സാണ്ടറിന്റെയും പ്രേരണയും പ്രയത്നവും പ്രത്യേകം സ്മരണീയമാണ്.

ഏഴ് വർഷക്കാലം ഇടവകയ്ക്ക് ക്രിയാത്മകവും പ്രതീക്ഷാനിർഭരവുമായ നേതൃത്വം നല്കിയ ബഹു.ഏബ്രഹാം കാക്കനാട്ടിൽ അച്ചൻ 1998 മെയ് മാസം 15-ാം തീയതി വികാരി സ്ഥാനത്തുനിന്ന് മാറുകയും ബഹു.ഏബ്രഹാം കാടമല അച്ചൻ ചുമതല ഏല്ക്കുകയും ചെയ്തു. 1972 ഡിസംബറിൽ കൂദാശ ചെയ്ത് കൂടാരപ്പള്ളി എന്ന് പ്രസിദ്ധമായിരുന്നതും വാസ്തുവിദ്യ മേഖലയിൽ പഠിതാക്കൾക്ക് പഠനമാതൃകയും തിരുവല്ല പട്ടണത്തിന്റെ മുഖവുമായി മാറിയിരിക്കുന്ന കത്തീഡ്രൽ ദേവാലയം അപരിഹാര്യമായ കേടുപാടുകൾ നിമിത്തം അപകടകരമായ സ്ഥിതിയിലാണ് എന്ന് തിരിച്ചറിഞ്ഞ പുതിയ വികാരിയച്ചൻ പുതിയ ഒരു ദേവാലയം എന്ന ആശയം മുമ്പോട്ടു വയ്ക്കുകയുണ്ടായി. പുതിയ ദേവാലയ നിർമ്മിതിക്ക് ഉണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യത രൂപത അധികാരികളെ പ്രസ്തുത ആശയത്തിൽനിന്ന് പിൻതിരിപ്പിച്ചു. 1998 നവംബർ 3-ാം തീയതി കാലം ചെയ്ത അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ കബറടക്കസമയത്ത് ഉണ്ടായ ശക്തമായ കാറ്റും മഴയും കത്തീഡ്രലിന്റെ ശോച്യാവസ്ഥ മനസ്സിലാക്കുവാൻ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തിരുന്ന അഭി.പിതാക്കന്മാരെയും ബഹു.വൈദികരെയും അല്മായരെയും ഒരുപോലെ സഹായിച്ചു. ഇനിയും പ്രസ്തുത ദേവാലയം നിലനിൽക്കുന്നത് വലിയ അപകടത്തിന് കാരണമാകാം എന്ന് തിരിച്ചറിഞ്ഞ വിശ്വാസിസമൂഹവും ബഹു.വൈദികരും പുതിയ ദേവാലയം എന്ന നിർദ്ദേശം മുമ്പോട്ടുവച്ചു. കബറടക്ക സമയത്ത് വിദേശത്തായിരുന്ന രൂപതാദ്ധ്യക്ഷൻ അഭി.ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത മടങ്ങിവന്നപ്പോൾ പുതിയ ദേവാലയ നിർമ്മിതിയുമായി ബന്ധപ്പെട്ട ആലോചനകൾക്ക് തുടക്കമായി.

www.malankaralibrary.com

# വന്ദ്യ ഗീവർഗീസ് ഒ.ഐ.സി. അച്ചൻ കാലത്തിനുമുമ്പേ ഓടിയിരുന്ന കർമ്മയോഗി



. . . . . . . . . . . . . . . . .

*ബഥനി സന്ന്യാസി സമൂഹത്തിന്റെ സുപ്പീര്യർ ജനറലായി രണ്ടുഘട്ടം നേതൃത്വം നൽകി. വിവിധ സെമിനാരികളിൽ പ്രൊഫസറായും ധ്യാനഗുരുവായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ പണ്ഡിതനാണ്.*

. . . . . . . . . . . . . . .

**ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**

വന്ദ്യ ഗീവറുഗീസച്ചനെ ആദ്യമായി ഞാൻ കാണുന്നത് തിരുവല്ലാ ബഥനി ആശ്രമത്തിൽ യോഗാർത്ഥി ആയിരിക്കുന്ന സമയത്താണ്. അച്ചൻ എവിടെയ്ക്കോ നടത്തിയ യാത്രാമദ്ധ്യേ അവിടെ കയറിയതായിരുന്നു. അല്പം പ്രായമായെങ്കിലും പ്രസന്നവദനനായി പ്രസരിപ്പോടെ ഊർജ്ജസ്വലനായി നിന്ന അച്ചന്റെ ആ മുഖം എന്നെ ഏറെ ആകർഷിച്ചു. അച്ചനെ ഓർക്കുമ്പോഴെല്ലാം ആ ഭാവം ഇന്നും മനസ്സിൽ നിൽക്കുന്നു. അന്ന് ആസ്പിരൻസി നടത്തിയ ഞങ്ങൾ എല്ലാവരെയും അച്ചൻ കാണുകയുണ്ടായി. കുട്ടികളായ ഞങ്ങളെ കണ്ടത് അച്ചന് വലിയ സന്തോഷമായിരുന്നു. ഒരു ക്വിസ് മാസ്റ്ററെപ്പോലെ പല കാര്യങ്ങൾ ഞങ്ങളോടു ചോദിച്ച് ഉത്തരം പറയിപ്പിക്കാൻ ശ്രമിച്ചു. പല കാര്യങ്ങളെക്കുറിച്ച് ഞങ്ങളോടു സംസാരിച്ചു. കുട്ടികൾക്കു ചേർന്നതും നർമ്മം ചാലിച്ചുള്ളതുമായ ഒരു സംഭാഷണശൈലി അച്ചനുണ്ടായിരുന്നു. ഈ സംഭാഷണത്തോടു ചേർന്ന് ഒരു ഇംഗ്ലീഷ് പാട്ടിന്റെ ചില വരികൾ പാടി കേൾപ്പിക്കുകയും ഞങ്ങളെ പഠിപ്പിച്ച് പാടിക്കുകയും ചെയ്തതായി ഇന്നും ഓർക്കുന്നു.

നാലാഞ്ചിറ ബഥനി ആശ്രമത്തിലെ ഞങ്ങളുടെ നവസന്ന്യാസ പരിശീലന കാലയളവിലാണ് ഗീവറുഗീസച്ചനെ ഞാൻ പിന്നീടു കാണുന്നതും അടുത്തു പരിചയപ്പെടുന്നതും. അച്ചൻ അന്ന് അവിടുത്തെ അംഗമായിരുന്നുകൊണ്ട് വിശ്രമ ജീവിതം നയിക്കുക യായിരുന്നു. നവസന്ന്യാസപരിശീലനത്തിനുശേഷം നാലാഞ്ചിറയിൽ ജൂണിയറേറ്റ് നടത്തിയിരുന്ന അവസരത്തിൽ ഞങ്ങളുടെ ആദ്ധ്യാത്മിക പിതാവും കുമ്പസാരകനുമായിരുന്നു ബ.അച്ചൻ. ബ.അച്ചന്റെ സന്ന്യാസനിഷ്ഠയും ലാളിത്യവും തീക്ഷ്ണമായ പ്രാർത്ഥനാ ജീവിതവും കഠിനാദ്ധ്വാനശീലവും ചെറുപ്പക്കാരായ ഞങ്ങൾക്ക് വലിയ

www.malankaralibrary.com

മാതൃകയും പ്രചോദനവുമായിരുന്നു. മൗനവും ഏകാന്തതയും അച്ചന്റെ കൂടെപ്പിറപ്പായിരുന്നു. താണസ്വരത്തിലേ സംസാരിക്കുമായിരുന്നുള്ളു. പ്രായം വകവയ്ക്കാതെ ദിവസവും കുറേസമയം കായികാദ്ധ്വാനം നടത്തുമായിരുന്നു. നാലാഞ്ചിറ പ്രദേശത്തുള്ള പലരുടെയും കുമ്പസാരകനുമായിരുന്നു. അങ്ങനെ ബഥനി ആശ്രമജീവിതത്തിന്റെ ആദർശങ്ങളും പാരമ്പര്യങ്ങളും അതിന്റെ തനിമയിലും ഔന്നത്യ ത്തിലും ജീവിച്ചുപോന്ന ഒരു സന്ന്യാസശ്രേഷ്ഠനെയാണ് അന്ന് ഞങ്ങൾ അച്ചനിൽ ദർശിച്ചത്.

വന്ദ്യ ഗീവറുഗീസച്ചൻ 1920 മുതൽ പെരുന്നാട് മുണ്ടൻമലയിലെ ആശ്രമാംഗമായിരുന്നു. അച്ചന്റെ സന്ന്യാസപരിശീലനവും വ്രതവാഗ്ദാനവും വൈദികപട്ടവും അവിടെത്തന്നെയാണ് നടത്തിയത്. ബഥനി ആശ്രമത്തിലെ ആദ്യകാല അംഗങ്ങളിലൊരാൾ എന്ന നിലയിൽ ആശ്രമജീവിതചൈതന്യം ആശ്രമസ്ഥാപകന്റെ ഗുരുമുഖത്തുനിന്നും നേരിൽ കണ്ടനുഭവിച്ച് സ്വായത്തമാക്കിയ ചുരുക്കം ചില ബഥാന്യരിലൊരുവനാണ് അച്ചൻ. അച്ചന്റെ ജീവിതത്തെ അനാവരണം ചെയ്യുന്ന തിളക്കമാർന്ന വസ്തുതകളിലൊന്നാണിത്. ബഥനി സമൂഹത്തിലും മലങ്കര സഭയിലുമുള്ള അച്ചന്റെ വ്യക്തിത്വത്തിന്റെ മൂല്യം ഈ ചരിത്ര വസ്തുതയിലടങ്ങിയിരിക്കുന്നു.

ബഥനി ആശ്രമത്തിൽ അംഗമാകുന്നതിനുമുൻപുതന്നെ അദ്ദേഹത്തെ കൽക്കത്തയിലെ പ്രോട്ടസ്റ്റന്റ് മിഷണറിമാരുടെ നിയന്ത്രണത്തിലുള്ള സെറാമ്പൂർ കോളജിലയച്ച് ദൈവശാസ്ത്രം പഠിപ്പിച്ചിരുന്നു. ഈ പ്രത്യേക അവസരം പ്രോട്ടസ്റ്റന്റു മിഷണറി മാരെക്കുറിച്ചും ഭാരതത്തിലെ അവരുടെ മിഷണറി പ്രവർത്തനങ്ങളെ ക്കുറിച്ചും അടുത്തറിഞ്ഞു മനസ്സിലാക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. ആശ്രമസ്ഥനായശേഷം അച്ചനെ ചെത്തിപ്പുഴ കർമ്മലീത്ത അച്ചന്മാരുടെ സെമിനാരിയിലേക്കും അയയ്ക്കുകയു ണ്ടായി. അവിടെ അവരോടൊപ്പമുള്ള സഹവാസവും പഠനവും സാർവ്വ ത്രിക കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ അടുത്തറിയുവാനും സഭാവിജ്ഞാനത്തെപ്പറ്റി വ്യാപകവും വ്യക്തവുമായ ഒരു കാഴ്ചപ്പാട് ഉളവാക്കുവാനും നിർണ്ണായകമായ പങ്കുവഹിച്ചു. ഈ കാലയളവിൽ തന്നെ ബഥനി മെത്രാപ്പോലീത്ത മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ കത്തോലിക്കാ സഭയുമായുള്ള ഐക്യത്തെപ്പറ്റി ഗൗരവമായ ചിന്തകളും ചർച്ചകളും നടത്തുകയും അതിനുള്ള

www.malankaralibrary.com

പ്രായോഗിക നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഈ പ്രക്രിയകൾ 1930-ൽ സാക്ഷാത്കരിക്കുന്നതുവരെ കാത്തിരിക്കാതെ അവയ്ക്കെല്ലാം മുൻപായി 1929ൽ തന്നെ ഗീവറുഗീസച്ചൻ ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിലെത്തി കത്തോലിക്കാസഭയുമായി സധൈര്യം പുനരൈക്യപ്പെട്ടു. മലങ്കര കത്തോലിക്കാസഭയിലെ പുനരൈക്യപ്രസ്ഥാനത്തിന് 'ഒരു കാതം മുമ്പേ' അച്ചൻ ഓടി എന്നു പറയാം. 1930നുശേഷം അദ്ദേഹം പുനരൈക്യപ്പെട്ട പിതാക്കന്മാരോടൊപ്പം ചേർന്നു പ്രവർത്തിച്ചു.

മലങ്കര സഭയിലെ കത്തോലിക്കാ പുനരൈക്യ സംഭവത്തിനു ശേഷം നീണ്ട വർഷങ്ങൾ പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ഗീവറുഗീസച്ചൻ തന്റെ ജീവിതം സമർപ്പിച്ചു. 1930 മുതൽ 1948 വരെ അദ്ദേഹം പുതുതായി രൂപം കൊണ്ട തിരുവല്ലാ രൂപതയുടെ വികാരി ജനറൽ, കത്തീഡ്രൽ വികാരി, രൂപതാദ്ധ്യക്ഷന്റെ സെക്രട്ടറി, രൂപതാ പ്രൊക്യുറേറ്റർ എന്നീ നിലകളിൽ സേവന മനുഷ്ഠിച്ചു. പെരുന്നാടു ബഥനിയിൽ തന്റെ ഗുരുഭൂതനായിരുന്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ വലംകൈയായി നിന്ന് രൂപതയുടെ ആദ്യകാല വളർച്ചയ്ക്കും സുസ്ഥിതിക്കുമായി അക്ഷീണം പ്രയത്നിച്ച് പിതാവിന്റെ കരങ്ങളെ ബലപ്പെടുത്തിയിരുന്നു. 1948-1957 വരെ മലങ്കര കത്തോലിക്കാസഭയിലെ വിവിധ ഇടവകകളിൽ പ്രവർത്തിച്ചു. 1957-ൽ ബഥനി സമൂഹം അച്ചനെ സമൂഹത്തിന്റെ പൂനയിലുള്ള പഠനഗൃഹത്തിന്റെ ആദ്ധ്യാത്മിക ഗുരുവായി നിയമിച്ചു. അച്ചന്റെ മാതൃകാപരമായ, നിഷ്ഠാപരമായ ജീവിതശൈലിയും കഠിനാദ്ധ്വാന സ്വഭാവവും അവിടെ ജീവിച്ചിരുന്ന വൈദിക വിദ്യാർത്ഥികളെ വളരെയധികം സ്വാധീനിച്ചു. ബഥനി ആശ്രമത്തിന്റെ ആദിമചൈതന്യ ത്തിന്റെ പ്രതിഫലനം അച്ചനിലൂടെ നേരിട്ടു കണ്ടും കേട്ടും വളരുവാൻ അവർക്ക് ഭാഗ്യം ലഭിച്ചു.

വന്ദ്യ ഗീവറുഗീസച്ചന്റെ ജീവിതത്തിൽ എപ്പോഴും തിളങ്ങി നിന്ന ഒരു അടിസ്ഥാന ഭാവമാണ് അച്ചനിൽ പരിലസിച്ചിരുന്ന പ്രേഷിത ചൈതന്യവും മിഷണറിതീക്ഷ്ണതയും. നിങ്ങൾ ലോകമെങ്ങും പോയി സർവ്വജനതകളോടും സുവിശേഷമറിയിക്കാനുള്ള ദിവ്യനാഥന്റെ ആഹ്വാനം അതിന്റെ അക്ഷരാർത്ഥത്തിൽ അച്ചനെ സ്വാധീനിച്ചിരുന്നു. ഈ ദിവ്യോക്തിയുടെ പ്രായോഗിക ഭാവമായിരുന്നല്ലോ പുണ്യതാതൻ മാർ ഈവാനിയോസ് പിതാവിന്റെ 'ഭാരത

www.malankaralibrary.com

മാസകലം സുവിശേഷം പ്രചരിപ്പിക്കണം' എന്ന അടങ്ങാത്ത ആവേശവും അതിനുവേണ്ടി ബഥനി ആശ്രമസ്ഥാപനത്തിലൂടെയുള്ള പരിശ്രമങ്ങളും. ക്രൈസ്തവസഭയുടെ സർവ്വപ്രധാനമായ ചുമതല സുവിശേഷപ്രചരണമാണെന്നും രക്ഷകനായ മിശിഹാ തമ്പുരാനെ ഏവർക്കും കാണിച്ചുകൊടുക്കുക എന്നുള്ളതാണ് സമുദായത്തിന്റെ മുദ്രാവാക്യമെന്നും സഭയിൽ മറ്റെന്തെല്ലാമുണ്ടായാലും സുവിശേഷ പ്രചരണം അപരിഹാര്യമാണെന്നും ഉള്ള വന്ദ്യ പിതാവിന്റെ ദർശനം അതേപടി സ്വാംശീകരിച്ച് സ്വായത്തമാക്കിയ ഒരാളാണ് ഗീവറുഗീസച്ചൻ. സഭയെ സഭയാക്കുന്നതും സഭയ്ക്ക് ജീവൻ നല്കുന്നതും സുവിശേഷപ്രചരണമാണ് എന്ന വസ്തുതയും അച്ചൻ മനസ്സിലാക്കിയിരുന്നു. സെറാമ്പൂരിലെ പ്രോട്ടസ്റ്റന്റ് മിഷണറിമാരോടൊപ്പമുള്ള ജീവിതവും അവരോടുള്ള അടുപ്പവും അവിടുത്തെ പഠനങ്ങളും അച്ചന്റെ പ്രേഷിതതീക്ഷ്ണതയെ പ്രോജ്ജ്വലിപ്പിച്ചു. അന്യനാടുകളിൽ നിന്നിവിടെ വന്ന്, നാടും വീടും സ്വജനത്തെയും എല്ലാം ഉപേക്ഷിച്ച് സുവിശേഷ പ്രചരണത്തിനായി തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ച് കഠിനാദ്ധ്വാനം ചെയ്തിരുന്ന അവരുടെ ജീവിതം അച്ചനെ ഏറെ സ്വാധീനിച്ചു. ഈ മിഷണറിമാരുടെ പ്രവർത്തനങ്ങളുടെ പിന്നിലെ ബോദ്ധ്യങ്ങളും അവർ സ്വീകരിച്ച മാർഗ്ഗങ്ങളും അവർ പ്രദർശിപ്പിച്ച തീക്ഷ്ണതയുമെല്ലാം ആ യുവമനസ്സിന് വലിയൊരു ചാലകശക്തിയായി മാറി. ഇതു കൂടാതെ ചെത്തിപ്പുഴ കർമ്മലീത്താ അച്ചന്മാരുമായുള്ള അദ്ദേഹത്തിന്റെ അടുപ്പം കത്തോലിക്കാ സഭയുടെ പ്രേഷിത തീക്ഷ്ണതയിലേക്കും വിശാലമായ സുവിശേഷവത്ക്കരണപ്രവർത്തനങ്ങളിലേക്കും അച്ചനെ കൊണ്ടെത്തിച്ചു. ഈ ശക്തമായ സാഹചര്യങ്ങളെല്ലാം അച്ചനിലെ മിഷണറി ചൈതന്യത്തെ ആളിക്കത്തിച്ചുവെന്നു പറയാം.

ഭാരതത്തിന്റെ സുവിശേഷവത്കരണം എന്ന ബഥനി ആശ്രമത്തിന്റെ സ്ഥാപകലക്ഷ്യത്തിന്റെ വിവിധ തലങ്ങൾ ഇതിനകം ഗീവറുഗീസച്ചൻ ആർജ്ജിച്ചെടുത്തിരുന്നു. അതിനുവേണ്ടി സ്വയം സമർപ്പിക്കുവാനുള്ള ശക്തമായ ഉൾപ്രേരണയും അച്ചനിൽ കൂടികൊണ്ടിരുന്നു. ജീവസ്സുറ്റ ഈ ഉൾപ്രേരണയായിരിക്കാം എത്രയും വേഗം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ അച്ചനെ പ്രേരിപ്പിച്ചത്. മലങ്കര സഭയിലെ പുനരൈക്യ പ്രസ്ഥാനത്തിന്റെ പുതിയ സാഹചര്യങ്ങളിൽ അതിന്റെ വളർച്ചയ്ക്കായി അച്ചൻ അക്ഷീണം പ്രയത്നിച്ചു. നേരത്തെ കണ്ടതുപോലെ ഏതാണ്ട് 18 വർഷം തിരുവല്ലാ

www.malankaralibrary.com

രൂപതയുടെ നിലനില്പിനും വളർച്ചയ്ക്കുമായി ഒരു കനൽപോലെ ഉള്ളിലൊതുക്കിയ മിഷൻ ചൈതന്യവുമായി പ്രവർത്തിച്ചു. തിരുവല്ലാ കത്തീഡ്രൽ വികാരി സ്ഥാനത്തുനിന്നും വിരമിച്ച ബഹു. ഗീവർഗീസച്ചൻ ചെങ്ങന്നൂർ, പുലിയൂർ എന്നീ സ്ഥലങ്ങളിൽ മലങ്കര കത്തോലിക്കാ ഇടവക സമൂഹങ്ങൾ സ്ഥാപിക്കുകയും അവിടെ ദീർഘകാലം വികാരിയായി ശുശ്രൂഷകൾ നടത്തുകയും ചെയ്തു. അവിടെ നിന്നാണദ്ദേഹം പൂനാ (1957–'60) ബഥനി ആശ്രമാംഗമായി പോകുന്നത്. 1960 മുതൽ നാലാഞ്ചിറ ആശ്രമത്തിൽ ആയിരുന്നുകൊണ്ട് പുലിയനാർകോട്ട മിഷൻ വികാരിയായും അവിടെത്തന്നെ ടി.ബി.ഹോസ്പിറ്റലിന്റെ ചാപ്ലയിനായും പ്രവർത്തിച്ചു പോന്നു. അങ്ങനെ 1960–1972 വരെയുള്ള കാലയളവ് അച്ചന്റെ മിഷൻ ചൈതന്യത്തിന്റെ മറ്റൊരുമുഖം ദർശിക്കുവാൻ സാധിക്കും. 1972 മുതൽ ഗീവർഗീസച്ചൻ സന്ന്യാസജീവിത തീക്ഷ്ണതയോടുകൂടിയ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചു.

കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടശേഷമുള്ള കാലമെല്ലാം മാർ ഈവാനിയോസ് പിതാവിന്റെ 'വിജാതീയമിഷൻ' ഭാരത സുവിശേഷവത്കരണം മുതലായ മിഷൻ ദർശനങ്ങളുടെ സാക്ഷാത്കാരം എന്ന വിഷയം മിഷൻ ചൈതന്യംകൊണ്ടു നിറഞ്ഞ ഗീവർഗീസച്ചന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു എന്നതിൽ സംശയമില്ല. എന്നാൽ ബഥനി സമൂഹത്തിന്റെ അന്നത്തെ സാഹചര്യങ്ങളിൽ ഭാരതത്തിന്റെ വിവിധ അക്രൈസ്തവ മേഖലകളിലേക്ക് കടന്നുചെന്നു സുവിശേഷ പ്രചരണവേലകൾ നടത്തുക പല കാരണങ്ങളാൽ ദുഷ്കരമായിരുന്നു എന്ന വസ്തുത ഏവർക്കുമറിയാം. മലങ്കര സഭയിൽ ഇത്രയധികം പ്രേഷിത പ്രവർത്തനങ്ങൾ ആത്മാർത്ഥതയോടെ നിർവ്വഹിച്ചെങ്കിലും അച്ചന്റെ മനസ്സ് സംതൃപ്തമായിരുന്നില്ല. സഭയുടെ മിഷൻ രംഗത്ത് ഇനിയും ചില മേഖലകളിൽ എത്തിച്ചേരാനുണ്ട്, പ്രവർത്തിക്കാനുണ്ട് എന്നൊരു ഉൾക്കാഴ്ച അച്ചനിൽ ശക്തിപ്പെട്ടിരുന്നു. അത് അച്ചനെ അസ്വസ്ഥനാക്കിയിരുന്നു. പെരുന്നാട് ബഥനി ആശ്രമത്തിലായിരുന്നപ്പോൾ മാർ ഈവാനിയോസ് പിതാവ് ഈ വിഷയം അവരുമായി പങ്കുവയ്ക്കുകയും ഇത് ബഥനിയുടെ നിയോഗമാണെന്ന് തന്റെ അനുചരന്മാരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചാബിലേക്ക് മിഷൻ പ്രവർത്തനങ്ങൾക്കായി പോകുന്നതിനെ

www.malankaralibrary.com

ക്കുറിച്ചും പിതാവ് പ്രായോഗികമായി ചിന്തിച്ചിരുന്നു. ഇക്കാര്യങ്ങളെല്ലാം തന്റെ വിശ്രമജീവിതകാലത്തും തികഞ്ഞ മിഷണറിയായ ഗീവറുഗീസച്ചന്റെ മനസ്സിനെ തൊട്ടുണർത്തുകയും അച്ചനത് മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്തുപോന്നു.

ഈ കാലയളവിൽ ആന്ധ്രാപ്രദേശിലെ കർണൂൽ എന്ന സ്ഥലത്ത് മിഷൻ പ്രവർത്തനം നടത്തുവാൻ ആശ്രമ വൈദികരെ ആവശ്യപ്പെട്ടുകൊണ്ട് രൂപതാദ്ധ്യക്ഷന്റെ ഒരു കത്ത് സമൂഹാദ്ധ്യക്ഷനു ലഭിച്ചു. അതിലെ ചില വ്യവസ്ഥകൾ അംഗീകരിക്കുവാൻ സാധിക്കാത്തതിനാൽ സമൂഹം ആ ക്ഷണം അന്ന് സ്വീകരിച്ചില്ല. ഈ വിവരമറിഞ്ഞ ഗീവറുഗീസച്ചൻ തന്റെ എഴുപതാം വയസ്സിൽ അവിടേക്കു പോകുവാനുള്ള സന്നദ്ധത അറിയിക്കുകയും അതിനായി ചില പ്രായോഗിക നടപടികളുമായി മുന്നോട്ടു പോകുകയും ചെയ്തു. അതിൽനിന്ന് അദ്ദേഹത്തെ പിൻതിരിപ്പിക്കാൻ സഭാമേലദ്ധ്യക്ഷൻ തന്നെ ഇടപെടേണ്ടതായി വന്നു എന്നു പറയുമ്പോൾ അച്ചനിൽ ഉറങ്ങിക്കിടന്ന ആ മിഷൻ തീക്ഷ്ണതയുടെ അടങ്ങാത്ത ശക്തി എത്ര വലുതായിരുന്നുവെന്ന് മനസ്സിലാക്കാം.

മിഷൻ ചൈതന്യം നിറഞ്ഞുനിന്ന് ഗീവറുഗീസച്ചൻ മിഷണറിമാരുടെ മദ്ധ്യസ്ഥയായ ലിസ്യുവിലെ വി.കൊച്ചുത്രേസ്യയുടെ വലിയ ഭക്തനായിരുന്നു. കർമ്മലീത്താ വൈദികരുമായുള്ള അടുപ്പത്തിൽ നിന്നാണ് അദ്ദേഹം വിശുദ്ധയോടുള്ള ഭക്തിയിൽ ആഴപ്പെട്ടത്. തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവിനെ വിശുദ്ധയോടുള്ള ഭക്തിയിലേക്കാകർഷിക്കുവാനും അതിൽ നിറയ്ക്കുവാനും രൂപതയുടെ മദ്ധ്യസ്ഥയായി പ്രതിഷ്ഠിക്കുവാനും അച്ചന്റെ വലിയ സ്വാധീനമുണ്ടായിരുന്നു എന്ന വസ്തുതയും ഇവിടെ പ്രസ്താവ്യമാണ്.

ഇന്ന് മലങ്കര കത്തോലിക്കാ സഭയും ബഥനി സന്ന്യാസ സമൂഹവും ഭാരതത്തിന്റെ വിവിധ ദർശനങ്ങളിൽ ധാരാളം വെല്ലുവിളികളെ അതിജീവിച്ച് സുവിശേഷവത്കരണ പദ്ധതികൾ പ്രശംസാർഹമായ രീതിയിൽ ആവിഷ്കരിച്ചു വരികയാണ്. ഇതിനായി ഒരു കാതം മുമ്പേ ഇറങ്ങി പുറപ്പെടാൻ തയ്യാറായ ഗീവറുഗീസച്ചൻ ഇന്ന് സ്വർഗ്ഗത്തിലിരുന്ന് സന്തോഷിക്കുന്നുണ്ടാവും.

www.malankaralibrary.com

# ബഥനി ആശ്രമത്തിലെ ബോധിവൃക്ഷത്തണൽ



*തത്വശാസ്ത്ര പ്രൊഫസറും ധ്യാനഗുരുവും ഗ്രന്ഥകാരനുമാണ്. ബഥനിയുടെ സുപ്പീര്യർ ജനറലായും പ്രൊവിൻഷ്യൽ സുപ്പീര്യറായും നേതൃത്വം നൽകിയിട്ടുണ്ട്. സാഹിത്യരംഗത്തും മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്.*

**ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.**

കാലത്തിനും മുമ്പേ സഞ്ചരിക്കുന്ന ചില വ്യക്തിത്വങ്ങൾ തങ്ങളുടെ ഉൾക്കാഴ്ചകൊണ്ട് വേറിട്ട് നില്ക്കുന്നവരാണ്.

ബ.ഗീവർഗ്ഗീസ് മാമ്പഴക്കാട്ടിലച്ചനെപ്പറ്റി ആദ്യമായി ഞാൻ കേൾക്കുന്നത് എന്റെ പിതാവിൽനിന്നു തന്നെയാണ്. തിരുവല്ലാ കത്തീഡ്രൽ വികാരിയായിരുന്നപ്പോൾ അദ്ദേഹം അവിടെ പ്രഗത്ഭരായ വൈദികരെ കൊണ്ടുവന്ന് കൺവെൻഷനുകളും ധ്യാനപ്രസംഗങ്ങളും സംഘടിപ്പിക്കുമായിരുന്നത്രെ. അതിന് ഞങ്ങളുടെ ഇടവകയിൽനിന്നും ആളുകൾ പോയി പങ്കെടുത്തിരുന്നു. ഗീവർഗീസച്ചനോട് എല്ലാവർക്കും തെല്ല് ഭയം കലർന്ന ബഹുമാനമായിരുന്നു. കാരണം, അച്ചൻ എല്ലാ കാര്യങ്ങളിലും കൃത്യമായ ചിട്ടവട്ടങ്ങൾ പാലിച്ചിരുന്ന ആളായിരുന്നത്രെ. പള്ളിക്കുള്ളിൽ പ്രസംഗം നടക്കുമ്പോൾ ദേവാലയ പരിസരത്തും മറ്റും ചുറ്റിക്കറങ്ങി നടക്കുന്നവരെ ശാസിച്ചും, വേണ്ടി വന്നാൽ കയ്യിലിരിക്കുന്ന വള്ളിച്ചൂരൽകൊണ്ട് ഒന്നു കൊടുത്തും പള്ളിയ്ക്കകത്തേക്ക് എത്തിച്ചിരുന്നു. അന്ന് മനസ്സിൽ പതിഞ്ഞ അച്ചന്റെ ചിത്രം ഒരു വലിയ കാർക്കശ്യക്കാരന്റേതായിരുന്നു.

പിന്നീട് നോവിഷ്യേറ്റ് കഴിഞ്ഞ് നാലാഞ്ചിറ ആശ്രമത്തിൽ ചെന്ന്, മാർ ഈവാനിയോസ് കോളേജിൽ പ്രീഡിഗ്രി വിദ്യാർത്ഥിയായി കഴിഞ്ഞ കാലം. അപ്പോഴാണ് ഗീവർഗീസച്ചനെ കൂടുതലായി അടുത്തറിയുവാൻ കഴിഞ്ഞത്. മനസ്സിലുണ്ടായിരുന്ന കാർക്കശ്യക്കാരന്റെ രൂപം മാറി ഒരു സൗമ്യസാന്നിദ്ധ്യമായി ഗീവർഗീസച്ചൻ മനസ്സിൽ കുടിയേറി.

നാലാഞ്ചിറ ആശ്രമത്തിന്റെ ചാപ്പലിനോട് ചേർന്നുള്ള ഓറട്ടറിയുടെ സൈഡിലുള്ള ഒന്നാമത്തെ മുറിയായിരുന്നു ഗീവർഗീസച്ചന്റേത്. മുറിയിൽ ഒരു ചാരുകസേരയുണ്ട്. അതിൽ കാലുകളുയർത്തി വച്ചിരുന്ന് വായനയിൽ മുഴുകിയിരിക്കുന്ന ഗീവർഗീസച്ചന്റെ ചിത്രം ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു.

www.malankaralibrary.com

**പറഞ്ഞുകേട്ട കഥകൾ**

മാർ ഈവാനിയോസ് തിരുമേനിക്കും മുമ്പ് കത്തോലിക്കാ സഭയെ വരിച്ച പുരോഹിത ശ്രേഷ്ഠൻ. ലിസ്യുവിലെ വി.കൊച്ചു ത്രേസ്യായുടെ മഠത്തിലേക്ക് മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനായി പ്രാർത്ഥനാസഹായം അപേക്ഷിച്ച് ഗീവർഗീസച്ചൻ കത്തെഴുതിയിട്ടുണ്ട് എന്ന് കേട്ടിട്ടുണ്ട്. എന്തായാലും പിന്നീട് ബഥനിയുടെ സംരക്ഷക വിശുദ്ധരിലൊരാൾ പാശ്ചാത്യ സഭയിലെ വിശുദ്ധയായ കൊച്ചുത്രേസ്യായായത് യാദൃശ്ചികമായിരിക്കുമോ?

അമേരിക്കയിലെ ഗ്രേമൂർ സന്ന്യാസ സമൂഹവുമായി ഒന്നിക്കണം എന്ന ആശയം അദ്ദേഹം വച്ചു പുലർത്തിയിരുന്നതായി കേട്ടിട്ടുണ്ട്. കാരണം, ആംഗ്ലിക്കൻ സഭയിൽ നിന്ന് പുനരൈക്യപ്പെട്ട അവരുടെ സഭാസ്ഥാപകനും, സമൂഹത്തിനും ബഥനിയുടെ ചരിത്രവുമായി നല്ല സാദൃശ്യം ഉണ്ട്. പിന്നീട് മാർ ഈവാനിയോസ് പിതാവും തന്റെ അമേരിക്കൻ പര്യടന വേളയിൽ അവിടെ പോവുകയും സഹായങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുമുണ്ട്.

ഇങ്ങനെ വിശാലമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്ന ധിഷണാശാലിയായിരുന്നു ഗീവർഗീസച്ചൻ.

**വിജ്ഞാനദാഹി**

അദ്ദേഹത്തിന്റെ വിശ്രമകാലം, വിജ്ഞാനദാഹിയായ ഒരു പുരോഹിതന്റെ ചിത്രമാണ് രേഖപ്പെടുത്തുക. നാലാഞ്ചിറ ആശ്രമത്തിലെ പഴയ ലൈബ്രറിയിലെ ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ പലവുരു വായിച്ചു കഴിഞ്ഞിരുന്നു. അതിനാൽ ഈവാനിയോസ് കോളേജിലെ ലൈബ്രറിയിൽ നിന്നും അദ്ദേഹത്തിന് പുസ്തകങ്ങൾ എടുത്തു കൊണ്ടുവരുവാൻ അന്ന് ഞങ്ങളുടെ റെക്ടർ ആയിരുന്ന ബ.പയസ്സച്ചൻ എന്നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ലേഖനസമാഹാരങ്ങളായിരുന്നു അദ്ദേഹത്തിന് പ്രിയം. കഴമ്പില്ലാത്ത ഏതെങ്കിലും പുസ്തകം ഉണ്ടെങ്കിൽ അത് ഉടൻ മടക്കിത്തരും; ഒപ്പം “വെയ്സ്റ്റ് ഓഫ് ടൈം” എന്നൊരു കമന്റും പറയും. വായന മുടങ്ങിയിട്ടുള്ള ഒരു ദിവസവും, അച്ചന്റെ ജീവിതത്തിലുണ്ടായിരുന്നിട്ടില്ല.

www.malankaralibrary.com

**കുമ്പസാര പിതാവ്**

രാവിലെ നാലുമണിക്കുതന്നെ അദ്ദേഹം വി.കുർബാനയർപ്പിക്കുമായിരുന്നു. ബ.അലോഷ്യസ് ബ്രദറും, 'ആശാൻ' എന്ന് എല്ലാവരും സ്നേഹപൂർവ്വം സംബോധന ചെയ്തിരുന്ന ആശ്രമത്തിലെ കാര്യസ്ഥനും സ്ഥിരമായി അച്ചന്റെ വി.കുർബാനയിൽ പങ്കുചേർന്നിരുന്നു.

അതിനുശേഷം പൊതു വി.കുർബാന കാണുവാൻ വരുന്നവരിൽ കുമ്പസാരിക്കുവാൻ ആഗ്രഹമുള്ളവർ സ്ഥിരമായി ആശ്രയിച്ചിരുന്നത് ഗീവർഗ്ഗീസച്ചനെ ആയിരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ അവരുടെ നിര വളരെ നീളുമായിരുന്നു. എന്നാൽ അവരുടെ കുമ്പസാരം കേൾക്കുന്നതിൽ അദ്ദേഹത്തിന് വാർദ്ധക്യത്തിന്റെ പരിമിതികൾ തടസമായിരുന്നില്ല. ജനങ്ങൾക്കും ആ മിതഭാഷിയായ സന്ന്യാസവര്യനോട് താല്പര്യവുമായിരുന്നു. അദ്ദേഹത്തിന്റെയടുക്കൽ കുമ്പസാരിക്കാനെത്തുന്നവരിൽ കുഞ്ഞുങ്ങളും യുവാക്കളും അഭ്യസ്തവിദ്യരായ മുതിർന്നവരും എല്ലാം ഉണ്ടായിരുന്നു. ചാപ്പലിനോട് ചേർന്ന അദ്ദേഹത്തിന്റെ മുറിതന്നെ ഒരു കുമ്പസാരക്കൂടായിരുന്നു എന്ന് തോന്നിയിട്ടുണ്ട്.

**പ്രകൃതി ജീവനം**

നാലാഞ്ചിറയിലുള്ള ഇപ്പോഴത്തെ യൂത്ത് സെന്റർ അന്ന് പ്രകൃതി ചികിത്സാ കേന്ദ്രമായിരുന്നു. ബ.ഫിലിപ്പ് നേരിയച്ചൻ പഠനം പൂർത്തിയാക്കിവന്ന് ഇതിന് നേതൃത്വം കൊടുക്കുന്ന കാലം ഗീവർഗീസച്ചൻ സ്വന്തം ആരോഗ്യപരിപാലനത്തിന് ആശ്രയിച്ചിരുന്നത് പ്രകൃതിചികിത്സയേയായിരുന്നു. അദ്ദേഹം ഇടയ്ക്കിടെ Mud bath, Steam Bath തുടങ്ങിയവ എടുക്കുന്നതിൽ കാണിക്കുന്ന ബദ്ധശ്രദ്ധ ഞങ്ങൾക്ക് കൗതുകമായിരുന്നു. സ്വന്തം സന്ന്യാസ ജീവിതത്തിന്റെ ലാളിത്യം ചികിത്സാരംഗത്തും കർശനമായി പുലർത്തിയിരുന്നു എന്ന് ചുരുക്കം. വലിയ ആരോഗ്യപ്രശ്നങ്ങൾ ഒന്നുമില്ലാതെ മുമ്പോട്ട് പോകുവാൻ ചിട്ടയായ ഈ ജീവിത ക്രമീകരണം അദ്ദേഹത്തെ സഹായിച്ചിരുന്നു.

**ബഥനിയിലെ സ്നേഹപിതാവ്**

ഉയർന്ന ചിന്തകളും ആഭിമുഖ്യങ്ങളും വച്ചു പുലർത്തിയിരുന്നു എങ്കിലും ഞങ്ങൾ സന്ന്യാസ വൈദിക വിദ്യാർത്ഥികൾക്ക് അദ്ദേഹം

www.malankaralibrary.com

അപ്രാപ്യനായ ഘനഗാംഭീര്യനൊന്നുമല്ലായിരുന്നു. നാലാഞ്ചിറ ആശ്രമത്തിലെ വിദ്യാർത്ഥികൾ താമസിച്ചിരുന്ന കെട്ടിടത്തിലെ വരാന്തയിൽ അദ്ദേഹം ചിലപ്പോൾ വന്നു നില്ക്കും. ഊന്നി നടക്കുവാൻ ഉപയോഗിച്ചിരുന്ന വടി കക്ഷത്തിലേക്ക് മാറ്റി ഞങ്ങളെ കൈകൊട്ടി വിളിക്കും. ആ വിളിയുടെ അർത്ഥമറിയാവുന്ന ഞങ്ങൾ ഓടിയെത്തും. അദ്ദേഹത്തെ കാണുവാൻ വന്ന അതിഥികൾ കൊടുത്തിട്ടു പോകുന്ന ആപ്പിൾ, മുന്തിരിങ്ങ, ഓറഞ്ച് തുടങ്ങിയവ ഞങ്ങൾക്ക് തരുവാൻ വരുമ്പോഴാണ് ഈ വിളി വരുന്നത്. ഞങ്ങളാകട്ടെ തോട്ടത്തിൽ വിളയുന്ന പപ്പായയും ചിക്കുവും മാങ്ങയുമൊക്കെ ഗീവർഗീസച്ചന്റെ മുറിയിലും എത്തിച്ചിരുന്നു. ഇങ്ങനെ ഒരു സ്നേഹത്തിന്റെ ക്രയവിക്രയം ഔപചാരികതകൾ ഒട്ടുമില്ലാതെ നടന്നിരുന്നു. ഒരു തറവാട്ടിലെ വല്യപ്പച്ചന്റെ സ്നേഹബന്ധം അങ്ങനെ അറിയാതെ വളർന്നു വരികയും, ക്രമേണ അദ്ദേഹത്തെ 'അച്ചാ' എന്ന് വിളിക്കുന്നതിന് പകരം 'അപ്പച്ചാ' എന്ന് ഞങ്ങൾ വിളിക്കുവാൻ തുടങ്ങുകയും ചെയ്തു. ആദ്യം കേൾക്കാതെയും പിന്നീട് പതിയെയും ക്രമേണ ശങ്കയേതുമില്ലാതെ ഉറക്കെയും വിളിച്ച് ആശ്രമത്തിലെ ഞങ്ങളുടെ അപ്പച്ചനായി ഗീവർഗീസച്ചൻ മാറി. ആ വിളി അദ്ദേഹവും ആസ്വദിച്ചിരുന്നതായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. അങ്ങനെ ആശ്രമത്തിലെ ചിട്ടവട്ടങ്ങളുടെ ഗൗരവത്തെ ഈ ഹൃദ്യമായ സ്നേഹത്തിന്റെ ഇടപെടലുകൾ എത്രമാത്രം ആർദ്രമാക്കിയെന്ന് കാലങ്ങൾക്കിപ്പുറമിരുന്ന് ചിന്തിക്കുമ്പോഴാണ് മനസ്സിലാകുന്നത്.

**മൗനത്തിന്റെ വല്മീകം**

ഗീവഗീസച്ചന്റെ ജീവിതത്തിലെ വളരെ പ്രത്യേകത നിറഞ്ഞ ഒരു വസ്തുതയായി എനിക്ക് തോന്നിയിട്ടുള്ള ഒരു പ്രത്യേക കാര്യം ഉണ്ട്. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുന്നാൾ ദിവസം മുതൽ പെന്തിക്കുസ്താദിനം വരെയുള്ള ദിവസങ്ങളിൽ അദ്ദേഹം മൗനവ്രതത്തിൽ ആയിരിക്കും. ആ ദിവസങ്ങളിൽ അദ്ദേഹം ആരോടും ഒന്നും മിണ്ടുകയില്ല. എല്ലാ അർത്ഥത്തിലും അദ്ദേഹം മുനിയാകും. അത്യാവശ്യമുള്ള കാര്യങ്ങൾ എഴുതിക്കാണിക്കും. കുമ്പസാരിക്കുവാൻ വരുന്നവരുടെ കുമ്പസാരം കേൾക്കും. ഉപദേശം നല്കും എന്നതൊഴികെ ആരോടും മിണ്ടാതെ, മൗനവ്രതം ആചരിച്ച് പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ സ്വീകരിക്കുവാൻ അദ്ദേഹം ആത്മാവുകൊണ്ടും ശരീരംകൊണ്ടും മനസ്സുകൊണ്ടും ഒരുങ്ങും. അന്ന് അതത്ര കാര്യമായി ഗ്രഹിച്ചിരുന്നില്ല.

www.malankaralibrary.com

പിന്നീട് മാർ ഈവാനിയോസ് തിരുമേനിയുടെ സംക്ഷിപ്ത നിയമത്തിൽ ഒന്നാം നിയമമായി മൗനത്തെ പ്രതിഷ്ഠിച്ചിരിക്കുന്നതും, പിന്നീട് സന്ന്യാസജീവിത സഹായി എന്ന ഗ്രന്ഥത്തിൽ അദ്ദേഹം മൗനത്തെക്കുറിച്ച് പ്രതിപാദിച്ചിരുന്നതുമൊക്കെ വായിക്കാനും പഠിക്കുവാനും തുടങ്ങിയപ്പോഴാണ് ഗീവർഗീസച്ചന്റെ മൗനവ്രതം വീണ്ടും ഓർമ്മകളിലേക്ക് വന്നത്. ഇന്ന് ആ മൗനത്തിന്റെ വല്മീകത്തിനുള്ളിലേക്ക് സ്വയം പിൻവലിഞ്ഞിരുന്ന ആ സന്ന്യാസ ശ്രേഷ്ഠനെ കൂടുതൽ മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്.

**ജീവിതമാകുന്ന സന്ദേശം**

ഗീവർഗീസച്ചന്റെ സന്ന്യാസജീവിതത്തിന് അതിന്റേതായ കുലീനത്വം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കർമ്മനിരതമായ ജീവിതം ഞാൻ കണ്ടിട്ടില്ല. ഞാനദ്ദേഹത്തെ കാണുന്നത് വിശ്രമജീവിതം നയിക്കുന്ന വ്യക്തിയായിട്ടാണ്. എന്നാൽ ആ വിശ്രമജീവിതത്തിന്റെ ആഢ്യത്വം ഒരു ദിവസംകൊണ്ട് സൃഷ്ടിച്ചതാവാൻ തരമില്ല. ആർക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാതെ പ്രാർത്ഥനയിലും വായനയിലും ധ്യാനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് പോയ ജീവിതം. അദ്ദേഹം വി.കുമ്പസാരം തേടി വന്നവർക്കും എന്നും സംലഭ്യനായിരുന്നുതാനും. ഈ ശാന്തത ചൂഴ്ന്നു നിന്ന വിശ്രമജീവിതം ഒരു പുരുഷായുസ്സു കൊണ്ടദ്ദേഹം നേടിയെടുത്ത സാഫല്യമാണ്. കർമ്മനിരതമായ ജീവിതത്തിൽ നിന്നും വിരമിച്ച ശേഷം ഒരു സുപ്രഭാതം മുതൽ ശാന്തമായ വിശ്രമജീവിതം തുടങ്ങുവാൻ ആർക്കും സാധിക്കില്ല. കർമ്മജീവിതത്തിന്റെ വർഷങ്ങൾകൊണ്ട് ക്രമപ്പെടുത്തിയെടുക്കുന്നതാണ് വിശ്രമജീവിതമാകുന്ന സായന്തനങ്ങൾ. അങ്ങനെ നോക്കുമ്പോൾ ബഹു.ഗീവർഗീസച്ചന്റെ ജീവിതം അസൂയാവഹമായ നന്മകൾകൊണ്ട് നിറഞ്ഞതാണ്. ബഥനിയുടെ പുതുതലമുറയ്ക്ക് ബഹു.ഗീവർഗീസച്ചൻ നല്കുന്ന സന്ദേശം അതുതന്നെയാണ്.

**ബാക്കിപത്രം**

ബ. ഗീവർഗീസച്ചനെപ്പോലുള്ളവരുടെ ജീവിതത്തിന്റെ പ്രത്യേകതയെന്താണ്? ചരിത്രത്തിൽ അവർ ജീവിച്ച കാലഘട്ടത്തിന്റെ പ്രത്യേകതകളും വെല്ലുവിളികളും അവർക്ക് എന്തെങ്കിലും ആനുകൂല്യം നല്കിയിട്ടുണ്ട് എന്ന് പറയാനാവില്ല. ഓരോ കാലഘട്ടവും ചരിത്രത്തിൽ തനിമയുള്ളതാണ്. പിന്നെ എന്താണ് പ്രത്യേകത. ഒരു

www.malankaralibrary.com

പക്ഷേ ഗീവർഗ്ഗീസച്ചനെപ്പോലുള്ളവരുടെ ജീവിതത്തിൽ കാണുന്ന ലാളിത്യം തന്നെയല്ലേ അവരുടെ ജീവിതത്തിന്റെ സൗന്ദര്യം? അവർ ജീവിതത്തെ ഒരിക്കലും സങ്കീർണ്ണമാക്കാൻ അനുവദിച്ചിട്ടില്ല എന്ന് തോന്നുന്നു. അതിനെ അയത്ന ലളിതമായി ഒഴുകാൻ വിട്ടു. കാലഘട്ടത്തിന്റെ സംഘർഷങ്ങളെ ജീവിതത്തിലേക്ക് പടർന്നു കയറാൻ അനുവദിക്കാതെ സന്ന്യാസജീവിതത്തിന്റെ അച്ചടക്കംകൊണ്ട് അവർ കോട്ട കെട്ടി ചെറുത്തു. ഏറ്റെടുത്ത ജോലികളുടെ ആധിക്യവും ഭാരവും എല്ലാം നിശ്ചിത സമയമാകുമ്പോൾ താഴ്ത്തിവച്ച് ആശ്രമാന്തരീക്ഷത്തിലേക്കവർ മടങ്ങി. ആശ്രമത്തിന്റെ ടൈം ടേബിളിലെ ക്രമങ്ങൾ സംഘർഷങ്ങളെല്ലാം മാറ്റിവച്ച് അവർ ദിവസവും ഏറ്റെടുത്തു. ഫലമോ അടുത്ത ദിവസം കർമ്മ ഭൂമിയിലേക്കിറങ്ങാനുള്ള ആത്മീയ ഊർജ്ജം അവർ സംഭരിച്ചു. പിന്നീട് ഒരിക്കൽ കർമ്മഭൂമിയിൽ നിന്ന് വിരമിച്ചപ്പോൾ ആശ്രമത്തിന്റെ അകത്തളങ്ങളിൽ ശാന്തമായി ജീവിക്കുവാൻ തക്കവണ്ണം അവരുടെ ജീവിതം പാകപ്പെട്ടിരുന്നു. അവരുടെ വിശ്രമജീവിതത്തിന്റെ സൗന്ദര്യമായിരുന്നു നാലാഞ്ചിറ ആശ്രമജീവിതത്തിന്റെയും തിരുവല്ല ആശ്രമത്തിന്റെയും സൗന്ദര്യവും പ്രൗഢിയും.

ഇന്നും നാലാഞ്ചിറ ആശ്രമത്തിലെത്തുമ്പോൾ ആശ്രമത്തിന്റെ കെട്ടും മട്ടും മാറിയെങ്കിലും, ആ മണ്ണിനും അന്തരീക്ഷത്തിനും ഗൃഹാതുരത്വമുള്ള പഴയ ഓർമ്മകൾ പങ്കുവച്ചു തരുന്നതിന് ഒരു ലുബ്ധുമില്ല. ആശ്രമ സെമിത്തേരിയിൽ ചെല്ലുമ്പോൾ ഗീവർഗ്ഗീസച്ചന്റെ കൈകൊട്ടിയുള്ള മാടിവിളിക്കൽ കേൾക്കുന്നപോലെ. 'അപ്പച്ചാ' എന്നുള്ള മറുവിളിക്കായി അദ്ദേഹവും കാതോർക്കുന്നുണ്ടാവും.

www.malankaralibrary.com

# ഓർമകളിൽ നിറഞ്ഞു നില്ക്കുന്ന വന്ദ്യ ഗീവർഗീസ് മാമ്പഴക്കാട്ടിലച്ചൻ



*ബഥനി സന്ന്യാസി സമൂഹത്തിന്റെ കേന്ദ്രഭരണസമിതിയിലെ (Ist Councillor) അംഗവും അസിസ്റ്റന്റ് സുപ്പീര്യർ ജനറലുമാണ്. പ്രൊവിൻഷ്യൽ സുപ്പീര്യറായും നേതൃത്വം നൽകിയിട്ടുണ്ട്. വിവിധ സെമിനാരികളിൽ പ്രൊഫസറും ഗ്രന്ഥകാരനുമാണ്.*

**ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.**

1983-ൽ കോട്ടയം ബഥനി ജനറലേറ്റിൽ അർത്ഥിയായി ചേർന്ന ഞാൻ ആദ്യവർഷപരിശീലനം പൂർത്തിയാക്കി തുടർ പരിശീലനത്തിനായി അനന്തപുരിയിൽ ഉജ്ജ്വലശോഭയോടെ സന്ന്യാസത്തിന്റെ തെളിമയാർന്ന സാക്ഷ്യം നൽകിക്കൊണ്ട് ബഥനിക്കുന്നിന്റെ മടിത്തട്ടിൽ വിരാജിക്കുന്ന നാലാഞ്ചിറ ബഥനി ആശ്രമത്തിലേക്ക് കടന്നു ചെല്ലുമ്പോൾ ആശ്രമത്തിന്റെ പ്രവേശന കവാടത്തിൽ ഞങ്ങളെ സ്വീകരിക്കുവാനായി കാത്തുനിന്ന വന്ദ്യ ഗീവർഗീസച്ചനെക്കുറിച്ചുള്ള മിഴിവാർന്ന ഓർമ്മകൾ ഏതാനും വാക്കുകളിൽ ഇവിടെ കോറിയിടാൻ ശ്രമിക്കുകയാണ്.

നാലാഞ്ചിറ ആശ്രമ ദയറായിൽ താമസിച്ചുകൊണ്ട് രണ്ടു വർഷക്കാലം മാർ ഈവാനിയോസ് കോളേജിൽ പ്രീഡിഗ്രി പഠനം നടത്തിയ കാലഘട്ടം എന്റെ സന്ന്യാസജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന ഒരു കാലഘട്ടമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രവും ബഥനി ആശ്രമ സ്ഥാപനവും തുടർചരിത്രവുമൊക്കെ ഗിരിദീപത്തിലൂടെ വായിച്ചു മനസിലാക്കുവാൻ ശ്രമിച്ച എനിക്ക് നാലാഞ്ചിറ ബഥനി ആശ്രമം നൽകിയത് പെരുനാട് ബഥനിയുടെ തന്നെ ജീവിതാനുഭവമായിരുന്നു. കാരണം, മുണ്ടൻമലയിലെ പർണാശ്രമത്തിൽ വന്ദ്യ മാർ ഈവാനിയോസ് പിതാവിനോടൊപ്പം ജീവിച്ച വന്ദ്യ ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി.അച്ചന്റേയും, വന്ദ്യ ഗീവർഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി. അച്ചന്റേയും മഹനീയ സാന്നിദ്ധ്യം നാലാഞ്ചിറ ബഥനി ആശ്രമത്തെ പെരുനാട് മുണ്ടൻമലയിൽ മാർ

www.malankaralibrary.com

ഈവാനിയോസ് കൊളുത്തിയ ബഥനി ആശ്രമത്തിന്റെ മറ്റൊരു പതിപ്പായി മാറ്റുകയായിരുന്നു.

**സന്ന്യാസത്തിന്റെ നേർക്കാഴ്ച**

വന്ദ്യ ഗീവർഗീസ് അച്ചനെ തന്റെ 87-ാം വയസിൽ ഞാൻ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ കണ്ടുമുട്ടുമ്പോൾ സന്ന്യാസത്തിന്റെ ഒരു നേർക്കാഴ്ചയായി ആ നിമിഷങ്ങൾ എനിക്ക് അനുഭവപ്പെട്ടു. 87-ാം വയസിലും സന്ന്യാസനിഷ്ഠകളിൽ അല്പംപോലും ആലസ്യം കടന്നുകൂടുവാൻ ഗീവർഗീസച്ചൻ അനുവദിച്ചിരുന്നില്ല. ആശ്രമത്തിൽ പ്രഭാതമണി അടിക്കുന്നതിനുമുമ്പേ തന്നെ എഴുന്നേറ്റ് പ്രാർത്ഥനകൾ നടത്തി ആശ്രമ ദയറാ ചാപ്പലിന്റെ സങ്കീർത്തിയിലുള്ള അൾത്താര യിൽ ബലിയർപ്പിക്കുന്നത് കൊച്ചുകുട്ടികളായ ഞങ്ങൾ കൗതുക ത്തോടെ നോക്കി നിന്നിട്ടുണ്ട്. ആശ്രമത്തിലെ കൃഷികാര്യങ്ങളുടെ നടത്തിപ്പുകാരനായ ആശാനും അച്ചൻ അർപ്പിക്കുന്ന വിശുദ്ധ ബലിയിൽ സ്ഥിരമായി പങ്കെടുത്തിരുന്നത് ഇന്നും ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു. 90 വയസിനടുത്ത് പ്രായമുള്ളപ്പോഴും യാമപ്രാർത്ഥനകൾ കൃത്യമായി നടത്തി അനുദിനം വിശുദ്ധ ബലിയർപ്പിച്ചുകൊണ്ട് ഓരോ ദിവസവും ആരംഭിക്കുന്നതിന് വന്ദ്യ ഗീവർഗീസ് അച്ചന് സാധിച്ചത് അതിശയത്തോടെയും അതേസമയം അത്ഭുതത്തോടെയും മാത്രമേ അന്നും ഇന്നും മനസിലാക്കുവാൻ സാധിച്ചിട്ടുള്ളു.

**വാക്കുകൾ ആവശ്യമെങ്കിൽ...**

എന്റെ ഓർമയിലുള്ള ഗീവർഗീസച്ചൻ അധികം സംസാരിക്കു മായിരുന്നില്ല. എന്നാൽ സദാപുഞ്ചിരി തൂകുന്ന തേജസാർന്ന ഗീവർഗീസച്ചന്റെ മുഖഭാവം പെട്ടെന്ന് മറക്കാവുന്നതല്ല. അച്ചന്റെ മൗനത്തിലും പുഞ്ചിരിയിലും സന്ന്യാസത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്ന ഞങ്ങൾക്കൊക്കെ ഒരു തുറന്ന പാഠപുസ്തകം പോലെയായിരുന്നു. സമയനിഷ്ഠ അനുസരിച്ച് ആശ്രമത്തിൽ മൗനം പാലിക്കേണ്ട സമയം ഉണ്ടെങ്കിലും ഒരു സന്ന്യാസിയുടെ ജീവിതം തന്നെ മൗനത്തിലേക്ക് നയിക്കപ്പെടേണ്ടതാണെന്നുള്ള ചില സത്യങ്ങളൊക്കെ ബഹു.അച്ചൻ പറയാതെ തന്നെ ഞങ്ങളോടു പറയുകയായിരുന്നു. വിശുദ്ധ ഫ്രാൻസിസ് അസീസി പറഞ്ഞതു

www.malankaralibrary.com

പോലെ "സുവിശേഷം പ്രഘോഷിക്കുക, ആവശ്യമെങ്കിൽ വാക്കുകൾ ഉപയോഗിക്കുക.'' വാക്കുകളുടെ വാചാലതയിലോ വാചക ക്കസർത്തിലോ അല്ല സന്ന്യാസത്തിന്റെ കാതൽ. മറിച്ച് യേശുവിനെ ഹൃദയത്തോടു ചേർത്തുവയ്ക്കുമ്പോൾ ലഭിക്കുന്ന ഹൃദയ ശാന്ത തയും മൗനവുമൊക്കെയുമാണ് പ്രധാനം എന്ന ഓർമ്മപ്പെടുത്തൽ ഇവിടെ നമുക്ക് ലഭിക്കുന്നു.

**എല്ലാവരോടും സഹാനുഭൂതിയോടെ...**

സഹോദരങ്ങളോടുള്ള സഹാനുഭൂതി ഒരു വിശുദ്ധമായ അടയാള മായിട്ടാണല്ലോ നമ്മൾ മനസിലാക്കുന്നത്. ബഹു. ഗീവർഗീസച്ചനിൽ വളരെയധികം വിളങ്ങിനിന്നിരുന്ന ഒരു സ്വഭാവ സവിശേഷതയായി സഹോദരങ്ങളോടുള്ള അച്ചന്റെ സഹാനുഭൂതിയെ കാണുവാൻ സാധിക്കും. തന്റെ അടുക്കലേക്ക് കടന്നുവരുന്നവരെയെല്ലാം ശാന്തതയോടെ കേൾക്കുവാനും അവർക്ക് ആവശ്യമുള്ളത് കൊടുക്കു വാനുള്ള മനസ് അച്ചന്റെ പ്രത്യേകതയായിരുന്നു. പ്രാർത്ഥനയിലൂടെ നൽകുന്ന ആശ്വാസവും ബലവും അതോടൊപ്പം തന്നാൽ കഴിയുന്ന വിധം സാമ്പത്തിക സഹായവും നല്കി സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവരെ സഹായിക്കുവാനുള്ള അച്ചന്റെ മനസും നേരിൽ കണ്ടിട്ടുള്ളതാണ്.

**പ്രകൃതിയോട് ചേർന്നു നിൽക്കുവാൻ...**

പരിസ്ഥിതിയെക്കുറിച്ചും പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ചു മൊക്കെ പഠനങ്ങളും ചർച്ചകളും അതിനെ തുടർന്ന് വലിയ കോലാഹലങ്ങളുമൊക്കെ നടക്കുന്ന ഈ കാലഘട്ടത്തിൽ പ്രകൃതിയെ എങ്ങനെ സ്നേഹിക്കണമെന്നും സംരക്ഷിക്കണമെന്നുമൊക്കെ ജീവിതത്തിലൂടെ പഠിപ്പിച്ച ഗീവർഗീസ് അച്ചനെയാണ് എനിക്ക് ഓർമ്മ വരുന്നത്. പ്രകൃതി ചികിത്സാ സമ്പ്രദായം അദ്ദേഹത്തിന്റെ ജീവിതശൈലിയായിരുന്നു. ശരീരത്തിൽ മണ്ണ് പുരട്ടി മണിക്കൂറുകളോളം സൂര്യപ്രകാശത്തിൽ ഇരിക്കുകയും, ആശ്രമ സാഹചര്യങ്ങളിൽ വളരുന്ന ഫലമൂലാദികൾ ഭക്ഷിച്ച് പ്രകൃതിയോട് ഇണങ്ങി ശരിക്കും ഒരു പ്രകൃതിസ്നേഹിയായി ജീവിച്ച ഗീവർഗീസച്ചൻ. ഇതൊക്കെ അച്ചന്റെ ആരോഗ്യസംരക്ഷണത്തിനും

www.malankaralibrary.com

അച്ചനെ ഏറെ സഹായിച്ചിട്ടുണ്ട്. കാര്യമായ ആരോഗ്യ പ്രശ്നങ്ങളൊന്നും ഇല്ലാതെ ജീവിതാവസാനം വരെ ജീവിക്കുന്നതിന് പ്രകൃതിയോട് ചേർന്നുള്ള അച്ചന്റെ ജീവിതശൈലി പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് നിസംശയം പറയുവാൻ സാധിക്കും.

**ഓട്ടം പൂർത്തിയാക്കി...**

മാർ ഈവാനിയോസ് പിതാവിന്റെ ശിഷ്യഗണത്തിൽ സെറാമ്പൂർ കോളേജിലുണ്ടായിരിക്കുകയും പിന്നീട് പെരുനാട് മുണ്ടൻമലയിൽ സന്ന്യാസജീവിതത്തിന് അടിസ്ഥാനമിടുകയും മാർ ഈവാനിയോസ് പിതാവിന് മുമ്പേതന്നെ സാർവ്വത്രിക സഭാ സംസർഗത്തിലേക്ക് പ്രവേശിക്കുകയും ചെയ്ത വന്ദ്യ ഗീവർഗീസച്ചൻ മലങ്കര സഭാ ഹയരാർക്കി സ്ഥാനപത്തിനുശേഷം തിരുവല്ലാ രൂപത കേന്ദ്രമാക്കി അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയുടെ വലംകൈയായി പ്രവർത്തിക്കുകയും തിരുവല്ലാ രൂപതയുടെ വികാരി ജനറാളായും കത്തീഡ്രൽ വികാരിയായും പിതാവിന്റെ സെക്രട്ടറിയായും രൂപതാ പ്രൊക്യുറേറ്ററായും ശുശ്രൂഷകൾ നിർവ്വഹിച്ച് മലങ്കരസഭയുടെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും വളർച്ചയിൽ നിർണായകമായ സ്ഥാനം അലങ്കരിക്കുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ ചെങ്ങന്നൂർ കേന്ദ്രമാക്കി ഇടവക ശുശ്രൂഷ നടത്തുകയും പുലിയൂർ പോലെയുള്ള അനേകം ഇടവകകളുടെ തുടക്കക്കാരനാവുകയും ചെയ്യുന്നതിന് അച്ചന് സാധിച്ചിട്ടുണ്ട്. 1957 മുതൽ 1960 വരെയുള്ള വർഷങ്ങൾ പൂനാ സ്കൊളാസ്റ്റിക്കേറ്റിലെ ആദ്ധ്യാത്മിക പിതാവായി സേവനം അനുഷ്ഠിച്ച് ബഥനിയുടെ ഭാവിതലമുറയെ ശരിയായ ദിശയിലും ആദ്ധ്യാത്മികതയിലും നയിക്കുന്നതിന് അച്ചന് സാധിച്ചു. 1960 മുതൽ നാലാഞ്ചിറ ബഥനി ആശ്രമാംഗമായി നിയമിതനായ അച്ചൻ അനന്തപുരിയിൽ തന്റെ സജീവസാന്നിദ്ധ്യം സഭയുടെ വിവിധ മേഖലകളിൽ നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. 1972 മുതൽ നാലാഞ്ചിറ ആശ്രമത്തിൽ തന്നെ വിശ്രമ ജീവിതം നയിക്കുകയും അനേകം ആളുകൾക്ക് പ്രാർത്ഥനയുടെയും വിശുദ്ധ കുമ്പസാരം പോലെയുള്ള കൂദാശപരികർമ്മത്തിലൂടെയും ആശ്വാസവും സൗഖ്യവും പ്രദാനം ചെയ്യുകയും ചെയ്തു. സംഭവബഹുലമായ ജീവിതത്തിന്റെ ഉടമയായ വന്ദ്യ ഗീവർഗീസച്ചൻ 1991 ജനുവരി 10-ന് തന്റെ ഇഹലോക

www.malankaralibrary.com

ജീവിതത്തിലെ ഓട്ടം പൂർത്തിയാക്കി 94-ാം വയസിൽ നിത്യ വിശ്രമത്തിലേക്ക് പ്രവേശിച്ചു.

ബഹു.ഗീവർഗീസ് അച്ചന്റെ ദീപ്തമായ ഓർമ്മ, ശതാബ്ദിയും പിന്നിട്ട് മുന്നോട്ട് പ്രയാണം ചെയ്യുന്ന ബഥനിക്കും ഹയരാർക്കി സ്ഥാപനത്തിന്റെ ശതാബ്ദിക്കായി ഒരുങ്ങുന്ന മലങ്കര കത്തോലിക്കാ സഭയ്ക്കും വലിയ പ്രചോദനമായി നിലകൊള്ളുന്നു. മാർ ഈവാനിയോസ് പിതാവിനോടും മാർ തെയോഫിലോസ് പിതാവിനോടുമൊപ്പം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത വന്ദ്യ ഗീവർഗീസ് അച്ചന്റെ നാലാഞ്ചിറ ബഥനി ആശ്രമത്തിലുള്ള സാന്നിദ്ധ്യം നാലാഞ്ചിറ ബഥനി ആശ്രമത്തിൽ അർത്ഥികളായിരുന്ന ഞങ്ങൾക്ക് പെരുനാട് മുണ്ടൻമലയുടെ തുടർച്ചയായി കാണുന്നതിനും അനുഭവിക്കുന്നതിനുമുള്ള അവസരം കൂടിയായിരുന്നു. ബഥനിയുടെയും മലങ്കര കത്തോലിക്കാ സഭയുടെയും ചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടുള്ള ബഹു.ഗീവർഗീസ് അച്ചന്റെ ദീപ്തമായ ഓർമ്മകൾക്കു മുമ്പിൽ എന്റെയും പ്രണാമം!

www.malankaralibrary.com

# ഫാ. ഗീവർഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി.

. . . . . . . . . . . . . . . .

*അറിയപ്പെടുന്ന സഭാചരിത്രകാരനും ധാരാളം ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള വ്യക്തിയുമാണ് ഫാ.സിൽവെസ്റ്റർ. ഫാ.ആന്റണിയും സമൂഹത്തിന്റെ സെക്രട്ടറി ജനറലായി നേതൃത്വം നൽകിയിട്ടുണ്ട്. ഫാ.സിൽവെസ്റ്ററും സമൂഹത്തിന്റെ സെക്രട്ടറി ജനറലായി പന്ത്രണ്ട് വർഷം നേതൃത്വം നൽകിയിട്ടുണ്ട്.*

. . . . . . . . . . . . . . . .




**ഫാ.സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.**
**ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി.**

1897 മെയ് 12-ാം തീയതി ചെങ്ങന്നൂരുള്ള പൂവത്തൂർ മാമ്പഴ ക്കാട്ടിൽ ചാക്കോയുടെയും അന്നമ്മയുടെയും മകനായി ജനിച്ചു. ഗീവർഗ്ഗീസ് എന്ന മാമോദീസാ നാമം സ്വീകരിച്ച ബാലൻ ചെങ്ങന്നൂർ ഗവ.ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് 1920-ൽ പെരുനാടു ബഥനി ആശ്രമത്തിൽ ചേർന്ന് നവസന്യാസ പരിശീലനം നടത്തി. സെറാമ്പൂർ കോളേജിലും ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിലും വൈദികപഠനം നടത്തി. 1927 ഡിസംബർ 14-ാം തീയതി പെരുനാട്ടിൽവച്ച് മാർ ഈവാനിയോസ് പിതാവിൽ നിന്നും കശ്ശീശാപട്ടം സ്വീകരിച്ചു. 1929-ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും കർമ്മലീത്താ സന്ന്യാസികളോടൊപ്പം ഒരു വർഷക്കാലം താമസിക്കുകയും ചെയ്തു. മാർ ഈവാനിയോസ് പിതാവിന്റെയും സഹചരുടെയും പുനരൈക്യ പരിശ്രമങ്ങൾ പൂവണിയാനായി ഈ കാലയളവിൽ പ്രത്യേകം പ്രാർത്ഥിച്ചു.

1930-ൽ പുനരൈക്യത്തോടെ മലങ്കര കൂട്ടായ്മയിലേക്കു പ്രവേശിച്ച അച്ചൻ തിരുവല്ലാ രൂപതയുടെ വികാരി ജനറലായും, മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായും കത്തീഡ്രൽ വികാരിയായും രൂപതയുടെ പ്രൊക്കുറേറ്ററായും പതിനേഴു വർഷക്കാലം നേതൃത്വം നൽകി. വന്ദ്യനും പരിശുദ്ധനുമായ മാർ തെയോഫിലോസ് തിരുമേനി രോഗഗ്രസ്ഥനായപ്പോൾ അനാഥമായ രൂപതയ്ക്ക് താങ്ങും തണലുമായി വർത്തിച്ചത് ഗീവർഗ്ഗീസച്ചനായിരുന്നു. അദ്ദേഹത്തിന്റെ

www.malankaralibrary.com

അക്ഷീണ പ്രയത്നത്തിന്റെ ഫലമാണ് തിരുവല്ലായിൽ ഇന്നു കാണുന്ന പല കത്തോലിക്കാ സ്ഥാപനങ്ങളും.

പുനരൈക്യത്തിനുവേണ്ടി വി.കൊച്ചുത്രേസ്യായുടെ മഠത്തിൽ എഴുതി പ്രത്യേകം പ്രാർത്ഥന അഭ്യർത്ഥിച്ചിരുന്നു. തിരുവല്ലാ പുഷ്പഗിരി അരമനയും പുഷ്പഗിരി സമുച്ചയവും വി.കൊച്ചുത്രേസ്യ യുടെ നാമത്തിലാകുന്നതിന് ബഹു.ഗീവർഗീസച്ചന്റെ ദർശനം ഹേതുവായി. പുഷ്പഗിരിയുടെ സ്ഥലം വാങ്ങുന്നതിലും ബഹു. അച്ചന്റെ നേതൃത്വമുണ്ടായിരുന്നു. അറ്റോൺമെന്റ് സമൂഹമായി ബഥനിയെ ബന്ധിപ്പിക്കാൻ കഴിയുമോ എന്നും അദ്ദേഹം ചിന്തിക്കുകയു ണ്ടായി. പുലിയൂർ പള്ളി ഇടവകയായി ആരംഭിച്ചതും പള്ളി പണി തതും (ഇന്നും നിലവിലുള്ള പള്ളി) ബഹു.അച്ചന്റെ ക്രാന്തദർശിത്വ മാണ്. അതുപോലെതന്നെ ചെങ്ങന്നൂർ പള്ളിയുടെ നിർമ്മിതിയിലും നിർണ്ണായകമായ പങ്കുവഹിച്ചു. അവിടെനിന്നുമുള്ള ബാരിസ്റ്റർ ജോർജ് ജോസഫ് (മഹാത്മാഗാന്ധിയുടെ സെക്രട്ടറിയായിരുന്ന കോൺഗ്രസ് നേതാവ്), അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി പാപ്പിയമ്മ, ഷെവലിയാർ അഡ്വ.ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം മുതലായ പ്രമുഖർ ബഹു.അച്ചന്റെ ഏറ്റവും അടുത്ത പ്രവർത്തകരായിരുന്നു. അവർക്ക് ബഹു.അച്ചൻ ഗുരുവിനെപ്പോലെ ആയിരുന്നു. തിരുവനന്ത പുരത്ത് ശ്രീ. ഔതക്കുട്ടിയും മുരിക്കൻ കുടുംബവും അഡ്വ.എ.എ. മാത്യുവും മറ്റു പലരും ബഹു.അച്ചന്റെ പ്രോത്സാഹനം ലഭിച്ചവരായി രുന്നു. ആത്മീയതയിൽ അടിസ്ഥാനം ഉറപ്പിച്ചാണ് ഓരോ ബന്ധവും ബഹു.അച്ചൻ കാത്തുസൂക്ഷിച്ചത്; ഐക്യസരണിയിലും ഇത് സാദ്ധ്യമായി.

പൂനാ ബഥനി ആശ്രമത്തിന്റെ ആദ്യനാളുകളിൽ വൈദിക വിദ്യാർത്ഥികളുടെ ആത്മീയ ഗുരുവായിരുന്നു. 1972 മുതൽ നാലാഞ്ചിറ ആശ്രമത്തിൽ താമസിച്ചിരുന്ന അച്ചൻ ആത്മീയ ഗുരുവും, കുമ്പസാര പിതാവുമായി 19 വർഷക്കാലം സേവനം ചെയ്തു. പുലയനാർകോട്ട ക്ഷയരോഗാശുപത്രിയിൽ എല്ലാ ആഴ്ചയിലും സന്ദർശനം നടത്തു കയും ദൈവജനത്തിന്റെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. തികഞ്ഞ മനുഷ്യസ്നേഹിയായിരുന്ന ഗീവർഗീസച്ചൻ

www.malankaralibrary.com

സാമ്പത്തിക സഹായമാവശ്യമുള്ളവർക്കുവേണ്ട സഹായം കഴിയുംവിധം ചെയ്തിരുന്നു. സാമ്പത്തികമായി കഴിവുള്ളവരിൽ നിന്നു പണം വാങ്ങി പാവങ്ങൾക്ക് അദ്ദേഹം കൊടുത്തിരുന്നു. പാവങ്ങളെ സ്നേഹിച്ചിരുന്ന അദ്ദേഹം തപസ്സിന്റെ ഭാഗമായിട്ടാണതിനെ കണ്ടിരുന്നത്. കായികാദ്ധ്വാനവും കൃത്യനിഷ്ഠയോടുകൂടിയ ജീവിത ചര്യയും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ദീർഘസമയം വേദപുസ്തകം, വിശുദ്ധന്മാരുടെ ജീവചരിത്രം, ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ എന്നിവയുടെ വായനയ്ക്കായി മാറ്റിവച്ചിരുന്നു.

സുദീർഘമായ 95 വർഷക്കാലം ജീവിക്കുവാൻ ഭാഗ്യം ലഭിച്ച ബഹു.ഗീവർഗ്ഗീസ് മാമ്പഴക്കാട്ടിലച്ചൻ സഭയ്ക്കും സമൂഹത്തിനും തന്നെത്തന്നെ സമർപ്പിച്ച് ക്രിസ്തുവിനു സാക്ഷിയായിത്തീർന്ന് 1991 ജനുവരി 10-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. മൃതദേഹം നാലാഞ്ചിറ ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

www.malankaralibrary.com

# Rev. Fr. Givergis O.I.C., The forerunner of Re-Union Movement

(Mr. M.J. George is beloved nephew of Fr. Givergis)



**M. J. George**

Late Fr. Givergis was the forerunner of the historic Re-union Movement, the movement which was initiated and organized by the late Mar Ivanios to bring back the Catholics separated by Schism in Kerala. Prior to this movement Fr.Givergis was reunited to the Catholic church from the Jacobite church (the separated group) on a fine morning quite dramatically and to the surprise of everyone around. Subsequently some Bishops and others of the Jacobite church went even to the extent of branding him as a madman. But undaunted Fr. Givergis was praying incessantly until the Re-union Movement came in to existence under the leadership of the late Mar Ivanios. Paradoxically after the commencement of the Re-union Movement the very individuals who opposed and criticized Fr.Givergis vehemently for his re-union with the Catholic church became prominent advocates and promoters of the Re-union Movement. And Fr. Givergis simply went in to oblivion. He however was least concerned about name and fame. Real sign of a saintly man. But historically and in reality Fr. Givergis is undoubtedly the forerunner of the Re-union Movement. It is very regrettable that no one seems to have brought this truth to light. There were many eulogies during his burial service held on 11 Jan.1991 in Bethany Ashram chapel at Nalanchira. But unfortunately no one spoke of this most salient feature of his life.

Fr.Givergis' realm of unity was not confined to the newly originated Catholic church of Syro-Malankara rite... After a period of time there arose a constant strife between Catholic churches of different rites atleast in some parts of Kerala. Fr.Givergis abhorred it from the bottom of his heart as he found it was endangering the real solidarity and unity of the Catholic Church, which he professed when he was reunited to it.

www.malankaralibrary.com

He boldly and secretly approached the higher Hierarchy to bring an end to this unending and ever increasing strife. He certainly would have been praying for this noble cause until his death on 10 January 1991. His efforts have really borne fruit today. Such strife has now almost completely vanished. Unity among Catholic churches of the three rites in Kerala is very much pronounced and exhibited in the Way of the cross made jointly by Bishops, Priests, Sisters and the Faithful of these rites in Trivandrum on Good Friday. Such a Service was even unimaginable about thirty years ago.

If Fr Givergis was an open crusader for re-union of all the Schismatics in Kerala, he was a silent campaigner for unity within the Catholic Church in Kerala.

Reunion of Fr Givergis with the Catholic church was quite comprehensive and uncompromising. He was deeply convinced that his re-union was with the Universal Catholic church. So much so ever after his reunion he imbibed all the devotional practices of the Universal Catholic church. He was exstremely active and strikingly fervent in the parochial mission he was entrusted with first at Thiruvalla, then at Chengannoor. He cultivated a deep devotion to Blessed sacrament. He used to conduct hours of continuous adoration to the exposed Blessed Sacrament during feast days, a typical devotion existing in the Universal Catholic church. For this adoration he would arrange to put up thatched shed almost encircling the church so that many could participate in the adoration. On those days the Faithful would come walking even from Kallooppara to participate in the feast ceremonies like adoration to the Blessed Sacrament, long processions, Holy Mass etc. If anyone whether young or old found breaching silence or lacking veneration during the adoration and procession, he would mercilessly beat them with a stick, which easily brings to our mind what we read in the Holy Gospel about Jesus driving off the crowd from the temple in Jerusalem, which was converted in to a market place by Jewish leaders It is zeal for your house that has consumed me (Psalm 69:9).

Today's church of Syro-Malankara rite seems to be more inclined to retain rituals and practices of the Jacobite church and to fight shy of devotional practices of the Universal Catholic church.

www.malankaralibrary.com

We have saints in churches both of Latin and Syro-Malabar rites. But none in that of Syro-Malankara rite. It is not unlikely that Fr. Givergis may be filling this vacuum. The writer of these lines is one of the dearest nephews of Fr. Givergis and one of those most associated with him when he was alive. I have been experiencing some sort of miracles when I visit his tomb to pray to Fr.Givergis with certain special intentions. Quite surprisingly favours on these intentions have been granted. Once I prayed to him that a miracle might be wrought in a case as it was almost impossible to happen and the real miracle did happen just as I prayed. Nevertheless I keep some reservation in this regard and would not like to disclose at this point these miraculous experiences I had. I need much clearer indication that Fr. Givergis is able to work miracles and am waiting for more experiences. According to Catholic theology/ teaching the dead, who are destined to heaven but are not fully pure, cannot go straight to heaven. They have to be fully purified before they can enter heaven. This purification is done in purgatory. Souls in purgatory cannot merit any Grace by themselves. But people on earth can pray and offer sacrifices for these souls so that their purification time in purgatory may be reduced. These souls who are potential saints can obtain favours for us from God. It is on the basis of this teaching of the Catholic church that I and many a time with my family go occasionally to the tomb of Fr. Givergis both to pray for him and to pray to him for some favours.

Though Fr. Givergis looked a critic during his life (ref.action taken by him in connection with strife existed among Catholics of different rites in Kerala) he was undoubtedly a very orthodox Catholic. Submissiveness to the spiritual authority is the most typical characteristic of an orthodox Catholic. It is lack of this submissiveness which gave rise to Schism and Protestantism. Fr. Givergis was very submissive to the core whether it be to his superiors or church Hierarchy. I learnt this from my close association with him. And above all as far as I know he was very faithful to the three vows he made as a member of the Order of the Imitation of Christ; vows of chastity, obedience and poverty. His practice of vow of poverty was very striking and exemplary as his contemporary members of O.I.C. would agree with me. One day when I entered his room with some of my relations, I found him to my surprise in tatters literally a real embodiment of poverty.

www.malankaralibrary.com

# ഫാ. ഗീവർഗീസ് എന്റെ ആത്മീയ പിതാവ്

*മലങ്കര കത്തോലിക്കാ സഭയിലെ പ്രമുഖ അത്മായനേതാക്കളിൽ ഒരാളാണ്. ഹൈക്കോടതിയിലെ അഡ്വക്കേറ്റായി പ്രവർത്തിക്കയും പ്രാഗത്ഭ്യം തെളിയിക്കുകയും ചെയ്തു.*
*സഭയിലെ ആദ്യഷെവലിയർ 2013 ജൂൺ 10-ന് ദിവംഗതനായി.*



**ഷെവലിയാർ ജോർജ് വർഗ്ഗീസ്,**
**കണ്ണന്താനം**

ബഹു.ഗീവർഗീസച്ചന്റെ ജീവചരിത്രം എഴുതി പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിൽ അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായി രണ്ടുവാക്ക് എഴുതിച്ചേർക്കുവാൻ എനിക്കു ലഭിച്ച ഈ അവസരത്തെ ഞാൻ വളരെ കൂടുതൽ വിലമതിക്കുന്നു.

സ്നേഹംകൊണ്ടും നല്ല മാതൃകകൊണ്ടും പ്രാർത്ഥനയിൽ കൂടിയും എന്നെ വളരെ കൂടുതൽ സ്വാധീനിച്ചിട്ടുള്ള ഒരു സന്ന്യാസ വൈദികനായിരുന്നു ബഹു.ഗീവർഗീസച്ചൻ. മലങ്കര കത്തോലിക്കാ സഭയുടെ ആദ്യകാലങ്ങളായിരുന്നതിനാൽ പുനരൈക്യപ്പെട്ടവരായ ഇടവകാംഗങ്ങളെ കത്തോലിക്കാ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും അവരിൽ ആത്മീയ അടിത്തറ ദൃഢമാക്കുന്നതിനും അദ്ദേഹം പ്രദർശിപ്പിച്ച തീക്ഷ്ണത ഒന്നു വേറെ തന്നെയായിരുന്നു.

എന്റെ വിദ്യാഭ്യാസകാലത്തിന്റെ അവസാനഘട്ടത്തിലും ഞാൻ വക്കീലായി പ്രാക്ടീസ് ആരംഭിച്ച കാലത്തും അദ്ദേഹമായിരുന്നു എന്റെ ഇടവകയുടെ ചെങ്ങന്നൂർ മലങ്കര കത്തോലിക്കാപ്പള്ളിയുടെ വികാരി. ഞാൻ വിവാഹിതനായി മാവേലിക്കരയ്ക്ക് താമസം മാറ്റിയപ്പോൾ അദ്ദേഹം അവിടെ എന്റെ വീട്ടിൽ വന്ന് കുടുംബജീവിതത്തിന് ആദ്ധ്യാത്മിക അടിത്തറ എങ്ങനെയാണ് ഇടേണ്ടത് എന്ന് പറഞ്ഞുതന്നത് ഞങ്ങൾ ഇന്നും നന്ദിയോടെ സ്മരിക്കുന്നു. കുമ്പസാരം, വി.കുർബാന, കുടുംബപ്രാർത്ഥന, സ്പിരിച്വൽ റീഡിങ്ങ്, ആത്മശോധന ഇവയിൽ കൂടി ഞങ്ങളെ ഉപദേശിച്ചു. പുനരൈക്യപ്പെട്ട ഇടവകാംഗങ്ങളിൽ വി.കുർബാനയോടുള്ള ഭക്തി വളർത്തുന്നതിന് അദ്ദേഹം വളരെ അധികം ശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമപോലും എനിക്ക് ആദ്ധ്യാത്മിക പ്രചോദനം നൽകുന്നതാണ്.

www.malankaralibrary.com

# സംസ്മരണം

. . . . . . . . . . . . . . . .

*ബഥനിയിലെ അനേകരുടെ നവശിഷ്യ ഗുരുവാണ് ബഹു.അച്ചൻ. ആത്മീയതയിൽ അടിയുറച്ച നിലപാടുകളുടെ വ്യക്തിത്വമാണ്. ഇപ്പോൾ ആലുവാ അശോകപുരം ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്നു. മൗലികമായ ചിന്തകളുടെ ആചാര്യനാണ്.*

. . . . . . . . . . . . . . . .



**ഫാ. ബോസ്കോ കുറ്റിയിൽ ഒ.ഐ.സി.**

ഭാരതീയ സംസ്കാരത്തിന്റെ കാതലായ ഒരു ഭാവമാണ് 'പൂർവ്വജസ്മരണ' പൂർവ്വപിതാക്കന്മാരെ ഓർക്കുകയും അവരുടെ സൽക്കർമ്മങ്ങളെ അനുധാവനം ചെയ്യുകയും ചെയ്യുക എന്നതാണ്. ഇതേ കാര്യം പൗലോസ് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു. "നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ" (ഹെബ്രാ 13:7). ബഥനിയുടെ പൂർവ്വപിതാക്കന്മാരിൽ തീക്ഷ്ണമതിയും, ഗുരുവിനു മുമ്പേ ചരിച്ച് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു കർമ്മലീത്താ സന്ന്യാസികളുടെ കൂടെ താമസിച്ച അതിധീരനായ വൈദികൻ.

### a. ബഥനിയുടെ ഉത്സാഹിയായ പുത്രൻ

പുനരൈക്യാനന്തരമുള്ള വന്ദ്യ ഗീവർഗീസച്ചന്റെ ഉത്സാഹ പൂർവ്വമായ പ്രവൃത്തികളുടെ ഫലമാണ് തിരുവല്ലായിൽ ഇന്നും ശോഭിച്ചിരിക്കുന്ന പുഷ്പഗിരി. മനസിന്റെ നിയന്ത്രണങ്ങളെ ദൈവീക ശക്തിയാൽ പ്രാവർത്തികമാക്കുന്ന യഥാർത്ഥ സന്ന്യാസിക്കു മാത്രമേ സ്ഥിരോത്സാഹത്തോടെ എന്നും പ്രവർത്തിക്കുവാൻ സാധിക്കുക യുള്ളു.

### b. കൃഷിയിലൂടെ എക്യുമെനിസം

താനായിരിക്കുന്ന ഇടം കൃഷിയോഗ്യമാക്കി കൃഷി ചെയ്യുക എന്നത്; അച്ചന്റെ തീക്ഷ്ണതയുടെ പ്രതീകം കൂടിയാണ്. തിരുവല്ലാ കത്തീഡ്രൽ വികാരിയായിരുന്ന സമയത്ത്, പള്ളിവളപ്പിലെ പപ്പായ കൃഷിചെയ്ത്, വിളവ് അടുത്തുള്ള ഓർത്തഡോക്സ്, മാർത്തോമാ

www.malankaralibrary.com

വിശ്വാസികളുടെ ഭവനങ്ങളിൽ എത്തിക്കുകയും അവരുമായി നല്ല ആത്മബന്ധം സ്ഥാപിച്ചെടുക്കുകയും ചെയ്തു. അതായത്, എക്യുമെനിസത്തിന്റെ പ്രായോഗിക തലം കാണിച്ചു തന്നു ഈ കൃഷിക്കാരനച്ചൻ.

**c. ആത്മജ്ഞാനം നേടിയ ധ്യാനയോഗി**

ധ്യാനം എന്നാൽ ദൈവത്തിലുള്ള യോഗമാണ്. ഈ ധ്യാനത്തിലാണ് ഒരുവന്റെ ക്രിയാശക്തിയും ഊർജ്ജവും ഉരിത്തിരിഞ്ഞു വരുന്നത്. അതുവഴി കൂടുതൽ ഊർജ്ജസ്വലതയോടെ ഒരു വ്യക്തിക്കു പ്രവർത്തിക്കുവാൻ സാധിക്കുന്നു. തന്റെ കുറവുകളെപറ്റി ജ്ഞാനമുള്ളവനുമാത്രമേ ആത്മജ്ഞാനത്തിലൂടെ ഈശ്വര സായൂജ്യത്തിലെത്തുവാൻ കഴിയുകയുള്ളു. ഗീവർഗീസച്ചൻ ഇത്തരത്തിലുള്ള വ്യക്തിയായിരുന്നു.

പ്രാർത്ഥനയിൽ അഭയം കണ്ടെത്തി, തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ പ്രവർത്തിച്ചു. അതിനുത്തമ ഉദാഹരണങ്ങളാണ് അച്ചൻ സ്ഥാപിച്ചിട്ടുള്ള പള്ളികളും മിഷൻ ഇടങ്ങളും. അനേകർക്ക് ധ്യാനാത്മകമായ വഴികാട്ടി കൂടിയാണച്ചൻ.

ആയതിനാൽ;

അച്ചന്റെ സംസ്മരണയ്ക്കു മുമ്പിൽ നമുക്ക് തലകളെ വണങ്ങാം. നമ്മെ പറ്റി ചിന്തിക്കാം.

"വിത്തോ ഞാൻ വളമോ ഞാൻ
വയലോ ഞാൻ
വയലിൽ വിളയും വിളവോ ഞാൻ
ഇതിലേതുമായികൊള്ളട്ടെ
അല്ലെങ്കിലെന്തുമായി കൊള്ളട്ടെ
വിളവെല്ലാം തിന്നുന്ന
വെറിയനാവാഞ്ഞാൽ മതിയായിരുന്നു" (കുഞ്ഞുണ്ണിമാഷ്)

www.malankaralibrary.com

# ആവേശത്തിന്റെ ആൾരൂപം, ആശ്രമത്തിലെ വലിയ ഗീവർഗീസച്ചൻ

. . . . . . . . . . . . . . . . .

*(ബഥനിയുടെ ഏറ്റം പ്രധാനപ്പെട്ട പല പദവികളും വഹിച്ചിട്ടുള്ള ലേഖകൻ തിരുവല്ലാ കത്തീഡ്രൽ ഇടവകയിൽ നിന്നുള്ള വൈദികനാണ്. ഇപ്പോൾ നാലാഞ്ചിറയിൽ വിശ്രമജീവിതം നയിക്കുന്നു. പതിനൊന്ന് വർഷം സമൂഹത്തിന്റെ അസിസ്റ്റന്റ് സുപ്പീര്യർ ജനറലായിരുന്നു. ഗിരിദീപം സ്കൂൾ, ബഥനി കോളേജ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രാരംഭകനാണ്).*

. . . . . . . . . . . . . . . . .



**ഫാ. ബർണാർഡ് കുന്നിപ്പറമ്പിൽ ഒ.ഐ.സി.**

തിരുവല്ലാ കത്തീഡ്രലിൽ ഇടവകാംഗമായിരുന്നു ഞാൻ. 1953–ൽ തിരുവല്ലാ ആശ്രമത്തിൽ അർത്ഥിപദ പരിശീലനം പൂർത്തിയാക്കിയ ഞാൻ 1954 ജൂണിൽ തിരുവനന്തപുരത്തെത്തി നോവിഷ്യേറ്റിൽ പ്രവേശിച്ചു. 1930ൽ പുനരൈക്യമഹാസംഭവം തുടങ്ങി ബഹു. ഗീവർഗീസച്ചൻ തിരുവല്ലായിൽ ഉണ്ടായിരുന്നു. വികാർ ജനറൽ, കത്തീഡ്രൽ വികാരി, ബിഷപ്പിന്റെ സെക്രട്ടറി, രൂപതാ പ്രൊക്യുറേറ്റർ എന്നീ നിലകളിലെല്ലാം പതിനെട്ടു വർഷത്തോളം ബഹു. ഗീവർഗീസച്ചൻ നേതൃത്വം നൽകി. വലിയ ആവേശത്തോടെ ഇടവകയെ നയിച്ചിരുന്ന ബഹു.അച്ചൻ അതിലും തീക്ഷ്ണത പ്രസരിപ്പിക്കുന്ന ആവേശകരമായ ഒരു നേതൃത്വമാണ് കത്തീഡ്രൽ ഇടവകയ്ക്ക് നൽകിയത്.

വി.കൊച്ചുത്രേസ്യായുടെ തിരുന്നാൾ, വി.തോമാശ്ലീഹായുടെ പെരുന്നാൾ, ക്രിസ്തുരാജത്തിരുനാൾ, നാല്പതു മണി ആരാധന, പ്രദക്ഷിണം ഇവയോടുകൂടെ ആവേശപൂർവ്വം നടത്തുന്നതിന് ബഹു.ഗീവർഗീസച്ചൻ നേതൃത്വം കൊടുത്തിരുന്നു.

ആളുകളെ ലൈൻനിർത്താനും ശബ്ദമുണ്ടാക്കുന്നവരെ നിയന്ത്രിക്കാനും ഒരു വടി ബഹു.അച്ചന്റെ കൈയിൽ എപ്പോഴും ഉണ്ടായിരുന്നു. എന്നോടും എന്റെ കുടുംബത്തോടും എല്ലാ കുടുംബാംഗങ്ങളോടും വാത്സല്യത്തോടെ ബഹു.അച്ചൻ പെരുമാറുമായിരുന്നു. അത്യാവശ്യങ്ങളിൽ കുടുംബങ്ങളെ സഹായിക്കുന്നതിൽ ബഹു.അച്ചൻ ബദ്ധശ്രദ്ധനായിരുന്നു.

www.malankaralibrary.com

ഇടവകയെ സജീവമായി നിലനിർത്തുന്നതിന് എല്ലായ്പ്പോഴും ക്ലാസുകളും പ്രാർത്ഥനകളും കർമപരിപാടികളും ബഹു. അച്ചൻ ആവിഷ്കരിച്ചിരുന്നു. ബഹു.അച്ചന്റെ ആവേശം ഇടവകയിലെ ഓരോ അംഗങ്ങളെയും ആവേശം കൊള്ളിച്ചിരുന്നു. പാവങ്ങളെ സഹായിക്കുവാൻ ബഹു.അച്ചൻ ബദ്ധശ്രദ്ധനായിരുന്നു.

ഞാൻ ബഥനി ആശ്രമത്തിൽ പരിശീലനത്തിനായി ചേർന്നതു മുതൽ പ്രത്യേക വാത്സല്യം ബഹു. ഗീവറുഗീസച്ചനിൽ നിന്ന് ലഭിച്ചിരുന്നു. 1962-ൽ ഒക്ടോബർ 3-ാം തീയതി ബിഷപ്പ് വില്യം പൂനായിൽ വച്ച് എന്നെയും ബഹു.സാവിയോ അച്ചനെയും ഡൊമിനിക്കച്ചനെയും വൈദികരായി അഭിഷേകം ചെയ്തു. എന്റെ ആദ്യകുർബാന തിരുവല്ലാ കത്തീഡ്രലിൽ നടന്നപ്പോൾ ബഹു.ഗീവറുഗീസച്ചൻ എനിക്ക് ഒരു കുർബാന കുപ്പായം (കാപ്പ) സമ്മാനം തരികയും എന്റെ കുർബാനയ്ക്ക് കൂടെനിന്ന് മല്പാനായി സഹായിക്കുകയും ചെയ്തു.

തുടർന്നും തിരുവനന്തപുരം നാലാഞ്ചിറ ആശ്രമത്തിൽ താമസിച്ച് ബി.എ.യ്ക്ക് പഠിക്കുമ്പോഴും (1964-1966) തിരുവനന്തപുരത്ത് സുപ്പീര്യർ ആയി ശുശ്രൂഷ (1971-1974) ചെയ്യുമ്പോഴും ബ.ഗീവർഗീസ് അച്ചനുമൊത്ത് അടുത്ത് പ്രവർത്തിക്കുകയും ഒരേ ആശ്രമത്തിൽ ആയിരിക്കുകയും ചെയ്ത ദീപ്തസ്മരണകൾ എനിക്കുണ്ട്.

ഒരാത്മീയ പിതാവായും കുമ്പസാരക്കാരനായും ആശ്രമത്തിന കത്തും പുറത്തുമുള്ളവർക്ക് ബഹു.അച്ചൻ സംലഭ്യനായിരുന്നു. ഊർജ്ജസ്വലതയോടും ചടുലമായും എല്ലാവരോടും ഇടപെടുകയും എല്ലാവർക്കും ആവശ്യമായ ആലോചനകളും പ്രോത്സാഹനങ്ങളും തിരുത്തലുകളും നൽകിയിരുന്നു ബഹു.അച്ചൻ.

തിരുവല്ലാ പട്ടണത്തിലൂടെയുള്ള സ്ലീബാ പാത (കുരിശിന്റെ വഴി) മുഴുവൻപേരെയും ആകർഷിക്കുന്നതായിരുന്നു. കൊടിപിടിച്ചുകൊണ്ടുള്ള ക്രിസ്തുരാജ പെരുന്നാൾ ഘോഷയാത്രയും നാല്പതുമണി ആരാധനയും വി.കൊച്ചുത്രേസ്യായുടെ പെരുന്നാളും സഭാജീവിതത്തിന് ചൈതന്യവും ആവേശവും നൽകിയിരുന്നു. ഓശാനയിലെ പ്രദക്ഷിണവും പട്ടണത്തെ കോരിത്തരിപ്പിച്ചു. അക്കാലത്ത് പട്ടണത്തിന്റെ കേന്ദ്രം ഇന്നത്തെ ഗവൺമെന്റ് ആശുപത്രിയുടെയും കത്തീഡ്രലിന്റെയും ഭാഗങ്ങളായിരുന്നു. പുഷ്പഗിരി സ്ഥലം വാങ്ങിയതും ചെറുപുഷ്പഗിരി എന്ന് അതിന് പേരിട്ടതിലും ബഹു.അച്ചന്റെ നേതൃത്വം ഉണ്ടായിരുന്നു.

www.malankaralibrary.com

# ഭൂതദയയുടെ പര്യായമായ ബഹു.ഗീവറുഗീസച്ചൻ

**ഫാ.ജോൺ വിയാനി കൊറ്റിനാട്ട് ഒ.ഐ.സി.**



*വിവിധ ആശ്രമങ്ങളിൽ സുപ്പീര്യറായിട്ടും ഇടവകകളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. ആരാധനക്രമപരിപാലനത്തിൽ നേതൃത്വം വഹിച്ചിട്ടുണ്ട്. തിരുവനന്തപുരം ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്നു.*

അനേകം കുടുംബങ്ങളെ കൈപിടിച്ചുയർത്തിയ ദയവാനായിരുന്നു ബഹു.ഗീവർഗീസച്ചൻ. സാമ്പത്തികമായി ഉദാരമനസ്കരായ വ്യക്തികളിൽ നിന്ന് ലഭിക്കുന്നതും അതിലധികവും ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് നൽകുന്ന ഔദാര്യമായിരുന്നു ബഹു.ഗീവർഗീസച്ചന്റേത്. മുരിക്കൻ കുടുംബാംഗമായ ശ്രീമാൻ ഔതക്കുട്ടി, മറ്റനേകർ ബഹു.അച്ചന്റെ സൗഹൃദവലയത്തിൽ ഉണ്ടായിരുന്നു. അവരും മറ്റുപലരും ബഹു.അച്ചന്റെ കുടുംബസഹായ സംരംഭങ്ങളിലും മറ്റ് ജീവകാരുണ്യപ്രവർത്തനങ്ങളിലും കൈത്താങ്ങായിരുന്നു. ഇന്ന് ഒരുപക്ഷേ ഏതെങ്കിലും കുടുംബത്തിന്റെ പേര് സൂചിപ്പിക്കുന്നത് ആ കുടുംബാംഗങ്ങൾക്ക് ഹിതകരമല്ലായിരിക്കാം. എന്നാൽ മുതിർന്നവർക്ക് അനേകർക്കും ഇക്കാര്യങ്ങൾ അറിവുള്ളതാണ്.

രോഗികളോടും കഷ്ടപ്പെടുന്നവരോടും അതീവ കാരുണ്യമായിരുന്നു ബഹു.ഗീവർഗീസച്ചന്. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ സഹായിക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

പുലയനാർകോട്ടയിലെ ടി.ബി.ഹോസ്പിറ്റലിൽ ബഹു.അച്ചൻ എല്ലാ ആഴ്ചയും പോവുകയും രോഗികളുടെ വി.കുമ്പസാരം കേൾക്കുകയും ആവശ്യമായവർക്ക് തൈലാഭിഷേകവും വി.കുർബാനയും നൽകുകയും ചെയ്യുമായിരുന്നു. സായിപ്പ് എന്ന് ഞങ്ങൾ വിളിക്കുന്ന ഒരു മുസ്ലീം സഹോദരനായിരുന്നു എല്ലാ ആഴ്ചയും കാറോടിച്ച് ബഹു.അച്ചനെ പുലയനാർ കോട്ടയിൽ കൊണ്ടുപോയിരുന്നത്. ചിലപ്പോൾ ശ്രീമാൻ ഔതക്കുട്ടിയുടെ കാറിലും പോകുമായിരുന്നു എന്ന് തോന്നുന്നു. ഒട്ടും വീഴ്ചവരാതെ ഒരു ദൗത്യമായി ബഹു.അച്ചൻ പുലയനാർകോട്ട ശുശ്രൂഷ തുടർന്നിരുന്നു.

www.malankaralibrary.com

ബഹു.അച്ചന്മാർക്കും ശെമ്മാശന്മാർക്കും ബ്രദേഴ്സിനും മറ്റാളുകൾക്കും ഏതുസമയവും കുമ്പസാരിക്കുന്നതിന് ബഹു.അച്ചനെ സമീപിക്കാമായിരുന്നു. വി.കുർബാനയോടുള്ള ഭക്തിയും വി.കൂദാശകളോടുള്ള ആദരവും ബഹു.അച്ചന്റെ സവിശേഷതകളായിരുന്നു.

ധാരാളം വായിക്കുകയും ഇംഗ്ലീഷ് ഗ്രന്ഥങ്ങളും മറ്റും കൈയിൽ പിടിച്ചുകൊണ്ട് മാത്രമേ ബഹു.അച്ചനെ കാണുമായിരുന്നുള്ളു. ആരോഗ്യകാര്യങ്ങളിൽ മണ്ണുചികിത്സയും സൂര്യസ്നാനവും (sunbath) മറ്റ് ചികിത്സാ രീതികളും ബഹു.അച്ചൻ സ്വീകരിച്ചിരുന്നു. പ്രസിദ്ധനായ ശ്രീ കാക്കു വൈദ്യന്റെ ചികിത്സാ മുറകളാണ് അദ്ദേഹം അനുഷ്ഠിച്ചിരുന്നത്.

ഭക്ഷണക്രമത്തിലും ബഹു.അച്ചന് നിഷ്ഠകളുണ്ടായിരുന്നു. അതിന്റെ സമയവും രീതിയും എല്ലാം ചികിത്സാമുറയനുസരിച്ചുതന്നെ പാലിച്ചിരുന്നു. കായികാദ്ധ്വാനത്തിനും ബഹു.അച്ചൻ പ്രാധാന്യം കൊടുത്തിരുന്നു. വരാന്തയിലൂടെ നടക്കുന്നതും മണ്ണിൽ പണിയുന്നതും ഒക്കെ ശീലമാക്കിയിരുന്നു.

വളരെ നേരത്തെ എഴുന്നേറ്റ് വ്യായാമ മുറകളും മറ്റും പൂർത്തിയാക്കി വി.കുർബാനയർപ്പണവും പ്രത്യേകം നടത്തി എല്ലാവരും എഴുന്നേൽക്കുമ്പോഴേക്ക് പള്ളിയിലിരുന്നോ വരാന്തയിൽ നിന്നുകൊണ്ടോ ധ്യാനിക്കുന്നതും മറ്റും ഏവർക്കും ദൃശ്യമായിരുന്നു.

ബഹു.ബ്രദേഴ്സിനെ ഉപദേശിക്കാനും ആശ്രമത്തിന്റെ കാര്യങ്ങളെപ്പറ്റി ബഹു.വൈദികർക്ക് ആലോചന നൽകുവാനും താണസ്വരത്തിൽ സംസാരിച്ചുകൊണ്ട് ബഹു.അച്ചൻ ശ്രദ്ധിക്കുന്നത് സാധാരണമായിരുന്നു.

വെളുപ്പിനെ യാത്ര പോകേണ്ടവർ, മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കായി പോകുന്നവർ എല്ലാവരും ബഹു.അച്ചന്റെ രാവിലെ 5 മണിക്ക് മുമ്പുള്ള വി.കുർബാനയിൽ സംബന്ധിച്ചിട്ട് പോകുന്ന പതിവുണ്ടായിരുന്നു.

പകൽസമയം ബഹു.അച്ചനെ കാണുവാൻ ധാരാളം സാധുക്കളും ആത്മീയ ഉപദേശം തേടുവാനും കുമ്പസാരിക്കാനും മറ്റുമായി മറ്റാളുകളും ധാരാളമായി വരാറുള്ളത് ഓർക്കുന്നു. ആശ്രമത്തിന്റെ ചലനാത്മകമുഖം എന്ന് ബഹു.അച്ചനെ വിശേഷിപ്പിക്കാം. പുലയനാർ കോട്ടയിൽ TB Rehabilitation Centre ബഹു. ജോൺ കുഴിനാപ്പുറത്ത് ഒ.എഐ.സി. അച്ചൻ ആരംഭിച്ചത് ബഹു.ഗീവർഗീസച്ചന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയാണെന്ന് പറയാം.

www.malankaralibrary.com

# മൗനത്തിന്റെ മാതൃകയായ മുനിവര്യൻ

ഫാ.ഗബ്രിയേൽ പൊസേന്തി താന്നിക്കാക്കുഴി ഒ.ഐ.സി.



*കലാരംഗത്തും സംഗീതജ്ഞനായും ഗ്രന്ഥകാരനായും പ്രാഗത്ഭ്യം തെളിയിച്ചു. 1986–ൽ ഒരപകടത്തെ തുടർന്ന് വിശ്രമജീവിതം നയിക്കുന്നു. പ്രസന്നവദനനായി മറ്റുള്ളവർക്ക് പ്രത്യാശ പ്രസരിപ്പിക്കുന്ന ഒരു സഹനജീവിതം നയിക്കുന്നു. മൂന്ന് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.*

1962 മുതൽ ബഹു.ഗീവർഗീസച്ചനെ എനിക്കറിയാം. നാലാഞ്ചിറയിൽ ബഹു.ഗീവർഗീസ് മാമ്പഴക്കാട്ടിൽ അച്ചൻ മൗനത്തിന് അതിപ്രാധാന്യം കൊടുത്ത മുനിവര്യനായിരുന്നു. പുണ്യശ്ലോകനായ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തായോടൊപ്പം സെറാമ്പൂരിലും പെരുന്നാട്ടിലും പരിശീലനം നേടിയ ബഹു.അച്ചൻ ദൈവസാന്നിദ്ധ്യസ്മരണയിൽ മുഴുവൻ സമയവും ചിലവഴിച്ചിരുന്നു. അതിന് സഹായിച്ചത്ഈ മനോഭാവമാണെന്നതിന് സംശയമില്ല. സംസാരിക്കുന്നത് സ്വരം താഴ്ത്തിമാത്രം എന്നത് ബഹു.അച്ചന്റെ മൗനത്തോടുള്ള പ്രതിബദ്ധതയുടെ ബഹിർസ്ഫുരണമായി കാണാം. പൊതു പ്രാർത്ഥനാധ്യാനങ്ങളിൽ സംബന്ധിച്ചിരുന്നത് കൂടാതെ മണിക്കൂറുകളോളം ദൈവാലയത്തിന്റെ പ്രാർത്ഥനാമുറിയിൽ (ഓററ്ററിയിൽ) ബഹു.അച്ചൻ പ്രാർത്ഥനാ നിരതനായിരിക്കുമായിരുന്നു.

പരിശീലനത്തിലിരിക്കുന്ന സന്ന്യാസസഹോദരങ്ങളായ ശെമ്മാശന്മാരോട് അതീവ വാത്സല്യം ഉണ്ടായിരുന്നു ബഹു.അച്ചന്. തേനും മിഠായിയും മറ്റു വിഭവങ്ങളും കടന്നുപോകുന്ന ബ്രദേഴ്സിനെ വിളിച്ച് വാത്സല്യപൂർവ്വം അവർക്ക് നൽകുമായിരുന്നു. ഏതു സമയത്തും വി.കുമ്പസാരത്തിനും ആത്മീയോപദേശത്തിനും ആർക്കും ബഹു.അച്ചനെ സമീപിക്കാമായിരുന്നു. കുമ്പസാരപിതാവായി അദ്ദേഹം സംലഭ്യനായിരുന്നു.

പ്രകൃതിസ്നേഹത്തിന്റെ വക്താവായിരുന്ന ബഹു.ഗീവർഗീസച്ചൻ സൂര്യസ്നാനം, കഠിനാദ്ധ്വാനം, കൃഷി തുടങ്ങിയ കാര്യങ്ങൾ ദിനചര്യയുടെ ഭാഗമായി ബഹു.അച്ചൻ നിർവ്വഹിച്ചിരുന്നു.

പരി.മാതാവിനോടുള്ള ഭക്തി, വി.കുർബാനയോടുള്ള ഭക്തി, പുണ്യവാന്മാരെ സംബന്ധിച്ച അറിവും ഭക്തിയും എല്ലാം ബഹു.അച്ചന്റെ പ്രിയങ്കരങ്ങളായ പ്രത്യേകതകളായിരുന്നു. 'അമ്മേ മുറുകെപ്പിടിച്ചോളണം' എന്ന് എപ്പോഴും പറയുമായിരുന്നു. ജപമാല എപ്പോഴും മുറുകെ പിടിച്ചിരുന്നു ബഹു.അച്ചൻ.

www.malankaralibrary.com

# ആത്മീയ പിതാവും കുമ്പസാരക്കാരനുമായ ബഹു.ഗീവർഗീസ് മാമ്പഴക്കാട്ടച്ചൻ

**ഫാ. മൈക്കിൾ വരിക്കോലിത്തറയിൽ ഒ.ഐ.സി.**



*നാലാഞ്ചിറ ആശ്രമത്തിൽ ആയിരുന്നുകൊണ്ട് പുലയനാർകോട്ട ദൈവാലയത്തിന്റെ വികാരിയായി സേവനം അനുഷ്ഠിക്കുന്നു. അനേകം പള്ളികളിൽ വികാരിയായി നേതൃത്വം നൽകിയിട്ടുണ്ട്.*

1966-ൽ ബഥനി ആശ്രമത്തിൽ പ്രവേശനം നേടിയ എനിക്ക് അന്നുമുതൽ ബഹു.ഗീവർഗീസച്ചനെ പരിചയമുണ്ട്. സന്ന്യാസ പരിശീലനത്തിന്റെ സുപ്രധാനഘട്ടമായ നോവിഷ്യേറ്റിൽ ഞങ്ങൾക്ക് ആത്മീയ ഉപദേശം നൽകുവാൻ ബഹു.അച്ചൻ പ്രത്യേകം വരുന്നത് ഞങ്ങൾ ഓർക്കുന്നു. എല്ലാ യാമപ്രാർത്ഥനകൾക്കും ബഹു. അച്ചൻ സംബന്ധിക്കുമായിരുന്നു, കറുത്ത കുപ്പായം ധരിച്ച് എല്ലാ വൈദികരോടുമൊപ്പം.

സന്ന്യാസത്തിന്റെ സവിശേഷത വ്യക്തമാക്കിക്കൊണ്ട് ബഹു.അച്ചൻ നൽകിയ ആത്മീയോപദേശങ്ങൾ ഇന്നും ഞങ്ങളുടെ മനസ്സിൽ പതിഞ്ഞ് സജീവമായി നിലനിൽക്കുന്നു.

ഒരിക്കൽ അദ്ദേഹം തന്റെ ഉപദേശത്തിൽ സന്ന്യാസത്തിനാവശ്യമായ സമർപ്പണബുദ്ധിയെപ്പറ്റി പഠിപ്പിച്ചു. ഒരാൾ സന്ന്യാസിയാകാൻ ഒരു ദ്വീപിലേക്ക് വള്ളം തുഴഞ്ഞ് എത്തിച്ചേർന്നു. കുറേനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം കടവിൽ സൂക്ഷിച്ചിരുന്ന വള്ളം തുഴഞ്ഞ് അദ്ദേഹം തിരിച്ചുപോന്നു. എന്നാൽ മറ്റൊരാൾ സന്ന്യാസിയാകാൻ വള്ളം തുഴഞ്ഞ് ദ്വീപിലെത്തിയപ്പോൾ ആ വള്ളം നശിപ്പിച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ ആഴമായ നിശ്ചയദാർഢ്യമാണ് ആ പ്രവർത്തിയിൽ നമുക്ക് കാണാൻ കഴിയുക.

മറ്റൊരാൾ സന്ന്യസിക്കാനായി വനത്തിലെത്തി. വനത്തിലെ പ്രത്യേകതകൾ ആസ്വദിച്ച് അദ്ദേഹം സന്ന്യാസപദം പ്രാപിച്ചില്ല. മറ്റൊരാൾ സന്ന്യസിക്കാനായി വനത്തിലേക്ക് വന്നു. ഉൾവനത്തിലേക്ക് പോയി ഏകാന്തതയിൽ സമയം ചിലവഴിച്ചു. മഹാതാപസനായി മാറി. നമ്മുടെ അർപ്പണബോധമാണ് നമ്മെ നയിക്കേണ്ടത്. ബഹു.ഗീവർഗീസച്ചൻ നവശിഷ്യർക്കു നൽകിയ ഉപദേശങ്ങളുടെ പ്രത്യേകതകളാണ് ഈ ഉദാഹരണങ്ങളിൽ കണ്ടെത്താവുന്നത്. നല്ല ധ്യാനഗുരുവായിരുന്നു അദ്ദേഹം.

www.malankaralibrary.com

# ഭക്തിയുടെ പാതയിൽ നയിച്ച ബഹു.ഗീവർഗീസച്ചൻ

**റാണി കുര്യാക്കോസ് ടീച്ചർ തങ്ങളത്തിൽ**
1998, നാലാഞ്ചിറ തിരുവനന്തപുരം



. . . . . . . . . . . . . . . .

*അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സഹോദരന്റെ സഹധർമ്മിണിയും അദ്ധ്യാപികയുമാണ്*

. . . . . . . . . . . . . . . .

ആശ്രമത്തിലെ ബഹു.ഗീവർഗീസച്ചൻ വി.കുർബാനയുടെ വലിയ ഭക്തനായിരുന്നു. ഒരു ദിവസം പോലും വി.കുർബാന അദ്ദേഹം മുടക്കുമായിരുന്നില്ല. വലിയ ഭക്തിയോടെ വി.കുർബാനയിൽ എല്ലാവരും സംബന്ധിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. വി.കൊച്ചുത്രേസ്യായുടെ വലിയ ഭക്തനായിരുന്നു ബഹു.അച്ചൻ. 1929–ൽ കത്തോലിക്കാ സഭയോട് പുനരൈക്യപ്പെട്ട് ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ താമസിച്ച് ആത്മീയ ശാസ്ത്രവും വേദശാസ്ത്രവും പഠിച്ച ബഹു.അച്ചൻ വി.കൊച്ചുത്രേസ്യായുടെ ഫ്രാൻസിലെ കർമ്മല മഠവുമായി എഴുത്തുകുത്ത് നടത്തുകയും ബഥനിയിലെ മാർ ഈവാനിയോസ് പിതാവിന്റെയും മറ്റു പുനരൈക്യത്തിനായിട്ട് പ്രാർത്ഥിക്കുകയും ലിസ്യൂവിലെ കർമ്മലീത്താ മഠത്തിൽ വി.കൊച്ചുത്രേസ്യായുടെ സഹോദരിയായ സിസ്റ്ററിന് കത്തെഴുതുകയും ചെയ്തു.

മാർ തെയോഫിലോസ് പിതാവ് യൂറോപ്പ് സന്ദർശിക്കുകയും ഫ്രാൻസിലെ ലിസ്യൂവിൽ അവരുടെ പ്രാർത്ഥനയ്ക്ക് നന്ദി പറയുകയും ചെയ്തു. അതിനോടകം തിരുവല്ലായിൽ വാങ്ങിയ സ്ഥലത്തിന് ചെറുപുഷ്പഗിരി എന്ന് നാമകരണം ചെയ്യുകയും ആ സ്ഥലം വാങ്ങുന്നതിന് തന്നെ ബഹു.ഗീവർഗീസച്ചൻ നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

വി.കുർബാനയുടെ ആരാധന, ജപമാല തുടങ്ങിയ കാര്യങ്ങൾക്ക് സഭാജനങ്ങളെ ബഹു.ഗീവർഗീസച്ചൻ തീക്ഷ്ണതയോടെ പഠിപ്പിച്ച് ഭാഗഭാക്കുകളാക്കി. സാധുക്കളെ സഹായിക്കാനും ബഹു.അച്ചൻ ബദ്ധശ്രദ്ധനായിരുന്നു. ഭക്തിവിഷയങ്ങളിൽ എല്ലാവരെയും നയിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com

# എന്റെ പുനരൈക്യം

**(ക്രൈസ്തവകാഹളം, 1979 സെപ്റ്റംബർ 15-16, 52-53)**



**ഫാ. ഗീവർഗീസ് ഒ.ഐ.സി.**

എന്നിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടണമെന്ന ചിന്ത അങ്കുരിച്ചത് 1917-ൽ ആണ്. അക്കാലങ്ങളിൽ തിരുസഭാചരിത്രം സശ്രദ്ധം ഞാൻ വായിച്ചു പഠിച്ചുകൊണ്ടിരുന്നു. അപ്പോൾ ശീശ്മയിലാണ് ഞാൻ നിൽക്കുന്നതെന്ന് എനിക്കു നന്നായി ബോധ്യപ്പെട്ടു. കത്തോലിക്കാസഭയിൽ ചേരണമെന്നുള്ള ആഗ്രഹത്തിന് എന്നിൽ തൂക്കം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സാഹചര്യം അനുകൂലമല്ലാതിരുന്നതിനാലും മറ്റു പലരേയും കൂടി സഭയിലേക്കാനയിക്കണമെന്നുള്ള ചിന്ത നിമിത്തവും എന്റെ പുനരൈക്യം 1929 വരെ നീണ്ടുപോയി.

ഞാനുംകൂടി ഉൾപ്പെട്ടിരുന്ന യാക്കോബായസഭയെ നവീകരിക്കുന്നതിന് കൂർമ്മബുദ്ധിയും ദീർഘദൃഷ്ടിയുമായുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ പ്രവർത്തനങ്ങൾ പരാജയപ്പെടുന്ന കാലഘട്ടമായിരുന്നു ഇത്. അഭ്യസ്തവിദ്യരായ വൈദികർക്ക് മാത്രമേ സഭയെ നവീകരിച്ച് നേർവഴിയിലേക്ക് കൊണ്ടുവരുവാൻ സാധിക്കുകയുള്ളു എന്നു മനസിലാക്കിയ മാർ ഈവാനിയോസ് തിരുമേനി (അന്നു ഫാ. പി.റ്റി.ഗീവർഗീസ്) പല യുവാക്കളേയും ഉപരിപഠനത്തിനായി സെറാമ്പൂരിലേക്ക് കൊണ്ടുപോയി. പക്ഷേ തന്റെ ലക്ഷ്യം പരാജയത്തിൽ കലാശിച്ചു എന്നുവേണം പറയുവാൻ. ഉന്നതവിദ്യാഭ്യാസം കഴിഞ്ഞ് നാട്ടിൽ എത്തിയ യുവാക്കന്മാർ വൈദികജീവിതത്തോടോ, പ്രേഷിത പ്രവർത്തനങ്ങളോടോ താൽപര്യം കാണിക്കാതെ കുടുംബജീവിതത്തിലേക്ക് തിരിയുകയാണുണ്ടായത്. തന്റെ ഈ ശ്രമം പരാജയപ്പെടുന്നു എന്നു കണ്ട പിതാവ് സഭാനവീകരണത്തിന് ഒരു ആശ്രമത്തിന്റെ ആവശ്യകത മനസ്സിലാക്കി പ്രവർത്തിച്ചു തുടങ്ങി. ആശ്രമം തുടങ്ങാൻ പോകുന്നു എന്നറിഞ്ഞ മാന്നാനം കത്തോലിക്കാ ആശ്രമത്തിലെ പ്രിയോരച്ചൻ (ഫാ.സ്റ്റീഫൻ ടി.ഒ.സി.ഡി) വി.ഫ്രാൻസിസ് അസീസിയുടെ ഒരു സമ്പൂർണജീവചരിത്രം അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന് എത്തിച്ചു കൊടുത്തു. ഫ്രാൻസിസ് അസ്സീസിയുടെ ചിന്തകൾക്കനുസരണമായി തന്റെ ആശ്രമത്തിന്റെ നിയമങ്ങൾ ക്രോഡീകരിക്കുന്നതിൽ വന്ദ്യ പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

www.malankaralibrary.com

1914-ൽ എം.എ.അച്ചനെന്നു പ്രശസ്തിയാർജ്ജിച്ചിരുന്ന പി.റ്റി. ഗീവർഗീസച്ചൻ കോട്ടയം പഴയസെമിനാരി പ്രിൻസിപ്പലായിരിക്കുന്ന കാലം. തന്റെ പ്രഭാഷണചാതുരി അറിയാൻ പാടില്ലാത്ത വ്യക്തികൾ തിരുവിതാംകൂറിൽ ചുരുക്കമായിരുന്നു. മാന്നാനം ആശ്രമത്തിലെ പ്രിയോരച്ചൻ മാർ ഈവാനിയോസിന്റെ വ്യക്തിവൈഭവം മനസിലാക്കി സ്കൂൾ വാർഷികത്തിനു പ്രസംഗിക്കുന്നതിനദ്ദേഹത്തെ മാന്നാന ത്തേക്കു ക്ഷണിച്ചുകൊണ്ടുപോയി. പ്രസംഗം ശ്രവിച്ചവർക്കെല്ലാം ഏതോ ഒരു ദിവ്യ തേജസ് മാർ ഈവാനിയോസിൽ തിളങ്ങുന്നതായി തോന്നി. അവസാനം സ്റ്റീഫനച്ചൻ പറഞ്ഞു ഈ അച്ചൻ തീർച്ചയായും കത്തോലിക്കനായേ മരിക്കൂ എന്ന്. അതിനുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രത്യേകമദ്ദേഹം ആശ്രമസ്ഥരെ ഉപദേശിക്കുകയും ചെയ്തു.

ഒരു കത്തോലിക്കാ പുണ്യവാന്റെ ചിന്തകൾക്കനുസരണമായി ബഥനി ആശ്രമത്തിനു രൂപം നൽകുന്നു എന്നു കേട്ടറിഞ്ഞ യാക്കോബായക്കാർ പറഞ്ഞു തുടങ്ങി, 'ഇതു റോമ്മാസഭയിൽ ചെന്നേ അവസാനിക്കൂ' എന്ന്. എന്നാൽ ഈ സാഹചര്യത്തിൽ ഈ ആരോപണത്തിൽ നിന്നും രക്ഷപെടണമെന്നു മനസിലാക്കിയ വന്ദ്യപിതാവ് വി.ബെയിസിലിന്റെ പേര് ബഥനിയുമായി ബന്ധിച്ചു. 1920-ൽ ബഥനി ആശ്രമം ഉത്ഘാടനം ചെയ്തു. ഞാനും ഒരംഗമായി അവിടെ ചേർന്നു.

1925-ൽ ഞാനും മാർ ഈവാനിയോസ് തിരുമേനിയും ഉഴിച്ചിൽ കഴിഞ്ഞ് പഥ്യമായി കോട്ടയം പഴയ സെമിനാരിയിൽ കഴിയുക യായിരുന്നു. അന്നൊരു ദിവസം പിതാവിനോടു ഞാൻ ചോദിച്ചു. "നാം എന്തിന് ഈ ആയുസ് കളയുന്നു. എത്രയും നേരത്തെ റോമ്മാസഭയിൽ ചേരുന്നത് അത്രയും നല്ലതല്ലേയെന്ന്." യാക്കോബായിലെ മെത്രാന്മാർ, കത്തോലിക്കാ പുനരൈക്യത്തിന് ബെയ്റൂട്ട് പാത്രിയർക്കീസുമായി ബന്ധപ്പെടുവാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണെന്ന് തിരുമേനി മറുപടി പറഞ്ഞു.

1927-വരെ ഞാൻ പ്രതീക്ഷയോടെ കാത്തിരുന്നു. വീണ്ടും ഞാൻ ഈ കാര്യത്തെപ്പറ്റി പിതാവിനോടന്വേഷിച്ചു 'കേസു ജയിച്ചപ്പോൾ അവരെല്ലാം പിന്മാറി' എന്നതായിരുന്നു പിതാവിന്റെ മറുപടി. എങ്കിലും പുനരൈക്യചിന്ത പിതാവ് പൂർണമായും ഉപേക്ഷിച്ചിട്ടില്ലാ എന്ന് സംസാരത്തിൽ നിന്നു വ്യക്തമായിരുന്നു. താമസിയാതെ മാർ തെയോഫിലോസിനെ മെത്രാനായി വാഴിക്കുകയും അദ്ദേഹത്തോ ടൊപ്പം എന്നെ തിരുവല്ലായിലേക്ക് അയയ്ക്കുകയും ചെയ്തു.

www.malankaralibrary.com

കത്തോലിക്കാ സഭയ്ക്കെതിരെ എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അന്നുതന്നെ തിരുമേനിയെ ഞാൻ വിട്ടുപോകുമെന്നുള്ള വ്യവസ്ഥയിലാണ് ഞാൻ തിരുവല്ലായിൽ എത്തിയതു തന്നെ. റോമൻസഭയിലെത്താൻ ഏതു മാർഗമാണ് സ്വീകരിക്കേണ്ടതെന്ന ചിന്തയ്ക്ക് അതീതനായിരുന്നു ഞാൻ ഈ വർഷങ്ങളിലെല്ലാം. 1929-വരെയും ചിന്തയിലും പ്രാർത്ഥനയിലും തള്ളിനീക്കേണ്ടിവന്നു. 1929 ആഗസ്റ്റ് ആദ്യവാരത്തിലാണെന്നു തോന്നുന്നു ചങ്ങനാശ്ശേരി പിതാവിന്- അഭിവന്ദ്യ കാളാശ്ശേരി - ഒരു കത്തെഴുതി; അദ്ദേഹത്തെ കാണുവാനാഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് സെപ്റ്റംബർ 25-ാം തീയതി തിരുമേനിയെ കാണുവാനായി ഞാൻ അരമനയിലെത്തി. ദീർഘനേരം എന്റെ സംഭാഷണം സഹിഷ്ണതയോടെ ശ്രവിച്ചശേഷം ഒരു സന്ന്യാസിയായി തുടരുന്നതിനുള്ള എന്റെ ആഗ്രഹം മനസ്സിലാക്കി എന്നെ ചെത്തിപ്പുഴ ആശ്രമത്തിലേക്ക് അയയ്ക്കാമെന്നു തിരുമേനി സമ്മതിച്ചു. പിറ്റേദിവസം രാവിലെതന്നെ ചെത്തിപ്പുഴ നിന്നും പ്രിയോരച്ചൻ എന്നെ കൊണ്ടുപോകാനായി അരമനയിലെത്തി. ആശ്രമത്തിലെത്തിയ ഞാൻ അന്നുമുതൽ സെപ്റ്റംബർ 15-ാം തീയതി വരെയും ധ്യാനത്തിലും പ്രാർത്ഥനയിലും ചിലവഴിച്ചു. സെപ്റ്റംബർ 15-ാം തീയതി കാളാശ്ശേരി തിരുമേനി ആശ്രമത്തിലെത്തി എന്നെ കത്തോലിക്കാ സഭയിൽ ചേർത്തു. ആശ്രമത്തിൽ താമസിക്കുമ്പോൾ 1930 ആഗസ്റ്റ് ആരംഭത്തിൽ ലിസ്യൂവിലേക്ക് മദർ ആഗ്നസിന് ഞാനൊരു കത്തെഴുതി, മാർ ഈവാനിയോസിന്റെയും മറ്റും മാനസാന്തരത്തിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്. സെപ്റ്റംബർ ആദ്യവാരത്തിൽ മറുപടിയും ലഭിച്ചു. ആഗസ്റ്റ് 15-ാം തീയതി നടന്ന നൊവേനയിൽ ഈ ലക്ഷ്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു എന്നും സെപ്റ്റംബർ 8-നുള്ള നൊവേനയ്ക്കു പ്രത്യേകം പ്രാർത്ഥിക്കാമെന്നും മദർ ആഗ്നസ് എഴുതിയിരുന്നു. മാർ ഈവാനിയോസ് തിരുമേനിയും മറ്റും കത്തോലിക്കാ സഭയെ ആശ്ലേഷിക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം എന്നു പറഞ്ഞുകൊണ്ടാണ് ഈ കത്ത് അവസാനിപ്പിച്ചത്. മറുപടി കിട്ടിയ ദിവസം എന്നെ കാണുവാൻ വന്ന ഒരാൾവഴി ഈ കത്ത് മാർ ഈവാനിയോസ് തിരുമേനിക്ക് എത്തിച്ചുകൊടുത്തു. ഈ കത്ത് വായിച്ചു കഴിഞ്ഞപ്പോൾ തനിക്കും ചങ്ങനാശേരി അരമനവരെ പോകണമെന്ന് മാർ ഈവാനിയോസ് അയാളോടു പറഞ്ഞു. അദ്ദേഹത്തിന്റെ കാറിൽത്തന്നെ പിതാവ് ചങ്ങനാശേരി അരമനയിലെത്തി. പുനരൈക്യപ്പെടുവാൻ കൊല്ലത്തിനു പോകുമ്പോൾ പുനരൈക്യപ്പെടുമെന്ന തീയതി നിശ്ചയിച്ചിരുന്നു -

www.malankaralibrary.com

തന്നോടൊപ്പം കാളാശേരി തിരുമേനിയും വരണമെന്ന് ക്ഷണിക്കാൻ വേണ്ടിയാണ് പിതാവന്ന് - അരമനയിലെത്തിയത്.

മാർ ഈവാനിയോസിന്റെ പുനരൈക്യത്തിനുശേഷം നവംബർ 20-ാം തീയതി ഞാൻ തിരുവല്ലായിലെത്തി. പക്ഷെ പുതിയ തക്സായ്ക്ക് റോമിൽ നിന്നും അംഗീകാരം കിട്ടുന്നതുവരെ മലബാർ റീത്തിലുള്ള കുർബാനയാണ് ഞാൻ ചൊല്ലിയത്. കർമ്മലീത്താ സഭാംഗമായി മാറിയിരുന്ന ഞാൻ മാർപ്പാപ്പായുടെ അനുവാദത്തോടെ വീണ്ടും ബഥനിയിൽ ചേർന്നു.

**അനുഭവത്തിന്റെ വെളിച്ചത്തിൽ**

പുനരൈക്യപ്രസ്ഥാനത്തിന്റെ ആദിമകാലത്തുണ്ടായിരുന്ന ആവേശമോ തീക്ഷ്ണമായ ശ്രമങ്ങളോ ഇന്നില്ലെന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. പരിമിതമായ സാഹചര്യത്തിൽ ചുരുങ്ങിയ സൗകര്യങ്ങളോട് ഏതാനും ചിലർ അർപ്പണബോധത്തോടെ പ്രവർത്തിച്ചതുകൊണ്ടാണ് ഇന്ന് പുനരൈക്യപ്രസ്ഥാനം ഈ നിലയിലെത്തിയത്. പിൻതിരിഞ്ഞു നോക്കുമ്പോൾ അഭിമാനവും ആഹ്ലാദവുമുണ്ടെങ്കിലും, ഇന്നും ചുറ്റുപാടും നോക്കുമ്പോൾ നിരാശയും ഹൃദയവേദനയുമാണനുഭവപ്പെടുക. അർപ്പിതർ പോലും സുഖേച്ഛയിലും അലസതയിലും ഇന്നു ജീവിതം തള്ളി നീക്കുന്നു. പുത്തനാശയങ്ങളുടെ മുഖഛായ അണിഞ്ഞുകൊണ്ട് പുനരൈക്യ പ്രവർത്തനങ്ങളെ അവഗണിക്കുന്നുണ്ടോ എന്നുകൂടി സംശയിക്കുന്നു. ഇനിയും ചുരുക്കം ചിലരെ പുനരൈക്യപ്പെടുത്തുന്നതുതന്നെ രജിസ്റ്ററിൽ പേര് ചേർക്കുന്നതോടെ എല്ലാം കഴിഞ്ഞു എന്ന മട്ടിലാണ്. അവരെ പഠിപ്പിക്കുന്നതിനും ഒരുക്കുന്നതിനും ആരും അത്ര ശ്രദ്ധിക്കാറില്ല. നമ്മുടെ മിഷൻ പ്രവർത്തനത്തിന്റെ കാതലാണ് ഭവനസന്ദർശനം. അതിൽ ഇന്ന് ആർക്കാണ് താല്പര്യം. ഞായറാഴ്ച പള്ളിയിൽ വരുന്നവരെപ്പോലും കാണുന്നതിനോ അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനോ സമയം കണ്ടെത്താതെ സർക്കാർ മട്ടിൽ കാര്യങ്ങൾ തീർത്ത് സ്ഥലം വിടുന്നവരാണധികം വൈദികരും. ഈ നില തുടർന്നാൽ എത്ര ജൂബിലികൾ പിന്നിട്ടാലും പുനരൈക്യ പ്രസ്ഥാനം ലക്ഷ്യത്തിലെത്തില്ല തീർച്ച. ഭിന്നിച്ചിരിക്കുന്നവർ ഭാവിയിൽ ഒന്നിക്കുമോ എന്നുള്ള ചോദ്യത്തിന്, അത് നമ്മുടെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുമെന്നുള്ള ഉത്തരമേ ഉള്ളൂ.

www.malankaralibrary.com

# ബഹു.ഗീവർഗീസ് അച്ചന്റെ സഹോദരിയായ മദർ തൈബൂസ് എസ്.ഐ.സി. (1904 - 1947)

**(വാടാമലരുകൾ)**



**സി.ഹെലന എസ്.ഐ.സി.**

1947 ജനുവരി 27. രാത്രിയുടെ നിശബ്ദതയിൽ നാലാഞ്ചിറ പാളയം വഴിയിലൂടെ ഒരു ഒറ്റക്കാളവണ്ടി നീങ്ങിക്കൊണ്ടിരുന്നു. ദുഃഖം തളം കെട്ടി നില്ക്കുന്ന വണ്ടിക്കുള്ളിൽ ഈറൻ മിഴികളോടെ പുറത്ത് ഇരുട്ടിലേക്കു നോക്കിയിരിക്കുന്ന സഹോദരികൾ, മദർ ബാസിമും സിസ്റ്റർ ഹഫീത്തയും. ദുഃഖമൂറി നിന്ന മനസുമായി അവർ മാനസിക രോഗാശുപത്രിയിലെത്തി. അവിടെ ചികിത്സയിലായിരുന്ന മദർ തൈബൂസിന്റെ ചേതനയറ്റ ദേഹപഞ്ജരം ഏറ്റു വാങ്ങാനെത്തിയ താണ് സഹോദരങ്ങൾ.

ഈ സമയംകൊണ്ട് ആർച്ചുബിഷപ്പ്സ് ഹൗസിൽ നിന്നും ബ.കുര്യൻ ഇലഞ്ഞിമറ്റമച്ചൻ ആമ്പുലൻസുമായി എത്തിയത് സിസ്റ്റേഴ്സിന് ആശ്വാസമായി. ആശുപത്രിയിൽ നിന്നും മുറപ്രകാരം മൃതശരീരം ഏറ്റുവാങ്ങി നാലാഞ്ചിറ മഠത്തിലെത്തി. വിവിധ തരം പൂക്കളാലും റീത്തുകളാലും അലങ്കരിക്കപ്പെട്ട മൃതശരീരം ചാപ്പലിൽ പൊതുദർശനത്തിനായി വച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ചെങ്ങന്നൂർ പൂവത്തൂർ മാമ്പഴക്കാട്ടിൽ ചാക്കോച്ചന്റെയും ചെങ്ങന്നൂർ പേരിശ്ശേരിൽ കടംതോട്ടിൽ അന്നമ്മയുടെയും മകളായി 1904 മാർച്ച് 11-നാണ് മദർ തൈബൂസ് ജനിച്ചത്. ചെങ്ങന്നൂർ യാക്കോബായ പള്ളിയിൽ വച്ച് പൂവത്തൂർ ബഹു.യാക്കോബു കത്തനാർ മാമോദീസ മുക്കി, മൂറോനഭിഷേകവും നടത്തി. 'ഹന്ന' എന്നു മാമ്മോദീസാപ്പേരും നല്കി. യാക്കോബായ പാരമ്പര്യമനുസരിച്ച് മാമോദീസായോടു കൂടിത്തന്നെ തിരുരക്തരൂപത്തിൽ വിശുദ്ധ കുർബാനയും നല്കിയിരുന്നു. കൊച്ചന്നാമ്മ എന്ന ഓമനപ്പേരിൽ വളർന്നു വന്ന ഹന്നായുടെ പ്രൈമറി വിദ്യാഭ്യാസവും തുടർന്നുള്ള ഇംഗ്ലീഷ് സ്കൂൾ പഠനവും കൃത്യമായി നടത്തുന്നതിൽ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നതോടൊപ്പം സഭാസ്നേഹത്തിലും വിശ്വാസത്തിലും വളർത്തുന്നതിലും താല്പര്യം കാണിച്ചിരുന്നു.

www.malankaralibrary.com

ഈ കാലഘട്ടത്തിലാണ് മലങ്കര യാക്കോബായ സഭാനവീകരണ ശ്രമങ്ങളുമായി എം.എ.അച്ചൻ എന്നറിയപ്പെട്ടിരുന്ന ബഹു.പി.റ്റി. ഗീവർഗീസച്ചൻ ചില പുതിയ പദ്ധതികൾക്ക് രൂപം നല്കിയത്. ഈ ഉദ്ദേശ്യസാഫല്യത്തിനായി ബഹു.അച്ചൻ താൻ പ്രൊഫസറായിരുന്ന കൽക്കട്ട സെറാംപൂർ കോളജിലേക്ക് ഉപരിപഠനത്തിനും സഭാപഠനത്തിനുമായി ഏതാനും യുവാക്കളെയും ശെമ്മാശന്മാരെയും കൊണ്ടുപോയ കൂട്ടത്തിൽ കൊച്ചന്നാമ്മയുടെ മൂത്ത സഹോദരൻ എം.സി.ജോർജ്ജും (പിന്നീട് ഗീവർഗീസ് ഒ.ഐ.സി. അച്ചൻ) ഉണ്ടായിരുന്നു. സഭാപുനരുദ്ധാരണത്തിന് സ്ത്രീകളുടെ പങ്ക് വളരെ വലുതാണെന്ന് മനസ്സിലാക്കിയ ബഹു.അച്ചൻ സഭാസ്നേഹവും കുടുംബ പാരമ്പര്യങ്ങളുമുള്ള കുടുംബങ്ങളിൽ നിന്നും ഏതാനും പെൺകുട്ടികളെയും ഉന്നതവിദ്യാഭ്യാസത്തിനും സഭാപഠനത്തിനുമായി കൽക്കട്ടയിൽ ബാരിസോൾ എന്ന സ്ഥലത്തുള്ള ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെകൂടെ പരിശീലനത്തിനായി കൊണ്ടു പോവുകയുണ്ടായി. അങ്ങനെ മൂന്നാമത്തെ ഗ്രൂപ്പിൽ പോയ അഞ്ച് പെൺകുട്ടികളിൽ ഒരാൾ മാമ്പഴക്കാട്ടിലെ കൊച്ചന്നാമ്മയായിരുന്നു.

ബാരിസോളിൽ ഓക്സ്ഫോർഡ് മിഷൻ ഹൗസിൽ സിസ്റ്റർ ഹെലന്റെ നേതൃത്വത്തിൽ 1918 മുതൽ കൊച്ചന്നാമ്മ പരിശീലനം ആരംഭിച്ചു. ബാരിസോളിൽ ആദ്യഗ്രൂപ്പിൽ 'അന്നമ്മ' വേറെ ഉണ്ടായിരുന്നതിനാൽ 'സാറാമ്മ' എന്ന പേരിലാണ് കൊച്ചന്നാമ്മ അറിയപ്പെട്ടിരുന്നത്. ബാരിസോൾ കാലാവസ്ഥ സാറാമ്മയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചതിനാൽ 1920-ൽ സാറാമ്മ നാട്ടിലേക്കു തിരിച്ചുപോരേണ്ടിവന്നു.

സഭയുടെ ആദ്ധ്യാത്മികത വളർത്തുന്നതിനും നിലനിർത്തുന്നതിനും സർവ്വസംഗപരിത്യാഗികളായ സമർപ്പിതർ സഭയിൽ ഉണ്ടാകേണ്ടതിന്റെ ആവശ്യം മനസിലാക്കി എം.എ.അച്ചൻ സെറാംപൂരിൽ നിന്നും നാട്ടിലെത്തി മുണ്ടൻമലയിൽ പുരുഷന്മാർക്കായി ആശ്രമവും സ്ത്രീകൾക്കായി തിരുവല്ല തിരുമൂലപുരത്ത് ഒരു മഠവും ആരംഭിക്കുന്നതിനുള്ള ശ്രമം നടത്തിയിരുന്നു. അതോടൊപ്പം തന്നെ തിരുമൂലപുരത്ത് ബാലികാമഠം സ്കൂളെന്ന പേരിൽ ഒരു റസിഡൻഷ്യൽ സ്കൂളും ആരംഭിച്ചു. ബാരിസോൾ പരിശീലനം നിർത്തി നാട്ടിലെത്തിയ കൊച്ചന്നാമ്മയെ സംബന്ധിച്ചിടത്തോളം ഇതൊരു ദൈവനിയോഗം

www.malankaralibrary.com

തന്നെയായി. കൊച്ചന്നാമ്മ ബാലികാമഠം സ്കൂളിൽ ചേർന്ന് പഠനമാരംഭിച്ചു. ആറാം ഫോം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിലും കൊച്ചന്നാമ്മയെ വെല്ലൂർ ആശുപത്രിയിൽ നഴ്സിംഗ് പഠിക്കാൻ അയയ്ക്കുകയുണ്ടായി. ഇതിനകം എം.എ.അച്ചൻ 'മാർ ഈവാനി യോസ്' എന്ന പേരോടുകൂടി 1925-ൽ മെത്രാനായിത്തീർന്നു. നഴ്സിംഗ് പഠനം പൂർത്തിയാക്കിയ കൊച്ചന്നാമ്മയെ മിഡ്വൈഫറി പഠനത്തിനു മുമ്പ് തന്നെ അഭിവന്ദ്യ പിതാവ് തിരുവല്ലയിലേക്ക് തിരിച്ചു വിളിച്ചു.

1927 നവംബർ 4-ാം തീയതി കൊച്ചന്നാമ്മ തിരുവല്ല ബഥനി മഠത്തിൽ ചേർന്ന് സന്ന്യാസത്തിന്റെ ആദ്യ പരിശീലനം ആരംഭിച്ചു. ബാരിസോളിൽ നിന്നും മദർ ഈഡിത്തും സിസ്റ്റർ ഹെലനും പരിശീലനം നൽകുന്നതിന് തിരുവല്ലയിൽ എത്തിയിരുന്നു. 1929 ഏപ്രിൽ 6-ാം തീയതി കൊച്ചന്നാമ്മ സിസ്റ്റർ ഹെലന്റെ നേതൃത്വത്തിൽ സന്ന്യാസപ്രതിഷ്ഠയ്ക്കുള്ള പരിശീലനം അനുവദിക്കപ്പെട്ടു. തിരുമൂലപുരം ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ പ്രതിഷ്ഠാവാഗ്ദാനം നടത്തി ദൈവത്തിനും സഭയ്ക്കും സഭാജനത്തിനുമായി സ്വയം സമർപ്പിച്ച് സന്ന്യാസവസ്ത്രം സ്വീകരിച്ചു. 'കൃപ' എന്നർത്ഥമുള്ള 'തൈബൂസ്' എന്ന സുറിയാനി പദമാണ് സന്ന്യാസ നാമമായി കൊച്ചന്നാമ്മയ്ക്ക് പിതാവ് നൽകിയത്.

1930 സെപ്തംബർ 22-ന് അന്ന് മഠത്തിലുണ്ടായിരുന്ന മറ്റു സിസ്റ്റേഴ്സും ഒരുമിച്ച് സിസ്റ്റർ തൈബൂസ് ധൈര്യപൂർവ്വം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. പുനരൈക്യപ്പെട്ട സിസ്റ്റേഴ്സിന്റെ കൂട്ടത്തിലെ ആറാമത്തെയാളാണ് സിസ്റ്റർ തൈബൂസ്. 1931-ൽ നന്ത്യാർകുളങ്ങരയിൽ ബഥനി മഠവും ബഥനി ബാലികാമഠം സ്കൂളും ആരംഭിച്ചപ്പോൾ സിസ്റ്റർ തൈബൂസിനെ അവിടേയ്ക്കയ യ്ക്കുകയുണ്ടായി. ചിത്രരചനയിൽ താല്പര്യം കാണിച്ചിരുന്ന സിസ്റ്ററിനെ ഡ്രോയിംഗ് പഠിപ്പിക്കുന്നതിനായി മഠത്തിൽ തന്നെ സൗകര്യമുണ്ടാക്കി ഒരു മാസ്റ്ററെ വരുത്തി പഠിപ്പിക്കുകയുണ്ടായി. പരീക്ഷ മാവേലിക്കരയിൽ വച്ചായിരുന്നതിനാൽ അഭിവന്ദ്യ പിതാവിനെ മൂത്ത സഹോദരിയുടെ കല്ലുംപുറത്തു വീട്ടിൽ താമസിച്ചുകൊണ്ട് 1934 നവംബറിൽ സിസ്റ്റർ പരീക്ഷ എഴുതി പാസായി, സ്കൂളിൽ ഡ്രോയിംഗ്, ഫിസിക്കൽ ട്രെയിനിംഗ് മിസ്ട്രസായി സേവനം അനുഷ്ഠിച്ചു.

www.malankaralibrary.com

1936-ൽ അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം സിസ്റ്റേഴ്സ് എല്ലാവരും തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ നിർമ്മിച്ച പുതിയ ഭവനത്തിലേക്ക് താമസം മാറ്റേണ്ടി വന്നു. എന്നാൽ തിരുവല്ലയിൽ ചെയ്തുകൊണ്ടിരുന്ന പ്രേഷിത വേലകൾ മുടങ്ങുകയും സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം ആവശ്യമെന്നു ബോദ്ധ്യമാവുകയും ചെയ്തതിനാൽ അഭിവന്ദ്യ തിയോഫിലോസ് തിരുമേനി ആവശ്യപ്പെട്ടതനുസരിച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് സിസ്റ്റേഴ്സിനെ വീണ്ടും അവിടേക്ക് അയച്ചു. അക്കൂട്ടത്തിൽ സ്വന്തം സഹോദരിയായ സിസ്റ്റർ തൈബൂസിനെയും തിരുവല്ലയ്ക്ക് അയയ്ക്കണമെന്ന് അവിടെ വികാരി ജനറലായിരുന്ന ബഹു.ഗീവർഗീസ് ഒ.ഐ.സി. അച്ചൻ നിർബന്ധിക്കുകയുണ്ടായി. സിസ്റ്റർ തൈബൂസിന്റെ ആരോഗ്യസ്ഥിതി അത്ര മെച്ചമല്ലാതിരുന്നതിനാൽ സിസ്റ്ററിനെ അയയ്ക്കുന്ന കാര്യത്തിൽ വന്ദ്യ പിതാവിന് തൃപ്തിയുണ്ടായിരുന്നില്ല. മനസിന് വിഷമമുണ്ടാകുന്ന വിഷയങ്ങൾ സിസ്റ്ററിനെ തളർത്തിയിരുന്നു. എങ്കിലും അച്ചന്റെ നിർബന്ധം കണക്കിലെടുത്ത് സിസ്റ്ററിനെയും അയയ്ക്കുകയുണ്ടായി.

1937 മാർച്ച് 29-ന് വിശുദ്ധ കുർബാനയ്ക്കു ശേഷമുള്ള പ്രാർത്ഥനയും വേദനപ്പെടുംപോലെയുള്ള ചില ഭാവങ്ങളും എല്ലാം മാനസികമായി സിസ്റ്റർ തളരുന്നതിന്റെ ലക്ഷണങ്ങളായി അനുഭവപ്പെട്ടു. അന്നു മുതൽ ഏകദേശം 10 വർഷത്തോളം തുടർച്ചയായി ചികിത്സയിൽ കഴിഞ്ഞിട്ടും വേണ്ടത്ര ഫലം കണ്ടില്ലെന്നു മാത്രമല്ല ചില സമയങ്ങളിൽ അസ്വസ്ഥത വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇടയ്ക്ക് മറ്റുള്ളവരെ സഹായിക്കാനും ശുശ്രൂഷിക്കാനും പ്രാർത്ഥിക്കാനും നല്ല ശ്രദ്ധ കാണിക്കയും ചെയ്തിരുന്നു. 1939 മുതൽ തിരുവനന്തപുരത്ത് മാനസികാശുപത്രിയിൽ സിസ്റ്ററിനെ താമസിപ്പിച്ചു ചികിത്സിക്കേണ്ടി വന്നു. ഹോളിക്രോസ് സിസ്റ്റേഴ്സ് സേവനം ചെയ്തിരുന്നത് ആശ്വാസമായി. അഭിവന്ദ്യ പിതാക്കന്മാരും മദേഴ്സും കൂടെക്കൂടെ സിസ്റ്ററിനെ സന്ദർശിച്ച് ആശ്വസിപ്പിച്ചിരുന്നു.

1947 ജനുവരി 27 അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ ഫീസ്റ്റ് ആഘോഷദിവസം സിസ്റ്ററിന് അസുഖം വളരെ കൂടുതലായി. പെട്ടെന്നാണ് അത് സംഭവിച്ചത്. സിസ്റ്ററിന്റെ പാവനാത്മാവ് ഈ ലോകത്തിന്റെ അസ്ഥിരതയെ വലിച്ചെറിഞ്ഞ് പിതൃസന്നിധിയിലേക്ക് പറന്നുയർന്നു.

www.malankaralibrary.com

ചേതനയറ്റ ആ ഭൗതികപഞ്ജരം ഈ ലോകത്തിന്റെ നശ്വരതയെ വെല്ലുവിളിച്ചുകൊണ്ടെന്നവണ്ണം ഏതാനും മണിക്കൂർ ചാപ്പലിൽ ഒരുക്കിയിരുന്ന പീഠത്തിലിരുന്നു. ബഹു.വൈദികരും സിസ്റ്റേഴ്സും ഇടവക ജനങ്ങളും സിസ്റ്ററിന്റെ മൃതശരീരം സന്ദർശിച്ചു പ്രാർത്ഥിച്ചു. 1947 ജനുവരി 28-ന് അഭിവന്ദ്യ മാർ ഈവാനിയോസ്, മാർ സേവേറിയോസ് എന്നീ പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തി നാലാഞ്ചിറ മഠത്തിനടുത്ത് സെമിത്തേരിക്കായി നിശ്ചയിച്ചിരുന്ന സ്ഥലത്ത് തയ്യാറാക്കിയിരുന്ന കല്ലറയിൽ സംസ്കരിച്ചു.

നാലാഞ്ചിറമഠം ചാപ്പലിനടുത്തു സിസ്റ്റേഴ്സിനുവേണ്ടി പുതിയ സെമിത്തേരി തയ്യാറാക്കിയപ്പോൾ 1951 നവംബർ 18-ന് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ മദർ തൈബൂസിന്റെ കല്ലറ തുറന്നു. ദ്രവിച്ചു പോകാതെ അവശേഷിച്ചിരുന്ന അസ്ഥികളും കുരിശും എല്ലാം ഒരു പേടകത്തിൽ ശേഖരിച്ച് ഇന്ന് കാണുന്ന പുതിയ സെമിത്തേരിയിൽ പുതുതായി നിർമ്മിച്ച പ്രത്യേക കല്ലറയിൽ മദർ ശൈനയുടെ കല്ലറയ്ക്കടുത്ത് വീണ്ടും സംസ്കരിക്കുകയുണ്ടായി.

ശാന്തമായ പെരുമാറ്റവും ലളിത ജീവിതവും സന്ന്യാസ നിഷ്ഠയും സ്നേഹപ്രകൃതവും മദർ തൈബൂസിന്റെ പ്രത്യേകതകളായിരുന്നു. ബഥനിക്കുവേണ്ടി നിത്യതയിൽ പിതാവിൻ പക്കൽ ആദ്യം എത്തിച്ചേർന്ന മദർ തൈബൂസിന്റെ ഓർമ്മ ബഥനിയിൽ നിലനിൽക്കും.

www.malankaralibrary.com



1991 ജനുവരി 10-ന് ദിവംഗതനായ
ബഹു.ഗീവറുഗീസിന്റെ മൃതശരീരം
ദൈവാലയത്തിൽ പൊതുദർശനത്തിന്
വച്ചിരിക്കുന്നു.



1967-ൽ നാലാഞ്ചിറ ബഥനി ആശ്രമാംഗങ്ങളോടൊപ്പം
ബഹു.ഗീവറുഗീസച്ചൻ (പിന്നിൽ നാലാമത്)



1991 ജനുവരി 11-ാം തീയതി
ബഹു.ഗീവറുഗീസച്ചന്റെ സംസ്കാര കർമ്മം

www.malankaralibrary.com

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**



മലങ്കര പുനരൈക്യ മഹാസംഭവത്തിന് ഒരു വർഷം മുമ്പ് പരിശുദ്ധ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട ബഥനി ആശ്രമാംഗമായ ബഹുമാനപ്പെട്ട ഗീവർഗീസ് മാമ്പഴക്കാട്ടിൽ അച്ചന്റെ ജീവചരിത്രമാണ് **പുനരൈക്യ പുരോഗാമി** എന്ന ഈ ഗ്രന്ഥം. സഭയെയും സാധുക്കളെയും സ്നേഹിച്ച മാമ്പഴക്കാട്ടിൽ അച്ചന്റെ ജീവചരിത്രം തയ്യാറാക്കിയ ജെയിംസ് മാമ്മൂട്ടിൽ അച്ചനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

**ഫാ. മത്തായി കടവിൽ ഒ.ഐ.സി.**
**ബഥനി സുപ്പീരിയർ ജനറൽ**



ബഥനിയുടെ ചരിത്രവഴിയിൽ നിർണായക സ്വാധീനം ചെലുത്തിയ വ്യക്തികളിൽ ഒരാളാണ് ഗീവർഗീസ് മാമ്പഴക്കാട്ടിൽ അച്ചൻ. ബഥനിയുടെയും മലങ്കര സഭയുടെയും പ്രാരംഭ വളർച്ചയിൽ ഏറെ സംഭാവനകൾ നൽകിയിട്ടുള്ള ഗീവർഗീസ് അച്ചനെകുറിച്ചുള്ള ഈ അനുസ്മരണ ഗ്രന്ഥം ബഥനിയെകുറിച്ചും മലങ്കര സുറിയാനി കത്തോലിക്കാ സഭയെക്കുറിച്ചും കൂടുതൽ അറിവ് നൽകുന്നു.

**ഫാ. മാത്യു തിരുവാലിൽ ഒ.ഐ.സി.**
**ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ**



ബഥനിയെയും മലങ്കര സഭയെയും ഹൃദയസ്പന്ദനമാക്കി ജീവിച്ച ബഥനിയുടെ ജ്യേഷ്ഠ സഹോദരൻ വലിയ ഗീവർഗീസ് അച്ചനെ കുറിച്ച് ബഹു. ജെയിംസ് മാമ്മൂട്ടിൽ അച്ചൻ **പുനരൈക്യ പുരോഗാമി** എന്ന ശീർഷകത്തിൽ രചിച്ച ഈ ഗ്രന്ഥത്തിന് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ. മലങ്കര സഭയെയും ബഥനിയെയും സ്നേഹിക്കുന്ന എല്ലാവർക്കും ഈ ഗ്രന്ഥം ഒരു വലിയ സമ്മാനം ആണ്.

**ഗ്രന്ഥകാരൻ**
**ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**



1952-ൽ പത്തനംതിട്ടയിൽ ജനിച്ചു. 1967ൽ ബഥനി ആശ്രമത്തിൽ പ്രവേശിച്ച് സന്യാസ വൈദിക പരിശീലനം പൂർത്തിയാക്കി, 1978 മെയ് 1-ന് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. കളത്തിപ്പടി, പെരുമ്പാവൂർ, പാണ്ടനാട്, തിരുവൻവണ്ടൂർ, നാലാഞ്ചിറ, ബോംബെ, ലുധിയാന, ജലന്ദർ ഇടവകയുടെ വികാരിയായി പ്രവർത്തിച്ചു. 1987-1992 കാലയളവിൽ പാരിസിൽ സാക്രമെന്റൽ തിയോളജി & എക്യുമെനിസത്തിൽ ഉപരിപഠനം നടത്തി. മലങ്കര സെമിനാരിയിലും പൂനായിലും എക്യുമെനിസം പ്രൊഫസറായി ശുശ്രൂഷ ചെയ്തു. ഇപ്പോൾ കുളപ്പട ശാന്തിഗിരി ബഥനി ആശ്രമ സുപ്പീര്യർ ആയി സേവനം ചെയ്യുന്നു.

B.P. 200
2023

BETHANY PUBLICATIONS
P.B. NO. 06, VADAVATHOOR P.O.
KOTTAYAM, KERALA 686010
PH. 0481-2578494

₹100